KNANAYADEEPAM

SINCE 1989

# ക്നാനായദീപം

Vol: 34 / Issue: 4 April 2023 ₹:10/-



# 10th Anniversary in Heaven

04-4-2023



Advt - O

# C.A. JACOB (MON)

## Thottunkal, Veliyanadu

**“മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ”**

Wife: Annamma Jacob (Kochumuttathu, Thuruthicadu)
Children: Kochurani, Sakku
Son in Law: Jobin(Pazhoor, Aythala)
Daughter in Law: Roona (Thekkemuriyil, Ranni)
Grand Children: Nihan, Hazel, Keira, Leira

*സന്തപ്ത കുടുംബാംഗങ്ങൾ*

# ക്നാനായ ദീപം

SINCE 1989

2023 ഏപ്രിൽ പുസ്തകം 34 ലക്കം 4

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം


## ഉള്ളടക്കം


എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 06
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

ഒന്നും സ്വന്തമല്ല 08
അമ്മാൾ രാജൻ പുളിമൂട്ടിൽ

ഫാമിലി ഡയറക്ടറേറ്റ് രജത ജൂബിലി 10
ഫാ. ഡോ. ജയിംസ് തോടത്തിൽ

നമ്മുടെ കുട്ടികൾ സന്തോഷമുള്ളവരാണോ? 15
സുനിൽ ഡി. കുരുവിള

വേട്ടക്കാരന് ഇരയാകാതിരിക്കുക 16
റ്റി.കെ. തോമസ് തൈക്കുറിഞ്ഞിയിൽ

കവിത 17
ഏലിക്കുട്ടി തോമസ്

ആത്മീയ നേട്ടവും... 17
ജെയ്നമ്മ മർക്കോസ് നടുവിലേപ്പറമ്പിൽ

ഈ അസ്ഥികൾ ജീവിക്കുമോ? 18
സീമ തോമസ് കന്നിയേൽ

വിദേശ പഠനവും കുടിയേറ്റവും 19
ഡോ. ബിനു സചിവോത്തമപുരം

മല്പാനോട് ചോദിക്കാം 22

23 ഏവൻഗേലിയോൻ ദീപം
ഫാ. നോബിൻ തോമസ്, ഇളകുറ്റൂർ

26 മലർവാടിക്കൂട്ടം, ബാലദീപം ക്വിസ്

35 മാതൃകാ കുടുംബജീവിതം
ഫാ. ഡോ. ജയിംസ് തോടത്തിൽ

38 കാൽപ്പാടുകൾ
എബി

39 കരുണ ചൊരിയണമേ പരമോന്നത
ലീലാമ്മ ചെറിയാൻ കാരയ്ക്കാട്ട്

40 മാട്രിമോണിയൽ

42 പിതാക്കന്മാരുടെ കല്ലറ....
ടോമി കുറിച്ചി


SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യൂആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ്പ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

ക്നാനായദീപം വരിസംഖ്യ കുടിശ്ശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം

മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.


**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
T. S. Mathukutty Thekkeparambil
E. P. Kuriakose Edavazhikkal
K. A. Thomas Komarathumparambil
Sibi Mathew Thondukuzhiyil
Anu Kurian Padakasseril

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
Abraham Kurian Kaipuzha
Benny Mathew Kariyil
P. A. Joseph Puthenpurackal
A. U. Kuriakose Ayikkara
Shino Joseph Kalloorthundiyil
Sibi Baby Thoppil

**Ex-officio Members**
Jacob Thomas Mattackattu
(Acting Trustee)

T. O. Abraham Thottathil
(Samudaya Secretary)

Visit www.
knanayadeepam.in

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176, 0481-2961213
Mob. 85475 84440
**9447563240**
E-mail:
**kna.deepam@gmail.com**


ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




കർത്താവിൽ പ്രിയരെ,

മാർച്ച് 8-ാം തീയതി അന്തർദേശീയ വനിതാദിനമാചരിച്ചിരിക്കുകയാണല്ലോ. ഇത്തരുണത്തിൽ സഭയിലും സമൂഹത്തിലും അഴിമതിയും അസത്യവും നടമാടുന്ന ഈ കാലത്ത് സ്ത്രീകൾ എന്തെങ്കിലും ചെയ്യേണ്ടതായിട്ടുണ്ടോ എന്ന് ചിന്തിക്കുന്നത് നല്ലതാണ്. സഭാ ഭരണത്തിലും മറ്റും സ്ത്രീകൾക്ക് കാര്യമായ പങ്കുവഹിക്കാനില്ലെങ്കിലും അവരുടെ ഏറ്റവും അടുത്ത കുടുംബാംഗങ്ങളിൽ ചിലരെങ്കിലും ഉന്നതമായ സ്ഥാനങ്ങളിൽ വിഹരിക്കുന്നവരായിരിക്കാം. യഥാസമയങ്ങളിൽ തെറ്റും ശരിയും അവർക്ക് മനസ്സിലാക്കിക്കൊടുക്കാൻ ഭാര്യ, അമ്മ, സഹോദരി, മക്കൾ എന്നീ നിലകളിൽ നിന്നുകൊണ്ട് സ്ത്രീകൾക്ക് സാധിക്കും. പുരുഷന്മാരായ സഭാ നേതൃത്വം ചെയ്യുന്നതെന്തും കണ്ണടച്ച് ശരിവയ്ക്കുകയോ അംഗീകരിക്കുകയോ അല്ലെങ്കിൽ നിഷ്ക്രിയത്വം ഭാവിക്കുകയോ ചെയ്യുന്നവരാണ് സ്ത്രീകളിൽ അധിക പങ്കും. തെറ്റു ചെയ്യാതിരിക്കുവാനും ശരി ചെയ്യുവാനും ബന്ധപ്പെട്ടവരെ സ്വാധീനിക്കുവാനും സ്ത്രീകൾക്ക് കഴിയണം. നമ്മുടെ സഭയിൽ മർത്തമറിയം വനിതാസമാജം പ്രവർത്തനമാരംഭിച്ചിട്ട് വളരെ വർഷങ്ങളായി. നമ്മുടെ വനിതകൾ പൂർണ്ണമായും അതിൽ സംബന്ധിക്കുന്ന കാര്യത്തിൽ വൈമുഖ്യം കാണിക്കുന്നത് ഖേദകരമാണ്. ഇന്നത്തെ സഭയുടെ പോക്ക് കണ്ടിട്ട് വനിതാസമാജാംഗങ്ങൾ എന്തു ചെയ്യുന്നു എന്ന് ചിന്തിച്ചിട്ട് അവരുടെ കഴിവുകൾ സഭാ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുവാൻ സന്നദ്ധരാകണം. വി.മത്തായിയുടെ സുവിശേഷം 27:19 ൽ നന്മയ്ക്കുവേണ്ടി വാദിക്കുന്ന ഒരു സ്ത്രീയെ കാണാം. ആ സ്ത്രീയുടെ നല്ല ഉദ്ദേശ്യം ലോകമുള്ള കാലത്തോളം പ്രശംസിക്കപ്പെടും. ആ നീതിമാന്റെ കാര്യത്തിൽ ഇടപെടരുത് എന്ന് പീലാത്തോസിനോട് ഭാര്യ ഉപദേശിക്കുന്നു. ആ ദൗത്യം വിജയിച്ചില്ല എങ്കിലും ആ സ്ത്രീയ്ക്ക് തന്നാൽ ആവുന്നതു ചെയ്തു എന്നു സമാധാനിക്കാം. കക്ഷി തിരിഞ്ഞുള്ള വഴക്കുകളും അതിനു നേതൃത്വം കൊടുക്കുന്ന സഭാ നേതാക്കന്മാരും, വൈദികരും, വൈദിക മേലദ്ധ്യക്ഷരും കാണിക്കുന്ന പ്രവർത്തികൾ കണ്ടിട്ട് മിണ്ടാതിരുന്നാൽ ദൈവം തന്റെ സഭയെ ശിക്ഷിക്കും. നിങ്ങളുടെ അവസ്ഥ എന്താകും എന്ന് ചിന്തിക്കുക. തുടർച്ചയായി എല്ലാ മാസത്തിലും പ്രബോധിപ്പിക്കുന്നുണ്ടെങ്കിലും പുരുഷന്മാരുടെ ഭാഗത്തു നിന്നും ഒരു ചലനവും ഇല്ലാത്തതിനാൽ മലങ്കരയിലുള്ള പരിശുദ്ധ സഭയ്ക്ക് ശാശ്വതമായ സമാധാനം ഉണ്ടാകേണ്ടതിന് മർത്തമറിയം സമാജാംഗങ്ങൾ ആത്മാർത്ഥമായി പ്രവർത്തിക്കണമേ എന്ന് അപേക്ഷിക്കുന്നു.

നന്മയ്ക്കുവേണ്ടി നീ നേർവഴിയിൽ നിന്നു ധർമ്മയുദ്ധം ചെയ്തു തോറ്റുപോയാൽ പോകട്ടെ ആ തോൽവി തന്നെ ജയമെന്നു ലോകർ അവസാനം സമ്മതിക്കും. ഇതു മനസ്സിലാക്കി നന്മയിൽ വിശ്വസിക്കുകയും അതിൽ നിലനിൽക്കുകയും നമുക്കുള്ളവരെ നന്മയിൽ നിലനിൽക്കാൻ പ്രബോധിപ്പിക്കുകയും ചെയ്യുവാൻ നാം പ്രതിജ്ഞാബദ്ധരായിരിക്കണം.

ആദിമ ക്രൈസ്തവ നേതാക്കന്മാർ പറയുന്നതും പഠിപ്പിക്കുന്നതും തങ്ങളുടെ ജീവിതത്തിൽ കാണിച്ചുകൊടുത്തുകൊണ്ട് യേശുക്രിസ്തുവിന്റെ ഉത്തമസാക്ഷികളായി വിളങ്ങിയപ്പോൾ സഭ വളരുവാൻ തുടങ്ങി. ദിനംതോറും വളർന്ന് ലോകമെമ്പാടും വർദ്ധിച്ചുവന്നു. എന്നാൽ ഇന്നത്തെ ക്രൈസ്തവ നേതൃത്വവും ക്രിസ്തീയ പ്രവർത്തനങ്ങളും ആദിമസഭയുമായി താരതമ്യം ചെയ്യുമ്പോൾ എന്ത് അന്തരമാണെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു.

നന്മയ്ക്കും വിശുദ്ധിയ്ക്കും, ദൈവത്തിനു പ്രസാദകരമായ ജീവിതത്തിനും ആയിരുന്നു ആദിമ ക്രൈസ്തവ സഭയിൽ പ്രാധാന്യം ഉണ്ടായിരുന്നതെങ്കിൽ ഇന്ന് അക്രൈസ്തവർപോലും ലജ്ജിക്കുന്ന തിന്മക്കും, അശുദ്ധിക്കും, അക്രമങ്ങൾക്കും യാതൊരു സങ്കോചവും കൂടാതെ മുന്നിട്ടിറങ്ങുന്നു. ഇവിടെ നമ്മുടെ സ്ത്രീകൾ ബന്ധപ്പെട്ടവരോട് നന്മയ്ക്കുവേണ്ടി വാദിക്കുന്നവരായിരിക്കണം. എന്തിനെയും കണ്ണടച്ച് അംഗീകരിക്കുന്നവരാകാതെ ശരിയായതിനുവേണ്ടി ശബ്ദമുയർത്താൻ ചുമതലപ്പെട്ടവരാണ്. ഒരമ്മയുടെ നല്ല ഉപദേശം, ഒരു ഭാര്യയുടെ നല്ല ആലോചന, ഒരു നല്ല മകളുടെ ആത്മത്യാഗം ഇതെല്ലാം കൂടി ഒത്തൊരുമിച്ചു പ്രവർത്തിച്ചാൽ മലങ്കര സഭയിലെ വഴക്കുകൾ അവസാനിക്കും. ശാശ്വത സമാധാനം ഉണ്ടാകും, സംശയമില്ല. കാനാവിലെ കല്യാണത്തിന്റെ കുറവു നികത്താൻ അപേക്ഷിച്ച അമ്മ, ഏലിശാ പ്രവാചകനുവേണ്ടി മാളികമുറി പണിയാൻ ഭർത്താവിനെ പ്രേരിപ്പിച്ച ശൂനേംകാരി, യിപ്താഹിന്റെ സത്യം നിറവേറ്റാൻ ആത്മത്യാഗം ചെയ്ത മകൾ ഇവരൊക്കെ നമ്മുടെ വനിതകളെ സ്വാധീനിക്കേണ്ട വ്യക്തികളാണ്. തെറ്റിനെതിരെ സ്ത്രീകൾ പ്രതികരിക്കുന്നുവെങ്കിൽ സഭയിൽ വലിയ വ്യതിയാനം ഉണ്ടാകും എന്നതിനു സംശയമില്ല. നമ്മുടെ സ്ത്രീകൾ അതിനുവേണ്ടി പരിശ്രമിച്ചെങ്കിൽ എന്ന് ആശിക്കുകയാണ്.

സഭയിൽ വിശ്വാസം നിലനിർത്തുന്നതിൽ ശ്രേഷ്ഠമായ ഒരു പങ്ക് വഹിക്കുന്നത് സ്ത്രീകളാണ്. നിരീശ്വരവാദം പഠിപ്പിച്ച റഷ്യയിൽ ഓർത്തഡോക്സ് വിശ്വാസം നിലനിർത്തിയതും അമ്മമാരാണ്. ഏറ്റവും പുരാതന വിശ്വാസവും, വേദപുസ്തകാധിഷ്ഠിത വിശ്വാസവും ഏറ്റവും നല്ല ആരാധനാരീതികളും, സാന്ത്വനപ്രവർത്തനങ്ങളും, കുടുംബജീവിത മാതൃകളും ഉയർന്ന സാന്മാർഗ്ഗിക മൂല്യങ്ങളും ഉള്ള ഓർത്തഡോക്സ് വിശ്വാസം ക്രിസ്തുകേന്ദ്രീകൃതമാണ്. ത്യാഗത്തിൽ അധിഷ്ഠിതമാണ്. ഒരിക്കലായി പിതാക്കന്മാർക്ക് ഭരമേല്പിക്കപ്പെട്ടതുമാണ്. ഈ ബോധത്തോടുകൂടി ഓരോ സ്ത്രീയും നിഷ്ഠയുള്ള മാതൃകാപരമായ ആരാധനാജീവിതം നയിക്കുക, ഉപവാസം, നോമ്പനുഷ്ഠാനങ്ങൾ, കുർബ്ബാനാനുഭവം, പള്ളിയാരാധനകൾ, ആദ്ധ്യാത്മിക സംഘങ്ങളിലെ പങ്കാളിത്തം ഇവ മൂലം തനിക്കു ലഭിക്കുന്ന സന്തോഷവും സമാധാനവും മറ്റുള്ളവരോട് പങ്കിട്ട് ഓർത്തഡോക്സ് ആദ്ധ്യാത്മിക ജീവിതത്തിന്റെ മഹത്വം മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കണം. വേദവിപരീത പ്രോട്ടസ്റ്റന്റ് സഭകൾ ഉന്നയിക്കുന്ന ആരോപണങ്ങളുടെ പൊള്ളത്തരങ്ങൾ ശരിയായ പരിജ്ഞാനം വഴി തുറന്നുകാട്ടി അവയെ ഖണ്ഡിക്കുവാൻ സ്ത്രീജനങ്ങളെ സജ്ജരാക്കുവാൻ കഴിയണം. അങ്ങനെ മുൻതലമുറക്കാർ കാണിച്ചുതന്ന നല്ല മാതൃക പിൻതുടർന്ന് ഉത്തമ വനിതകളായി പ്രകീർത്തിക്കപ്പെടുവാൻ നമ്മുടെ വനിതകൾക്ക് സംഗതിയാകട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട് നിർത്തുന്നു. ദൈവം അനുഗ്രഹിക്കട്ടെ.

എന്ന്

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



കർത്താവിൽ പ്രിയരെ,

2023 ലെ വലിയനോമ്പ് പിന്നിട്ട് അനുതാപത്തിന്റെ തിരി നമ്മുടെ ജീവിതത്തിൽ തെളിയിച്ച്, കുമ്പസാരത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട ജനമായിത്തീർന്നവരാണല്ലോ നാം. അതിന്റെ പ്രഖ്യാപനമാണല്ലോ നാം കർത്താവിന്റെ ഉയിർപ്പ് പെരുന്നാളിൽ നടത്തിയത്. 'സത്യമായിട്ട് താൻ ഉയിർത്തെഴുന്നേറ്റു എന്ന് ഞങ്ങൾ വിശ്വസിച്ച് ഏറ്റു പറയുന്നു' എന്നത് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട ആദവും ഹൗവ്വായും ദൈവകല്പനയെ ലംഘിച്ചതിലൂടെ പറുദീസായെ നഷ്ടപ്പെടുത്തിയെങ്കിൽ അത് വീണ്ടെടുക്കുവാനും മനുഷ്യനെ രക്ഷിക്കുവാനും തക്കവിധം വി. ത്രിത്വത്തിൽ രണ്ടാമനായ ക്രിസ്തു ലോകത്തിലേക്ക് മനുഷ്യനായി അവതരിച്ചു. തന്റെ ക്രൂശിലെ മരണത്താൽ നമ്മെ പൈശാചികനിൽനിന്ന് വീണ്ടെടുത്ത് ദൈവപുത്രനാക്കിത്തീർത്തുവല്ലോ. യേശുക്രിസ്തു ഈ ലോകത്തിൽ പിതാവായ ദൈവത്തിന്റെ ഹിതം നിറവേറ്റി മരിച്ച് അടക്കപ്പെട്ടു. എന്നാൽ ദൈവം യേശുവിനെ ഉയിർപ്പിച്ചു. ഉയിർപ്പിനുശേഷം നാല്പതാം ദിവസം യേശു സ്വർഗ്ഗാരോഹണം ചെയ്തു. സഭാമക്കളായ നാം യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനും രണ്ടാം വരവിനും ഇടയിലാണല്ലോ വസിക്കുന്നത്. സ്വർഗ്ഗാരോഹണം ചെയ്ത ക്രിസ്തുവിനെക്കുറിച്ചുള്ള മാലാഖമാരുടെ സാക്ഷ്യം അപ്പോ. പ്ര. 1:11 ൽ ഇങ്ങനെ രേഖപ്പെടുത്തിയിട്ടുണ്ടല്ലോ. ഗലീലാ പുരുഷന്മാരെ, നിങ്ങൾ ആകാശത്തിലേക്ക് നോക്കി നില്ക്കുന്നത് എന്ത്? നിങ്ങളെ വിട്ട് സ്വർഗ്ഗാരോഹണം ചെയ്ത ഈ യേശുവിനെ സ്വർഗ്ഗത്തിലേക്ക് പോകുന്നവനായി നിങ്ങൾ കണ്ടതുപോലെതന്നെ അവൻ വീണ്ടും വരും. ഈ ആഹ്വാനം നമ്മുടെ വിശ്വാസ ജീവിതത്തിൽ വലിയ ഉത്തരവാദിത്വത്തിലേക്കാണ് നയിക്കുന്നത്. കർത്താവ് വീണ്ടും വരുന്നവനാകയാൽ നമ്മുടെ ജീവിതത്തെ ദൈവഹിതത്തിനനുസരിച്ച് ക്രമീകരിക്കേണ്ടതുണ്ട്. നാമാകുന്ന വിശ്വാസികൾ വിശ്വാസത്തിലും, വിശുദ്ധിയിലും വളരേണ്ടതുണ്ട്. നമ്മുടെ വിശ്വാസ ജീവിതത്തിന്റെ പ്രത്യേകത നാം കർത്താവിൽ വസിക്കേണ്ടവരാണ് എന്നതാണ്. കർത്താവിനോടൊത്തുള്ള വാസം സദാ നമ്മെ വിശുദ്ധിയുടെ അനുഭവത്തിൽ ആയിരിക്കുവാൻ പ്രേരിപ്പിക്കുന്നു. സ്വർഗ്ഗാരോഹണപ്പെരുന്നാൾ മുതൽ പെന്തിക്കോസ്തിവരെയുള്ള പത്ത് ദിനങ്ങൾ കാത്തിരിപ്പിന്റെ ദിനങ്ങളാണല്ലോ. ആ ദിവസങ്ങളിൽ നാം പ്രാർത്ഥനയോടെ നമുക്ക് പരി. മാമ്മോദീസായിലൂടെ ലഭിച്ച പരിശുദ്ധാത്മാവിനെ ജ്വലിപ്പിക്കുവാൻ ഇടയാകണം. സ്വർഗ്ഗാരോഹണത്തിനു മുമ്പ് യേശുവിന്റെ കല്പനയായ 'നിങ്ങൾ യെരുശലേമിൽ നിന്ന് വാങ്ങിപ്പാകാതെ എന്നോടു കേട്ട പിതാവിന്റെ വാഗ്ദത്തിനായി കാത്തിരിക്കേണം' (അപ്പോ.പ്ര. 1:4) എന്ന കല്പന അനുസരിച്ച് പ്രാർത്ഥനയോടെ കാത്തിരുന്ന വി. ദൈവമാതാവും, ശിഷ്യന്മാരും അടങ്ങുന്ന വിശ്വാസ സമൂഹത്തിന് യേശുവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അവരെ നയിക്കുവാൻ പരിശുദ്ധാത്മാവ് എന്ന കാര്യസ്ഥനെ ലഭിച്ചത് നമ്മുടെയും വിശ്വാസ ജീവിതത്തെ നയിക്കുവാൻ ഇടയാകണം. നാമും പരിശുദ്ധാത്മാവിന്റെ ശക്തീകരണത്തിനായും, ജ്വലനത്തിനായും, ജാഗ്രതയോടെയും ധ്യാനത്തോടെയും ഈ ദിവസങ്ങളിൽ ആയിരിക്കുവാൻ ശ്രമിക്കണം.

നമ്മുടെ വിവിധ ഇടവകകളിൽ പെരുന്നാളിന്റെ ദിവസങ്ങൾ ആഗതമാകുകയാണല്ലോ. പെരുന്നാളുകൾ ഇടവക സമൂഹത്തിന്റെ ജീവിതത്തെ ഒന്ന് തിരിഞ്ഞ് നോക്കുവാനും പുന:പ്രതിഷ്ഠയോടെ ദൈവത്തിലേക്ക് സമർപ്പിക്കുവാനുമുള്ള ദിനങ്ങളാകേണ്ടതുണ്ട്. അതിലൂടെ മാത്രമെ നാം നടത്തുന്ന പെരുന്നാളുകൾ അർത്ഥവത്തായിത്തീരുകയുള്ളു എന്നത് നാം മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇടവകയുടെ കാവൽ പരിശുദ്ധനെ നാം അനുസ്മരിക്കുമ്പോൾ അവർ നമുക്ക് കാണിച്ച് നൽകിയ വിശ്വാസജീവിതം നമ്മുടെ ജീവിതത്തിൽ പിന്തുടരുവാൻ ഇടയാകണം. പെരുന്നാളുകൾ നമ്മെ വിശ്വാസ ജീവിതത്തിൽ കൂടുതൽ തീക്ഷ്ണതയുടെ അനുഭവത്തിലേക്ക് നയിക്കപ്പെടുവാൻ ഇടയാകണം.

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ സിറിയൻ കുടിയേറ്റ വാർഷികമായ സമാജം മെയ് 12 മുതൽ 14 വരെ കുറിച്ചി മോർ ഇഗ്നാത്തിയോസ് പള്ളിയിലാണല്ലോ ക്രമീകരിച്ചിരിക്കുന്നത്. ക്നാനായ കോൺഗ്രസ് ഭാരവാഹികളും ഇടവക ഭാരവാഹികളും ഇടവക അംഗങ്ങളും ചേർന്ന് ഈ ദിവസങ്ങളിലെ പ്രോഗ്രാമുകൾ ഏറ്റവും അനുഗ്രഹകരമാക്കുവാനുള്ള ശ്രമം നടന്നുകൊണ്ടിരിക്കുന്നു. ഈ ദിവസങ്ങൾ നമ്മുടെ കുടുംബ സംഗമമായി തീരുവാനും, സമുദായ അംഗങ്ങളുടെ കലാപരമായ കഴിവുകൾ വളർത്തപ്പെടുവാനും ഇടയാകട്ടെയെന്ന് പ്രാർത്ഥിക്കുന്നു. ഇതിന്റെ എല്ലാ പ്രവർത്തനങ്ങളിലും സമുദായത്തിലെ ആബാലവൃന്ദം ജനങ്ങളുമൊന്നു ചേർന്ന് സഹകരിക്കണമെ.

ക്നാനായ സമുദായവുമായി വളരെ ശ്രേഷ്ഠമായ ബന്ധം പുലർത്തിയിരുന്ന ചങ്ങനാശ്ശേരി അതിരൂപതയുടെ മുൻ ആർച്ച് ബിഷപ്പ് അഭി. പൗവ്വത്തിൽ പിതാവ് തന്നെ ദൈവം ഏല്പിച്ച ഉത്തരവാദിത്വങ്ങൾ പൂർത്തീകരിച്ച് ദൈവസന്നി

*(ശേഷം പേജ് 9-ൽ)*

# സമുദായ വാർത്തകൾ



റ്റി.ഒ. എബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

**പ്രിയപ്പെട്ട ക്നാനായ സമുദായ അംഗങ്ങളെ,**

50 ദിവസത്തെ പരി. വലിയ നോമ്പിന് ശേഷം ക്രിസ്തുവിന്റെ ഉയർത്തെഴുന്നേല്പിനെ അനുസ്മരിപ്പിക്കുന്ന ഉയിർപ്പ് ഞായറും കഴിഞ്ഞു പരി. നോമ്പു അനുഷ്ഠാനത്തിൽകൂടി നമുക്ക് ലഭിച്ച ദൈവീക ചൈതന്യം നമ്മുടെ വ്യക്തി ജീവിതത്തിലുള്ള ആത്മീയവും ലൗകികവുമായ പുരോഗതിയോടൊപ്പം സമാധാനത്തോടും സന്തോഷത്തോടും കൂടി ഒറ്റക്കെട്ടായി നമ്മുടെ സമുദായം മുന്നേറുന്നതിന് സഹായകമാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

മറ്റ് ക്രിസ്തീയ സമുദായങ്ങൾക്ക് ഇടയിൽ ജാതീയമായി നമ്മൾ വേർതിരിഞ്ഞ് ജീവിക്കുന്നവരാണ്. കാരണം നമ്മുടെ സ്വവംശ വിവാഹനിഷ്ഠയും ആചാര അനുഷ്ഠാനങ്ങളും വ്യത്യസ്തമാണല്ലോ. നമ്മളുടെ സമുദായത്തിലെ പ്രശ്നങ്ങൾ തീർന്ന് സമുദായം ഒറ്റക്കെട്ടായി പോകുന്നതിന് ക്നാനായ കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഞങ്ങളാൽ ആകുന്ന പ്രവർത്തനങ്ങൾ ചെയ്തുകൊണ്ടിരിക്കുകയാണ്.

ആയതിന്റെ ഭാഗമായി കഴിഞ്ഞ മാസം 16-ാം തീയതി ക്നാനായ കമ്മിറ്റി അംഗങ്ങൾ യാക്കോബായ സഭയുടെ മെത്രാപ്പോലീത്തൻ ട്രസ്റ്റി, അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് തിരുമേനിയെ (കൊച്ചി ഭദ്രാസനം) അദ്ദേഹത്തിന്റെ അരമനയിൽ പോയി സന്ദർശിച്ചു.

ക്നാനായ സമുദായ മെത്രാപ്പോലീത്തായെ യാക്കോബായ സഭയിൽ ക്ഷണിക്കാത്ത സാഹചര്യം. ഇപ്പോൾ ഉള്ള സംഭവവികാസങ്ങൾ, ക്നാനായ ഭരണഘടന നിലനിൽക്കേണ്ടതിന്റെ ആവശ്യകത, ക്നാനായ കമ്മിറ്റിയുടെ നിലപാട് ഉൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്തു.

ക്നാനായ സമുദായത്തിന്റെ ഉത്തരവാദിത്തപ്പെട്ട കമ്മിറ്റി എന്ന നിലയിലാണ് സന്ദർശനം നടത്തിയത്. ക്നാനായ കമ്മിറ്റി സമാധാന ചർച്ചയ്ക്ക് വേണ്ടി നടത്തിയ ശ്രമങ്ങൾ താഴെ കൊടുക്കുന്നു.

1. ലെബാനോനിൽ സമുദായ മെത്രാപ്പോലീത്തയും, സമുദായ സെക്രട്ടറിയും, സമുദായ ട്രസ്റ്റിയും അമേരിക്കയിൽ നിന്നുള്ള പ്രതിനിധികളും ഉൾപ്പെടെ പോയി ചർച്ച നടത്തി. ചർച്ചയിലെ പ്രധാന തീരുമാനമായിരുന്നു; സമുദായത്തിലെ സമാധാനത്തിനുവേണ്ടി അമേരിക്കയിലേയ്ക്ക് ഒരു കമ്മീഷനെ നിയമിക്കുകയും, മലങ്കരയിലേയ്ക്ക് ഒരു മെത്രാപ്പോലീത്തൻ ഡെലിഗേറ്റിനെ അയച്ച് ക്നാനായ കമ്മറ്റിയുമായും സമുദായ മെത്രാപ്പോലീത്തയുമായും മറ്റു മെത്രാപ്പോലീത്താമാരുമായും ചർച്ച ചെയ്തും ഒരു റിപ്പോർട്ട് ബാവായ്ക്ക് കൊടുക്കുകയും അത് വെച്ച് ഒരു കരട് തയ്യാറാക്കി വീണ്ടും സമുദായ മെത്രാപ്പോലീത്തയുമായും ക്നാനായ കമ്മിറ്റിയുമായും ചർച്ച ചെയ്തു ഭരണഘടനയ്ക്ക് വിധേയമായി ആവശ്യമെങ്കിൽ വീണ്ടും തിരുത്തൽ വരുത്തി അസ്സോസിയേഷനിൽവെച്ച് പാസ്സാക്കി ഒരു ശാശ്വത സമാധാനം ഉണ്ടാക്കാം എന്നും ആയിരുന്നു. എന്നാൽ അമേരിക്കയിൽ കമ്മീഷനെ വിട്ടു. കമ്മീഷൻ റിപ്പോർട്ട് ഇതുവരെയും പുറത്ത് വന്നിട്ടില്ല. മലങ്കരയിലേയ്ക്ക് ഇതുവരെ ഡെലിഗേറ്റ് വന്നിട്ടില്ല.

2. ഡെലിഗേറ്റിനെ വിടുന്നതിന് പകരം പരി. പാത്രിയർക്കീസ് ബാവായെ തെറ്റിദ്ധരിപ്പിച്ച് 15 നിർദ്ദേശങ്ങൾ അയപ്പിക്കുകയാണ് ഉണ്ടായത്. ആ നിർദ്ദേശങ്ങൾ ക്നാനായ കമ്മിറ്റി അസ്സോസിയേഷനിൽവച്ച് നിലവിലുള്ള ഭരണഘടനയ്ക്ക് അനുകൂലമായി ചെറിയ ഭേദഗതികളോടെ പാസ്സാക്കി. എന്നാൽ സഹായമെത്രാച്ചന്മാർ അത് അംഗീകരിച്ചിട്ടില്ല.

3. ക്നാനായ കമ്മിറ്റിയും, വൈദിക കൗൺസിലും ചേർന്ന് സഹായമെത്രാച്ചന്മാരെ സമുദായ ആസ്ഥാനത്തു ചർച്ചയ്ക്ക് വിളിച്ചു. മീറ്റിംഗിൽ വന്ന സഹായ മെത്രാച്ചന്മാർ പാത്രിയർക്കീസ് ബാവായുടെ 15 ഇന നിർദ്ദേശങ്ങളിൽ അവർ ചർച്ചയ്ക്ക് തയ്യാറല്ല എന്ന് അറിയിച്ചു. വൈദിക കൗൺസിലും ക്നാനായ കമ്മിറ്റിയും ഡ്രാഫ്റ്റ് ചെയ്ത നിർദ്ദേശങ്ങൾ ഒന്ന് തുറന്നു നോക്കാൻ പോലും അവർ തയ്യാറായില്ല. എന്നാൽ ഡ്രാഫ്റ്റ് പഠിച്ചശേഷം വേറൊരു ദിവസം ചർച്ച നടത്താം. അതിന്റെ ഡേറ്റ് ഇന്ന് തീരുമാനിക്കാം എന്ന് വൈദികർ കാലുപിടിച്ചു പറഞ്ഞിട്ടും അവർ അതിനു തയ്യാറായില്ല. അങ്ങനെ ആ ചർച്ചയും പരാജയപ്പെട്ടു.

4. ക്നാനായ കമ്മിറ്റി ഒരിക്കൽകൂടി സമാധാനശ്രമം എന്ന നിലയിൽ സമുദായ മെത്രാപ്പോലീത്തായെ കൊണ്ട് സഹായ മെത്രാച്ചന്മാർക്ക് ചർച്ചയ്ക്ക് വരണം എന്ന് കത്ത് അയപ്പിച്ചു. എന്നാൽ അവർ അതും നിരസിച്ചു. ചർച്ച നിർദ്ദേശിച്ചിരുന്ന ദിവസം രാവിലെ 'ഞങ്ങൾ വരുകയില്ലായെന്ന്' അറിയിച്ചു!

5. അഭി. തീമോത്തിയോസ് മെത്രാപ്പോലീത്തായും, സഹായമെത്രാച്ചന്മാരും, ക്നാനായ കമ്മിറ്റിയും ചർച്ച നടത്തി. അതും വിജയിച്ചില്ല.

6. വീണ്ടും ഇപ്പോൾ അഭി. ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്തായും ആയിട്ട് കൊച്ചിയിൽ ചർച്ച നടത്തി. അതിന്റെ ഫലവും എന്താകും എന്ന് അറിയില്ല.

ക്നാനായ കമ്മിറ്റി ചർച്ചയ്ക്കുവേണ്ടി എപ്പോഴും തയ്യാറാണെന്ന് സഹായ മെത്രാച്ചന്മാരെ നിരന്തരം അറിയിച്ചുകൊണ്ടിരിക്കുന്നു. അവർ അതിന് തയ്യാറാകുന്നില്ല. ചർച്ച നടത്തി ഒരു അനുരഞ്ജനത്തിൽ എത്തിയപ്പോൾ അത് ക്നാനായ അസോസ്സിയേഷൻ കൊണ്ടുവന്നു പാസ്സാക്കണം. അതാണ് ക്നാനായ സമുദായത്തിന്റെ ഭരണഘടനയിൽ പറഞ്ഞിരിക്കുന്നത്. ഭരണഘടന അനുസരിച്ച് പ്രശ്നങ്ങൾ പരിഹരിക്കുവാൻ സഹായ മെത്രാച്ചന്മാർ തയ്യാറായാൽ സമുദായത്തിലെ പ്രശ്നങ്ങൾ തീരും.

നമ്മുടെ സമുദായത്തിൽ ശാശ്വത സമാധാനം ഉണ്ടാക്കുവാൻ ക്നാനായ കമ്മിറ്റി അനുരഞ്ജനത്തിനായി നിരവധി തവണ ശ്രമിച്ചിട്ടുള്ളതാണ്. ഇപ്പോഴും ശ്രമിക്കുന്നുണ്ട്. അതിന്റെ ഭാഗമായിട്ടാണ് ഈ ചർച്ചയും നടത്തിയത്.

ക്നാനായ സമുദായത്തിൽ ശാശ്വത സമാധാനമുറപ്പാക്കാനും നമ്മുടെ പാരമ്പര്യവും, ഭരണഘടനയും, ഉൾഭരണ സ്വാതന്ത്ര്യവും, നില നിർത്താനും ക്നാനായ കമ്മിറ്റി പ്രതിജ്ഞാബദ്ധമാണ്. അതിനുവേണ്ടി എന്ത് ത്യാഗങ്ങളും സഹിക്കാൻ ഞങ്ങൾ തയ്യാറാണ്.

നമുക്ക് സ്വന്തമായി ഭരണഘടന ഉള്ളതുകൊണ്ട് മാത്രമാണ് ഇപ്പോഴത്തെ ഓർത്തഡോക്സ് യാക്കോബായ വഴ

ക്കും പള്ളിപിടിത്തവും ഒന്നും നമ്മളെ ബാധിക്കാത്തത്. സമുദായ ഭരണഘടനയും, ക്നാനായ പാരമ്പര്യങ്ങളും, ഉൾഭരണ സ്വാതന്ത്ര്യവും സംരക്ഷിക്കാൻ ക്നാനായ കമ്മിറ്റി ഏത് അറ്റം വരെയും പോകാൻ തയ്യാറാണെന്ന് എല്ലാവരെയും അറിയിക്കുന്നു. എല്ലാവരുടെയും പ്രാർത്ഥനയും, പിന്തുണയും ക്നാനായ കമ്മിറ്റിക്ക് ഉണ്ടാകണം എന്ന് ഒരിക്കൽക്കൂടി സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. പരി.പാത്രിയർക്കീസ് ബാവായുടെ ഒരു കല്പന സമുദായ മെത്രാപ്പോലീത്തായ്ക്ക് വന്നിട്ടുണ്ട്. 2023 ജൂൺ 6 മുതൽ 10 വരെ ലബനോനിൽ സിനഡ് കൂടുന്നുണ്ട്. അതിൽ ക്നാനായ സമുദായത്തിലെ നാലു മെത്രാന്മാരും പങ്കെടുക്കണം. ക്നാനായ സമുദായത്തിലെ വിഷയങ്ങൾ ചർച്ച ചെയ്യുവാനാണ് എന്നാണ് കല്പനയുടെ ചുരുക്കം.

പരി. ബാവായുടെ അനുരഞ്ജന ശ്രമത്തിൽ ക്നാനായ കമ്മിറ്റിക്ക് സന്തോഷം മാത്രമേയുള്ളു എന്നാൽ അത് ഫലപ്രാപ്തിയിൽ എത്തണമെങ്കിൽ ക്നാനായ അസ്സോസിയേഷൻ ആ അനുരഞ്ജന ഫോർമുല പാസ്സാക്കണം. അസ്സോസിയേഷൻ പാസ്സാക്കിയില്ലായെങ്കിൽ അത് വൃഥാശ്രമം ആയിരിക്കും അതിനുദാഹരണമാണ് 2013-ൽ അന്നത്തെ പരി. സഖാപ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സാന്നിധ്യത്തിൽ ഒരു എഗ്രിമെന്റ് ഉണ്ടാക്കി നാലു മെത്രാച്ചന്മാരും അന്നത്തെ സമുദായ സെക്രട്ടറിയും ട്രസ്റ്റിയും ആ എഗ്രിമെന്റിൽ ഒപ്പ് വെച്ചിരുന്നു. എന്നാൽ ക്നാനായ അസ്സോസിയേഷൻ അത് പാസ്സാക്കിയില്ല. അത് വൃഥാശ്രമം ആയിരുന്നു. പരി.ബാവ ഇടപെട്ട് സമാധാനം ഉണ്ടാകണമെങ്കിൽ 2019-ൽ ബാവായുടെ സാന്നിധ്യത്തിൽ എടുത്ത തീരുമാനം അനുസരിച്ച് ഒരു ഡെലിഗേറ്റിനെ അയച്ചു സമുദായത്തിലെ അസ്സോസിയേഷൻ അംഗങ്ങൾ, ക്നാനായ കമ്മിറ്റി അംഗങ്ങൾ, വൈദിക കൗൺസിൽ, സീനിയർ വൈദികർ, ഭക്ത സംഘടനകൾ, തുടങ്ങിയവരും ആയി തുറന്ന ചർച്ച നടത്തി ഒരു റിപ്പോർട്ട് ബാവായ്ക്ക് കൊടുത്തതിനുശേഷം ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരി. ബാവ മുൻകൈയെടുത്ത് ചർച്ച ചെയ്ത് ഒരു പരിഹാരം ഉണ്ടാക്കി. ആ ഫോർമുല ക്നാനായ അസ്സോസിയേഷനിൽ പാസ്സാക്കിയാൽ ശാശ്വത പരിഹാരം ഉണ്ടാകും എന്നാണ് ക്നാനായ കമ്മിറ്റിയുടെ അഭിപ്രായം. അല്ലാതെ വീണ്ടും വീണ്ടും തിരുമേനിമാരും പരി. ബാവായും തീരുമാനമെടുത്താൽ ഫലപ്രാപ്തിയിൽ എത്തണമെന്നില്ലാ. കാരണം സുപ്രീം കോടതി അംഗീകരിച്ച ഭരണഘടന ഉള്ളപ്പോൾ അതിന് വിപരീതമായി തീരുമാനം എടുക്കുവാൻ സാധിക്കില്ലല്ലോ.

1882 ൽ രൂപംകൊണ്ട ക്നാനായ ഭരണഘടന ഇന്ത്യയുടെ പരമോന്നത കോടതി അംഗീകരിച്ചതാണ്. അതിൽ വ്യക്തമായി എഴുതിയിട്ടുണ്ട്. ക്നാനായ സമുദായം മലങ്കര സഭയുടെ അവിഭാജ്യഘടകമാണ് എന്നാൽ 1934 ന് മുമ്പ് തന്നെ 1882 ലും 1912 ലും 1918 ലും ക്നാനായ സമുദായത്തിന് ഭരണഘടന നിലവിൽ ഉണ്ടായിരുന്നു. ആയതുകൊണ്ട് ഞങ്ങൾ അതിൽ ഇടപെടുന്നില്ല. ക്നാനായ ഭരണഘടന എന്ന് ദുർബലമാകുന്നുവോ അന്ന് ക്നാനായ സമുദായം 1934 ലെ ഭരണഘടനയിൽ ഉൾപ്പെടും എന്ന് വ്യക്തമായി സുപ്രീംകോടതി രേഖപ്പെടുത്തിയിരിക്കുന്നു.

പ്രിയപ്പെട്ടവരേ, കൊടുങ്ങല്ലൂർ ക്നാനായ പൈതൃക സ്മാരകത്തിൽ കഴിഞ്ഞ മാർച്ച് 26 -ാം തീയതി (36-ാം ഞായറാഴ്ച) ക്നായി തൊമ്മൻ ദുഖ്റോനോ ദിനം ആചരിച്ചു. റവ. ഫാ. സാജൻ സി. അലക്സ് വിശുദ്ധ കുർബ്ബാന അർപ്പിച്ചതിനുശേഷം ക്നായിതൊമ്മൻ അനുസ്മരണ സമ്മേളനം ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. വേൾഡ് മലയാളി കൗൺസിൽ ചെയർമാൻ ജോണി കുരുവിള അദ്ധ്യക്ഷത വഹിച്ചു. വിവിധ രാജ്യങ്ങളിൽ നിന്നുമുള്ള 200 ൽ പരം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. സാധുക്കളായ ആളുകൾക്ക് ഭവനം നിർമ്മിക്കുന്നതിനും നിർധനരായ രോഗികൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുമുള്ള പദ്ധതിയുടെ രൂപ രേഖയും ക്നായിതൊമ്മൻ അനുസ്മരണ സമ്മേളനത്തിൽ പാസ്സാക്കി.

സമുദായ ട്രസ്റ്റി തോമസുകുട്ടി മറ്റക്കാട്ട്, അഡ്വക്കേറ്റ് സന്ദീപ് ഏബ്രഹാം താമരപ്പള്ളി, മജു പുത്തൻപറമ്പിൽ, കുറിയാക്കോസ് ഇടവഴിക്കൽ, പീറ്റർ പള്ളിക്കുന്നേൽ, റ്റിബിൻ പുളിന്തോട്ടിയിൽ. തമ്പാൻ തോമസ് കോളഭാഗത്ത്, ജോണി കുരുവിള, ഫാ. സാജൻ സി. അലക്സ്, സാബു കണ്ണാട്ടിപുഴയിൽ എന്നിവർ പ്രസംഗിച്ചു.

തോട്ടക്കാട് പണിതുകൊണ്ടിരിക്കുന്ന സേവേറിയോസ് ക്നാനായ കോളേജ് കെട്ടിടത്തിന്റെ പണി വളരെ ദ്രുതഗതിയിൽ നടന്നുകൊണ്ടിരിക്കുകയാണ്. ഈ സമുച്ചയം ഒരു നോളജ് വില്ലേജ് ആക്കുവാൻ നമുക്ക് കഴിയും. വിവിധങ്ങളായ പല കോഴ്സുകളും ഇവിടെ തുടങ്ങുവാൻ സാധിക്കും. ആയതിനുവേണ്ടിയാണ് ക്നാനായ മാനേജിംഗ് കമ്മിറ്റി പരിശ്രമിക്കുന്നത്.

ആർട്സ് കോളേജ് തുടങ്ങുന്നതിനു അനുവാദം ലഭിച്ചിട്ടുണ്ട്. എന്നാൽ കുറച്ചധികം കുട്ടികൾക്ക് കൂടി പ്രയോജനം ലഭിക്കുന്നതിനുവേണ്ടി ഇപ്പോൾ പണിതു കൊണ്ടിരിക്കുന്ന കെട്ടിടത്തിൽ B.Sc. നേഴ്സിംഗ് കോഴ്സും അനുബന്ധ പാരാമെഡിക്കൽ കോഴ്സുകളായ Physiotherapy, Audiology & Speech therapy, Respiratory Therapy തുടങ്ങിയവ തുടങ്ങുന്നതിനുവേണ്ടി ബഹുമാനപ്പെട്ട കേരള ഗവൺ മെന്റിന്റെ അനുവാദത്തിനുവേണ്ടി അപേക്ഷ കൊടുത്തിരുന്നു. കഴിഞ്ഞ മാസം കേരള ഗവൺമെന്റ് നിർദ്ദേശ പ്രകാരം, കോട്ടയം മെഡിക്കൽ കോളേജിലെ നേഴ്സിംഗ് കോളേജ് പ്രിൻസിപ്പൽ, പ്രൊഫസർ തുടങ്ങിയവർ കോളേജ് കെട്ടിടം സന്ദർശിച്ചു.

കെട്ടിടം പൂർത്തിയാക്കുന്നതിനു മുമ്പ് താൽക്കാലികമായി ക്ലാസ്സുകൾ ആരംഭിക്കുന്നതിന് കുറിച്ചിയിൽ ഉള്ള സമുദായ വക കെട്ടിടവും, നേഴ്സിംഗ് കോളേജിലെ കുട്ടികൾക്ക് ക്ലിനിക്കൽ പോസ്റ്റിംഗ് കൊടുക്കുന്നുവേണ്ടി ക്രമീകരിച്ചിരിക്കുന്ന തിരുവല്ലാ ബിലിവേഴ്സ് ഹോസ്പിറ്റലിലും, സമുദായംവക കോട്ടയത്തുള്ള കാനാതോമാ ഹോസ്റ്റലും മെഡിക്കൽ കോളേജ് ടീം സന്ദർശിച്ചു.

കുറിച്ചിയിലെ സമുദായംവക കെട്ടിടം മുകളിൽ പറഞ്ഞിരിക്കുന്ന കോഴ്സുകൾ താൽക്കാലികമായി ആരംഭിക്കുന്നതിന് പര്യാപ്തമാക്കുന്നതിന് ഇൻസ്പെക്ഷൻ ടീം ആശങ്ക പ്രകടിപ്പിച്ചു കൊണ്ടിരിക്കുന്നു. എത്രയും പെട്ടെന്ന് തോട്ടയ്ക്കാട് കോളേജ് കെട്ടിടം പൂർത്തീകരിക്കേണ്ടതായിട്ടുണ്ട്.

ഇപ്പോൾ നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം പൂർത്തീകരിക്കുന്നതോടൊപ്പം ഇനിയും ഒരു ഹോസ്റ്റൽ ബ്ലോക്ക്, കാന്റീൻ ബ്ലോക്ക്, സെക്യൂരിറ്റി ക്യാബിൻ ഉൾപ്പെടെയുള്ള ഗേറ്റ്, റോഡ് ടാറിങ്ങ്, കോമ്പൗണ്ട് വോൾ, തുടങ്ങിയവ പൂർത്തികരിക്കേണ്ടായിട്ടുണ്ട്. കോളേജ് ആരംഭിച്ചാൽ അത് സമുദാത്തിന് വലിയ മുതൽകൂട്ട് തന്നെ ആയിരിക്കും. കെട്ടിട സമുച്ചയ പൂർത്തീകരണത്തിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്നു. എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും അഭ്യർത്ഥിക്കുന്നു.

സീറോ മലബാർ സഭയിലെ സീനീയർ ബിഷപ്പും ചങ്ങനാശ്ശേരി അതിരൂപത മുൻ ആർച്ച് ബിഷപ്പുമായ മോർ

*(ശേഷം പേജ് 9-ൽ)*

# ഒന്നും സ്വന്തമല്ല

അമ്മാൾ രാജൻ, പുളിമൂട്ടിൽ, സീതത്തോട്

അപ്പൻ പ്രായമായപ്പോൾ മക്കൾക്കുവേണ്ടി തന്റെ സ്വത്ത് രണ്ടായി വിഭജിച്ചപ്പോൾ മക്കൾ തമ്മിൽ കൂടുതൽ കുറവു പറഞ്ഞ് തർക്കമായി. തർക്കം ആകെ അതിരു കടക്കുവാൻ തുടങ്ങുന്നു എന്നു കണ്ടപ്പോൾ അപ്പൻ മക്കളോടു പറഞ്ഞു നിങ്ങൾ എന്റെകൂടെ വാ. ഞാൻ അമൂല്യനിധി കാണിച്ചു തരാം. നിങ്ങൾക്കിഷ്ടമുള്ള ആർക്കെങ്കിലും ആ നിധി കൈക്കലാക്കാം എന്നു പറഞ്ഞു. അങ്ങനെ അവർ ദൂരെയാത്ര ചെയ്ത് ഒരു സ്ഥലത്ത് എത്തി. അവിടെ വലിയ ഒരു ബംഗ്ലാവ് കാണിച്ചു അതു തുറന്നു നോക്കിയപ്പോൾ അതിന്റെ ഉള്ളിൽ കുറെ പ്രാവുകളും ചീവീടുകളും മാത്രം. അപ്പൻ മാറിനിന്നു കരയുന്നതുകണ്ട് കാര്യമന്വേഷിച്ചു. അപ്പൻ പറഞ്ഞു മക്കളെ നിങ്ങൾക്കറിയാമോ ഞാനും എന്റെ സഹോദരനും വഴക്കിട്ടത് ഈ വീടിനുവേണ്ടി ആയിരുന്നു. അവസാനം ഈ വീട് ഞാൻ കൈവശപ്പെടുത്തി. എന്റെ സഹോദരൻ കണ്ണെത്താത്ത ദൂരത്തിൽ എവിടെയോ പോയി. നിങ്ങൾ ജനിച്ചത് ഇവിടെയാണ്. പിന്നീട് നമുക്ക് ഈ വീടു ഉപേക്ഷിക്കേണ്ടി വന്നു. ഞാൻ അന്ന് വഴക്കുണ്ടാക്കി ഈ വീടു കൈവശപ്പെടുത്തിയില്ലായിരുന്നെങ്കിൽ എന്റെ സഹോദരൻ എന്റെ കൂടെ ഉണ്ടായിരുന്നേനേ. ഞാൻ വഴക്കടിച്ചു നേടിയെടുത്ത വീട് മനുഷ്യവാസം ഇല്ലാത്തതായി. ഈ കാണുന്നതൊന്നും ആർക്കും എക്കാലവും സ്വന്തമല്ല. പ്രായപൂർത്തി ആയതിനുശേഷവും പ്രായാധിക്യം ആകുന്നതിനുമുൻപുള്ളതുമായ കുറച്ചുവർഷങ്ങൾ നമുക്ക് ഉപയോഗിച്ചു മടങ്ങാം. വീതം വച്ചും വെട്ടിപ്പിടിച്ചും സ്വന്തമാക്കാനുള്ള ആഗ്രഹം യാത്രചെയ്യുമ്പോൾ ബസിലെ സീറ്റു പിടിക്കുന്നതുപോലെയാണ്. നാം ആ സീറ്റിൽ ഇരിക്കുന്നതിനു മുമ്പും ഇറങ്ങിയതിനുശേഷവും അവിടെ വേറെ ഒരാളുണ്ടാകുമെന്നുള്ള ബോധം നമുക്കുണ്ടെങ്കിൽ ആരും ഒന്നിനു വേണ്ടിയും പിടിവാശി എടുക്കുകയില്ല. സമ്പത്തിന്റെയും സ്ഥാനമാനങ്ങളുടെയും ഒക്കെ കാലാവധി ഒരു നിശ്ചിത സമയംകൊണ്ട് അവസാനിക്കുന്നതാണല്ലോ. എന്നിട്ടും അതിനുവേണ്ടി ആത്മീയ തലങ്ങളിൽ പോലും ഒട്ടും വിട്ടു കൊടുക്കാൻ തയ്യാറാകാതെ തമ്മിൽ കലഹിക്കുമ്പോൾ ഒന്നോർക്കുക, നാം മൂല്യം കല്പിക്കേണ്ടത് സൗഹൃദവും വിനയവും സമാധാനവും സമ്പർക്കവുമൊക്കെയാണ്. ഒരു കാര്യം നേടിയെടുക്കുമ്പോൾ ആ നേട്ടത്തിനു വേണ്ടി വേറെ എന്തിനൊക്കെയോ നഷ്ടം വരുകയാണ് എന്നുള്ള കാര്യം കൂടി കണക്കിലെടുത്തുവേണം നേട്ടത്തിന്റെ വലുപ്പം അളക്കാൻ. കാലം മാറുന്നതിനുസരിച്ചു നമ്മുടെ താല്പര്യങ്ങളും മാറിക്കൊണ്ടിരിക്കും. അപ്പോഴും ഒരിക്കലും മാറാതെ നില്ക്കുന്ന കുറെ ബന്ധങ്ങൾ നമുക്കുണ്ടാകണം. ഒരിക്കലും നഷ്ടപ്പെടരുതേ എന്നുള്ളത് നഷ്ടപ്പെടുത്തി താല്കാലിക സുഖങ്ങളിൽ കണ്ണും മനസ്സും ഉടക്കി ജീവിതം പാഴാക്കുന്നതാണ് ഏറ്റവും വലിയ കുറ്റബോധമായി കാണേണ്ടത്. അല്ലെങ്കിൽ നാം സ്വരൂപിച്ചതെല്ലാം പിന്നീട് പ്രേതാലയങ്ങളിലായി മാറും. ആകസ്മിക അപകടങ്ങളുടെ സാധ്യത ലോകത്തിലുള്ള എല്ലാ മനുഷ്യരുടെയും മുന്നിൽ ഒരുപോലെയാണ്. നമ്മുടെ പണത്തിനോ പദവിയ്ക്കോ ബഹുമതിയ്ക്കോ തടഞ്ഞു നിർത്താൻ കഴിയാത്ത അനർത്ഥങ്ങൾ മുഖപക്ഷമില്ലാതെ ആരെ വേണമെങ്കിലും ബാധിക്കുന്നതാണെന്നുള്ള ബോധം മനസ്സിലാക്കികൊണ്ട് ഈ നോമ്പുകാലങ്ങളിൽ ജീവിതത്തെ ഒന്നു പുതുക്കുവാൻ ശ്രമിച്ചു നോക്കാം.



മൺമയമാം ഈ ഉലകിൽ കാൺമതുമായ
വൻമഹിമ ധനസുഖങ്ങൾ സകലതുംമായ

“ഉപ്പു നല്ലതുതന്നെ, ഉപ്പു കാരമില്ലാതെപോയാലോ എന്തൊന്നിനാൽ അതിനു രസംവരുത്തും? നിങ്ങളിൽ തന്നെ ഉപ്പുള്ളവരും അന്യോന്യം സമാധാനം ഉള്ളവരും ആയിരിപ്പീൻ (മർക്കോ. 9:49).

# 1678-ാം സിറിയൻ ക്നാനായ വാർഷികസംഗമം 2023 മെയ് 12,13,14 തീയതികളിൽ സ്വാഗതസംഘം രൂപീകരിച്ചു

ക്നാനായ കോൺഗ്രസിന്റെ ആഭിമുഖ്യത്തിൽ 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമം 2023 മെയ് 12,13,14 തീയതികളിൽ കുറിച്ചി മാർ ഇഗ്നാത്തിയോസ് (തകിടി പള്ളി) പള്ളിയിൽ നടത്തപ്പെടുകയാണ്. ആയതിന്റെ സ്വാഗതസംഘ രൂപീകരണ യോഗം 12-03-2023 ഞായറാഴ്ച പ്രസിഡന്റ്, ഫാ.ജേക്കബ് കല്ലുകുളത്തിന്റെ അദ്ധ്യക്ഷതയിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു. അനീഷ് തകിടിയിൽ (ട്രഷറർ), പള്ളി ട്രസ്റ്റി എ. കെ. തോമസ് പടിഞ്ഞാറേതിൽ, പള്ളി സെക്രട്ടറി മോൻ കണ്ണാട്ട്പറമ്പ്, സജി താന്നിക്കൽ, ജയ്മോൻ മേപ്രത്ത്, ബിനു കല്ലേമണ്ണിൽ, ബിബിൻ കല്ലംപറമ്പിൽ, സുമിത്ത് മാക്കോത്തറ, ജൂബി കൊല്ലംപറമ്പിൽ, ജോബി കാരിക്കോട്ട്, അനു പാടകശ്ശേരിൽ എന്നിവർ പ്രസംഗിച്ചു. സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി രക്ഷാധികാരിയും അഭി. കുറിയാക്കോസ് മോർ ഗ്രീഗോറിയോസ്, അഭി.കുറിയാക്കോസ് മോർ ഈവാനിയോസ്, അഭി. അയുബ് മോർ സിൽവാനോസ് എന്നിവർ ഉപരക്ഷാധികാരിമാരും, ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷനായും, ബിജുമോൻ ചാക്കോ തേൻപാറയിൽ ജനറൽ കൺവീനറായും, തോമസ് ജേക്കബ് കണ്ണാട്ടുപറമ്പിൽ, തോമസ് പടിഞ്ഞാറേതിൽ ജോയിന്റ് കൺവീനർമാരായും 201 അംഗ സ്വാഗതസംഘം രൂപീകരിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

കെ.കെ.ചാക്കോ കൊച്ചുപുരയ്ക്കൽ, ബിനോ കുറിയാക്കോസ് കരിമ്പന്നൂർ, സജി സ്ക്കറിയ കരിമ്പന്നൂർ, എൽസി രാജു കൊച്ചിടശ്ശേരിൽ, റെജിമോൻ പ്ലാംപറമ്പിൽ, ആലീസ് ഏബ്രഹാം കാരിയിൽ, റ്റിജു പുന്നൂസ് വേലംകടവിൽ, ജയിംസ് ഐരൂർ, ജോബി വേലംകടവിൽ, ജിത്തു സജി ചക്കാലയിൽ എന്നിവർ കൺവീനർമാരായും, രാജൻ കുര്യൻ തൈപ്പറമ്പിൽ, ഷാജി ജോസഫ് ഇടത്തുവീട്ടിൽ, എൽദോ പഴയകളം, ഓമന സാബു മടത്തിപ്പറമ്പിൽ, തമ്പി മുക്കാട്ട്, പ്രിയ തോമസ് കണ്ണാട്ടുപറമ്പിൽ, ബാവിൻ ജിബി കാരിക്കോട്ട് എന്നിവർ ഉപകൺവീനർമാരായും വിവിധ കമ്മിറ്റികൾ പ്രവർത്തനം ആരംഭിച്ചിരിക്കുന്നു.

ആഗോള ക്നാനായ അതിഭദ്രാസനത്തിന്റെ മാമാങ്കമായ സിറിയൻ ക്നാനായ വാർഷിക സംഗമത്തിന് എല്ലാവരുടെയും സജീവമായ സാന്നിദ്ധ്യ സഹായ സഹകരണവും പങ്കാളിത്തവും അഭ്യർത്ഥിക്കുന്നു.

## മെത്രാപ്പോലീത്തായുടെ സന്ദേശം

(പേജ് 5 തുടർച്ച)

ധിയിലേക്ക് വാങ്ങിപ്പോയല്ലോ. എക്യൂമെനിക്കൽ രംഗങ്ങളിൽ പിതാവിന്റെ സാന്നിദ്ധ്യവും വാക്കുകളും ഏറെ അനുഗ്രഹിക്കപ്പെട്ടതായിരുന്നു. നമ്മുടെ സമുദായത്തിന്റെയും, ഇടവകകളുടെയും അനേക പ്രോഗ്രാമുകളിൽ പിതാവ് മുഖ്യാതിഥിയായി പങ്കെടുത്തിട്ടുള്ളത് നന്ദിയോടെ സ്മരിക്കട്ടെ. പിതാവിന്റെ വേർപാടിൽ ക്നാനായ അതിഭദ്രാസനത്തിനുള്ള അനുശോചനം രേഖപ്പെടുത്തട്ടെ.

ഈസ്റ്ററിന്റെ എല്ലാം മംഗളാശംസകളും ഏവർക്കും നേർന്നുകൊണ്ട് നിർത്തട്ടെ.

കർത്തൃ ശുശ്രൂഷയിൽ നിങ്ങളുടെ

**സേവേറിയോസ് കുറിയാക്കോസ്**
**(സമുദായ മെത്രാപ്പോലീത്ത)**

# ക്നാനായ കോൺഗ്രസ് ക്നായിതോമാ അനുസ്മരണം നടത്തി

ഭാരത ക്രൈസ്തവ ചരിത്രത്തിലെ തിളക്കമുള്ള മുത്താണ് ക്നായിതോമാ എന്ന ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ്. കേരളത്തിന്റെ സാംസ്ക്കാരിക രംഗത്തും സാമ്പത്തിക രംഗത്തും വാണിജ്യ രംഗത്തും വിശ്വാസപരമായ വിഷയങ്ങളിലും വഴിത്തിരിവ് ഉണ്ടാക്കിയ സിറിയൻ കുടിയേറ്റത്തിന് നായകത്വം വഹിച്ച ക്നായിതോമാ, ദീർഘവീക്ഷണമുള്ള ക്രാന്തദർശിയായ ഒരു നല്ല നേതാവായിരുന്നു എന്ന് മോർ സേവേറിയോസ് തിരുമേനി പറയുകയുണ്ടായി. ക്നാനായ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച ക്നായിതോമാ അനുസ്മരണം കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു മാർ സേവേറിയോസ്. ക്നാനായ കോൺഗ്രസ് പ്രസിഡന്റ് ഫാ. ജേക്കബ് കല്ലുകുളം അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ട്രസ്റ്റി അനീഷ് റ്റി. സി. തകിടിയിൽ, ജോബി കാരിക്കോട്ട്, ജനറൽ കൺവീനർ ബിജുമോൻ ചാക്കോ തേമ്പാറയിൽ, എ. കെ. തോമസ് പടിഞ്ഞാറേതിൽ, അനീഷ് കയ്യത്ര, തോമസ് ജേക്കബ് കണ്ണാട്ടുപറമ്പ്, അനു പാടകശ്ശേരിൽ, രഞ്ചു കളക്കാട്ട് എന്നിവർ പ്രസംഗിച്ചു. 1678-ാമത് സിറിയൻ ക്നാനായ വാർഷിക സംഗമത്തിന്റെ ഫണ്ട് ഉദ്ഘാടനം സാജൻ സി. ആൻഡ്രൂസ് ചക്കാലയിൽ (Sajco) യിൽ നിന്ന് ആദ്യ സംഭാവന സ്വീകരിച്ചുകൊണ്ട് സമുദായമെത്രാപ്പോലീത്ത നിർവ്വഹിച്ചു.

## സമുദായ വാർത്തകൾ

(പേജ് 7 തുടർച്ച)

ജോസഫ് പവ്വത്തിൽ പിതാവിന്റെ വേർപാടിൽ ക്നാനായ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയും സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ, ട്രസ്റ്റി തോമസ്കുട്ടി മറ്റക്കാട്ട് സമുദായത്തിലെ വൈദിക ശ്രേഷ്ഠരും ചേർന്ന് ആദരാഞ്ജലികൾ അർപ്പിച്ചു.

മലങ്കര സുറിയാനി ക്നാനായ സമുദായവുമായി വളരെ നല്ല ബന്ധത്തിൽ സഹവർത്തിച്ചിരുന്നു ആ പിതാവ്. കേരളത്തിലെ ക്രൈസ്തവ സഭകൾക്ക് ആ പിതാവിന്റെ നിര്യാണം ഒരു തീരാ നഷ്ടമാണ്. പൗവ്വത്തിൽ പിതാവിന്റെ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി പ്രാർത്ഥിക്കുന്നു. ചങ്ങനാശ്ശേരി രൂപതയുടെ ദുഃഖത്തിൽ ക്നാനായ സമുദായവും പങ്കു ചേരുന്നു.

ക്നാനായ സമുദായ മാനേജിംഗ് കമ്മറ്റിക്കുവേണ്ടി
സമുദായ സെക്രട്ടറി,
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**

# ക്നാനായ ഫാമിലി ഡയറക്ട്റേറ്റ് രജതജൂബിലിയുടെ നിറവിൽ

ഫാ. ഡോ. ജയിംസ് തോടത്തിൽ
(ഡയറക്ടർ ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

ക്നാനായ സമുദായ മെത്രാപ്പോലീത്ത കാലം ചെയ്ത അഭിവന്ദ്യനായ ഏബ്രഹാം മോർ ക്ലീമ്മീസ് തിരുമേനിയുടെ 17/1998 നമ്പർ കല്പനയിലൂടെ 1998 മെയ് 7–ാം തീയതി ആരംഭിച്ച ക്നാനായ ഫാമിലി ഡയറക്ടറേറ്റ് 25 വർഷം പൂർത്തീകരിച്ച് രജതജൂബിലി ആഘോഷങ്ങളിലേയ്ക്ക് എത്തിച്ചേർന്നിരിക്കുന്നു. ദൈവത്തിന്റെ മഹാകരുണയാൽ ഏകദേശം 12000 യുവതിയുവാക്കൾ ഈ പ്രസ്ഥാനത്തിന്റെ ഗുണഭോക്താക്കളായിട്ടുണ്ട്. കുടുംബത്തിന്റെ സമഗ്രമായ വളർച്ചയിലൂടെ മാത്രമെ സമുദായത്തിന് വളരുവാൻ കഴിയൂ എന്ന ദീർഘവീക്ഷണത്തിന്റെ ഫലമാണ് ഈ പ്രസ്ഥാനം. Pre-Marital counselling ആണ് ഈ പ്രസ്ഥാനത്തിന്റെ പ്രധാന സേവനം. വിവാഹജീവിതത്തിലേയ്ക്ക് പ്രവേശിക്കുന്ന യൗവ്വനക്കാരെ വിവാഹത്തിലെ ദൈവവിളിയും വിവാഹം എന്ന കൂദാശയുടെ മഹത്വവും വിവാഹിതരുടെ ധർമ്മവും ബോധ്യപ്പെടുത്തുവാൻ ഈ സെമിനാറിലൂടെ സാധിക്കുന്നുണ്ട്.

ഈ പ്രസ്ഥാനത്തിന്റെ സ്ഥാപക ഭാരവാഹികളെ നന്ദിയോടെ മാത്രമെ സ്മരിക്കുവാൻ കഴിയൂ. സ്ഥാപക ഡയറക്ടറായ ആഞ്ഞിലിമൂട്ടിൽ എ.പി.ജേക്കബ് അച്ചൻ, സ്ഥാപക സെക്രട്ടറിയായിരുന്ന കുളമടയിൽ രാജൻ ഏബ്രഹാം അച്ചൻ, സ്ഥാപക ജോയിന്റ് ഡയറക്ടറായിരുന്ന കുരിശുംചുവട്ടിൽ കെ.ഒ. ഏബ്രഹാം എന്നിവരോടൊപ്പം വലിയവീട്ടിൽ ജോൺ തോമസ് കശ്ശീശാ, പാട്ടപ്പറമ്പിൽ സി. കുര്യൻ കശ്ശീശാ എന്നിവരുടെ അശാന്തപരിശ്രമത്തിന്റെ ഫലമാണ് ക്നാനായ ഫാമിലി ഡയറക്ടറേറ്റ്. മലേച്ചേരിൽ ഡോ. തോമസ് ഏബ്രഹാം അച്ചൻ ഇതിന്റെ സെക്രട്ടറി യായും ഡയറക്ടറായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പുത്തൻപുരയ്ക്കൽ ഷാജി ജേക്കബ് അച്ചൻ ഇതിന്റെ സെക്രട്ടറി ആയിരുന്നിട്ടുണ്ട്. ഇപ്പോൾ ഡയറക്ടറായി ബലഹീനനായ ഞാനും സെക്രട്ടറി ആയി. ബഹു. ജിജി പുന്നൂസ് പുത്തൻപുരയ്ക്കൽ അച്ചനും ശുശ്രൂഷ ചെയ്തു വരുന്നു. ഓഫീസ് സെക്രട്ടറിയായി പ്ലാന്തോട്ടത്തിൽ ശ്രീ.പി.സി. ഏബ്രഹാം സ്തുത്യർഹമായ സേവനം ചെയ്തു വരുന്നു. തുടക്കകാലം മുതൽ ഇന്നുവരെ അനേക ആളുകളുടെ പ്രാർത്ഥനയുടെയും പ്രയത്നത്തിന്റെയും ഫലമാണ് ഈ പ്രസ്ഥാനത്തിന്റെ വളർച്ച.

എല്ലാ മാസവും രണ്ടാം ശനിയാഴ്ചയോടനുബന്ധിച്ചുള്ള വ്യാഴം, വെള്ളി, ശനി തുടങ്ങിയ മൂന്നു ദിവസത്തെ വിവാഹ ഒരുക്കസെമിനാർ നടത്തിവരുന്നു. ചില സന്ദർഭങ്ങളിൽ മൂന്നു ദിവസത്തെ സെമിനാറിൽ പങ്കെടുക്കുവാൻ കഴിയാത്ത സാഹചര്യമെന്ന് ഭാരവാഹികൾക്ക് ബോധ്യപ്പെട്ടാൽ ഒരു ഏകദിന സെമിനാർ നടത്തിക്കൊടുക്കും. ചൊവ്വാഴ്ചകളിൽ മാത്രമായിരിക്കും അത്തരം ക്ലാസ്സുകൾ നടത്തപ്പെടുന്നത്. എന്നാൽ സമുദായം ഇതിനെ പ്രോത്സാഹിപ്പിക്കുന്നില്ല. കാരണം മൂന്നുദിവസത്തെ സെമിനാറിൽ 12 വിഷയങ്ങളാണ് ചർച്ച ചെയ്യുന്നത്. ഏകദിന സെമിനാറിൽ നാലോ അഞ്ചോ ക്ലാസ്സുകൾ മാത്രമെ ലഭിക്കൂ. വിവാഹിതർക്ക് പരമാവധി ക്ലാസ്സുകൾ നൽകുവാനാണ് പ്രസ്ഥാനം ആഗ്രഹിക്കുന്നത്.

വിവാഹ ഒരുക്ക സെമിനാർ കൂടാതെ കുടുംബ വിഷയങ്ങളിൽ ഇടപെട്ട് പ്രശ്ന പരിഹാരത്തിന് പ്രയത്നിക്കുന്നുണ്ട്. കൂടാതെ കുട്ടികൾക്കും മുതിർന്നവർക്കും കൗൺസിലിംഗിനുള്ള സൗകര്യവും ഉണ്ട്. മാത്രമല്ല ഇടവകകൾ സന്ദർശിച്ച് Family Enrichment Programme ആവശ്യപ്പെടുന്നവർക്ക് ചെയ്തുകൊടുക്കുന്നുണ്ട്.

ഡയറക്ടറും സെക്രട്ടറിയും കൂടാതെ കമ്മറ്റി അംഗങ്ങളായ രാജൻ കുളമടയിൽ അച്ചൻ, എ.പി.ജേക്കബ് ആഞ്ഞിലിമൂട്ടിൽ അച്ചൻ, ഷാജി ജേക്കബ് പുത്തൻപുരയ്ക്കൽ അച്ചൻ, ഫാ. ഡോ. തോമസ് ഏബ്രഹാം മലേച്ചേരിൽ എന്നിവരും ജയിൻ തോമസ് കുളത്തുങ്കൽ അച്ചനും, ജിനു കുരുവിള കിഴക്കേമുട്ടത്തിൽ അച്ചനും, ക്രിസ്റ്റോ സി. കുര്യൻ ചക്കിട്ടപ്പറമ്പിൽ അച്ചനും ക്ലാസ്സുകൾക്ക് നേതൃത്വം നൽകുന്നു. കൂടാതെ Dr. Jose Joseph (Rtd. Kottayam Medical College Principal), Mrs. Renu Babu (Psychologist) എന്നിവരും ക്ലാസ്സുകൾ സമ്പുഷ്ടമാക്കുന്നു. ആധുനിക സജ്ജീകരണങ്ങളോടെ ക്ലാസ്സുകൾ ആകർഷണീയമാക്കുന്നതിനു സാധിക്കുന്നുണ്ട്.

**ക്ലാസ്സിൽ ചർച്ച ചെയ്യുന്ന പ്രധാനപ്പെട്ട വിഷയങ്ങൾ**

1. വിവാഹം ഒരു ദൈവവിളി
2. ക്രൈസ്തവ കുടുംബം
3. വിവാഹജീവിതം വേദപുസ്തകാടിസ്ഥാനത്തിൽ
4. വിവാഹകൂദാശയുടെ ദൈവശാസ്ത്രാടിസ്ഥാനം
5. ഉത്തമനായ ഭർത്താവ് ഉത്തമയായ ഭാര്യ
6. മാതൃകാ കുടുംബജീവിതം
7. കുടുംബ ജീവിതത്തിൽ ആശയവിനിമയത്തിന്റെ പ്രസക്തി
8. കുടുംബജീവിതത്തിൽ പ്രാർത്ഥനയുടെ ആവശ്യകത
7. ലൈംഗിത ധാർമ്മികത
10. പേരന്റിംഗ്
11. വി. കുമ്പസാരം
12. സ്ത്രീപുരുഷ മനഃശാസ്ത്രം
13. കുടുംബപ്രശ്നങ്ങളും പരിഹാരവും
14. ക്നാനായക്കാരുടെ പൗരാണികതയും തനിമയും

മൂന്നു ദിവസത്തെ ക്ലാസ്സുകൾകൊണ്ട് യുവതീയുവാക്കളെ വിവാഹജീവിതത്തിനൊരുക്കുവാൻ സാധിക്കുമെന്ന് നിർവിശങ്കം പറയുവാൻ കഴിയും

2023 മെയ് 13 ന് നടക്കുന്ന രജതജൂബിലി ആഘോഷങ്ങളിലേയ്ക്ക് എല്ലാ ക്നാനായ സമുദായാംഗങ്ങളെയും സഹർഷം സ്വാഗതം ചെയ്യുന്നു.


ഒന്നായി ചേർന്നതിന്റെ 50 സംവത്സരങ്ങൾ
29.04.1973 - 29.04.2023
YEARS OF LOVE LIFE AND TOGETHERNESS
ഇത്രത്തോളം
യഹോവ സഹായിച്ചു
ഇത്രത്തോളം
ദൈവം നടത്തി
മാത്യു മാത്യു - ലീലാമ്മ മാത്യു
ആലമുറ്റത്ത്, ഇളമ്പൽ, പുനലൂർ
ആശംസകളോടെ.....
സിബി മാത്യൂസ്-റോണി മാത്യു
സിനു മാത്യു-ഷൈനി കുര്യാക്കോസ്
ആരോൺ, എബൽ, ഏദൻ
Advt - O


25 Years of
Togetherness
23-04-2023
Mr. Sajan C Andrews
&
Mrs. Bindhu Sajan
Chackalayil (Sajco)
Kurichy
Advt - O
ഇത്രത്തോളം യഹോവ സഹായിച്ചു
ഇത്രത്തോളം ദൈവം നടത്തി
Best Wishes
Christy Sajan & Krupa Sajan

# St.Mary's Knanaya Church
## Philadelphia, USA,

### Board of Directors 2023-2024



**Rev. Fr. Renni Abraham**
Kizhakethil
(Vicar & President)



**Reji Philip**
Padinjaremuriyil
(Vice-President)



**Liju Abraham**
Kuzikandathil
(Treasurer)



**Renny Eranackal**
(Secretary)



**Jomon Abraham**
Thundiyil
(Joint Secretary)



**Jose M. Zachariah**
Manamtharayil
(Joint Treasurer)



**Kuriakose Abraham**
Charivuparampil
(Committee Member)



**Binu Mathew**
Kuttolamadom
(Committee Member)



**Dr. Sajeesh Thomas**
Kottarakalathil
(Committee Member)



**Tinu Abraham**
Thottupurathu Melethil
(Committee Member)



**Reju Raju Zacharia**
Ettonnil
(Committee Member)



**Priji Kuriakose**
Edasseril
(Committee Member)



**Subin Mathew**
Kadakketh
(Committee Member)



**Sam Jacob**
Koovakkavil
(Auditor)



**Annu Mathew**
Vettimoottil
(Sunday School Principal)

Advt - O



**Members of St.Mary’s Knanaya Church, Philadelphia, USA, with their Vicar, Rev. Fr. Renni Abraham Kizhakethil.**

Advt - O

## 45th Wedding anniversary
**24/04/1978**



**K. A. Kuriakose**
**&**
**Mariamma Kuriakose**

Kovoor house, Thekkepuram, Ranny

*Happy anniversary, Appacha and Ammachi*
*We love you*
*From Maria, Sophie, Leann & Leon.*

Advt -O

## 50th Wedding anniversary
**29/04/2023**



**ABRAHAM & LEELAMMA**
**Mulamoottil House**
**Kuttoor, Thiruvalla**

*Best Wishes*
*Children & Grand Children*

Advt - S

## 50th Wedding anniversary
**23/04/2023**



**K.P. PUNNOOSE**
**&**
**SUSAMMA PUNNOOSE**

**Kattuvallil, Kattode, Manjadi P.O., Thiruvalla**

ഇത്രത്തോളം യഹോവ സഹായിച്ചു,
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി

*With Regards from*
മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുമരുമക്കൾ

Advt - S

## ക്നായി തോമാ അനുസ്മരണം



ക്നായി തോമാ അനുസ്മരണം കുറിച്ചി മാർ ഇഗ്നാത്തിയോസ് പള്ളിയിൽ ക്നാനായ **സമുദായമെത്രാപ്പോലീത്ത കുറിയാക്കോസ് മാർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു.

## പ്രസംഗ മത്സരം

അഭിവന്ദ്യ ഗീവർഗീസ് മാർ സേവേറിയോസ് തിരുമേനിയുടെ
96 –ാം ശ്രാദ്ധ പെരുന്നാളിനോടനുബന്ധിച്ച്
സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്കായി
മെയ് 21 ഞായറാഴ്ച പ്രസംഗ മത്സരം സംഘടിപ്പിക്കുന്നു

**വിഷയം: മലങ്കര സഭയ്ക്ക് ക്നാനായ കുടിയേറ്റം നല്കിയ സംഭാവന**

# നമ്മുടെ കുട്ടികൾ സന്തോഷമുള്ളവരാണോ?



സുനിൽ ഡി. കുരുവിള

ഒരു അവധിക്കാലം കൂടി എത്തിയിരിക്കുകയാണല്ലോ. ലോകത്തെ എല്ലാ വികസിത സമൂഹങ്ങളിലും കുട്ടികളെ സന്തോഷമുള്ളവരാക്കാനാണ് parents ഉം സ്കൂൾ വിദ്യാഭ്യാസവും ശ്രമിക്കുന്നത്. എന്നാൽ അത് അത്ര എളുപ്പമുള്ള കാര്യമല്ല എന്നുള്ളത് പൊതുവെ എല്ലാവർക്കും അറിയാം. കുട്ടികളുടെ സന്തോഷത്തിന്റെ അടിസ്ഥാനം ആരോഗ്യമാണ്.

നല്ല ശാരീരിക ആരോഗ്യം വളരെ പ്രധാനം. ഇന്ന് കുട്ടികൾ ഓടിച്ചാടി കളിക്കുന്നില്ല. കളിസ്ഥലങ്ങൾ കുറഞ്ഞു... കൂടെ കളിക്കാൻ കുട്ടികൾ ഇല്ല. കളിക്കാൻ പലപ്പോഴും സമയവുമില്ല. പോഷക ആഹാരക്കുറവാണ് ആരോഗ്യകാര്യത്തിലെ മറ്റൊരു വെല്ലുവിളി. നല്ല ആഹാരവും കുട്ടികളുടെ സന്തോഷവും തമ്മിൽ വലിയബന്ധമുണ്ട്. ജംഗ് ഫുഡ് കഴിച്ചു വളരുന്ന – അമിതമായി ഫാറ്റും സ്വീറ്റും ഒക്കെ കഴിച്ചു വളരുന്ന കുട്ടികളിൽ നല്ല ആരോഗ്യം പ്രതീക്ഷിക്കാൻ കഴിയുമോ?

ഈ അവധിക്കാലം കുട്ടികൾക്ക് നല്ല കളികൾക്കും നല്ല ഭക്ഷണത്തിനും പ്രോത്സാഹനം കൊടുക്കാം. നല്ല പോഷക സമൃദ്ധമായ ഭക്ഷണം അവർ കഴിക്കട്ടെ.. ചക്കയും മാങ്ങയും ഒന്നും നഷ്ടപ്പെടുത്താതിരിക്കാം. 'ചിക്കൻ' മാത്രമല്ല ഭക്ഷണം എന്ന് അവർ തിരിച്ചറിയട്ടെ! രുചി വൈവിധ്യങ്ങൾ അറിഞ്ഞു വളരാൻ അവധിക്കാലം ഒരു അവസരമാക്കാം. നാടൻ പലഹാരങ്ങൾ ഒക്കെ അവരെ പരിചയപ്പെടുത്താം! നല്ലഭക്ഷണം വലിയ നന്മയാണ് – സംസ്കാരമാണ്, അതിലേറെ ഔഷധമാണ്!

കളികൾ വെറും വിനോദവും വ്യായാമവും മാത്രമല്ല പ്രധാനം ചെയ്യുന്നത്. സമപ്രായക്കാരോട് ഒത്തുള്ള കളികൾ കുട്ടികളിൽ ആത്മവിശ്വാസം വളർത്തും. ആശയവിനിമയ ശേഷി വർദ്ധിപ്പിക്കും. ജീവിത നൈപുണ്യങ്ങൾ വളർത്തും സൗഹൃദങ്ങൾ വർദ്ധിപ്പിക്കും! ഇതിലൂടെ കുട്ടികളുടെ മാനസിക ആരോഗ്യവും വൈകാരിക ബുദ്ധിശക്തിയും ഒക്കെ പരിപോഷിപ്പിക്കപ്പെടും. കുട്ടികൾ പരസ്പരം സംസാരിക്കാൻ – ഇടപെടാൻ ഒക്കെ പ്രയാസം അനുഭവിക്കുന്നു. Cyber ഇടങ്ങളിൽ അവർ കൂടുതൽ comfortable ആണ്. ടീനേജ് ഇപ്പോൾ പലരുടെ കാര്യത്തിലും 'screen age' ആണ്! വീഴാനും തോൽക്കാനും ജയിക്കാനും വിട്ടുകൊടുക്കാനും ഒക്കെ കുട്ടികൾ പഠിക്കട്ടെ! വീഴുന്നതല്ല തോൽവി, എഴുന്നേൽക്കാൻ ത്രാണിയില്ലാത്തതാണ് തോൽവി. അവർ ജീവിക്കാനും അതിജീവിക്കാനും പഠിക്കട്ടെ.

കുട്ടികളുടെ അവധിക്കാലം അക്കാഡമിക് ട്യൂഷനും കോച്ചിങ്ങും ഒക്കെയായി 'ദരിദ്രമാക്കി' കളയരുത്. ഓരോ കുട്ടിയുടെയും Developmental ആവശ്യങ്ങൾ തിരിച്ചറിഞ്ഞു അവർക്കു അവസരങ്ങൾ നൽകാം. ഉദാഹരണത്തിന് പേടിയുള്ള കുട്ടികളെ ധൈര്യമുള്ളവരാക്കാം. മടിയുള്ളവരെ ഊർജ്ജസ്വലരാക്കാം.

യാത്രകൾ അവരുടെ സാമൂഹിക ശേഷി വർദ്ധിപ്പിക്കും, കാഴ്ചപ്പാട് വികസിപ്പിക്കും പരിസ്ഥിതി ബോധം ഉയർത്തും.... നല്ല യാത്രകൾ ഒരുക്കാം.

വായന, ക്യാമ്പുകൾ, ബന്ധുവീട്ടിൽ മാറി താമസിക്കാനുള്ള അവസരം, സൗഹൃദ കൂട്ടായ്മകൾ ഒക്കെ കുട്ടികളുടെ വ്യക്തിത്വ വികസനത്തിന് വലിയ ഗുണം ചെയ്യും. വീട്ടിലെ ജോലികളിലും ഉത്തരവാദിത്വങ്ങളിലും ഒക്ക അവരെ പങ്കാളികളാക്കാം. കുക്കിംഗ്, കൃഷി, അങ്ങനെ ഏതു കാര്യങ്ങളിലും അവരെ പങ്കാളികളാക്കാം. വളർത്തു മൃഗങ്ങൾ, പക്ഷികൾ, ചെടികൾ ഒക്കെ പരിപാലിക്കാൻ അവർ പഠിക്കട്ടെ. നല്ല ധൈര്യവും മിടുക്കും നന്മയുള്ളവരായി – നൈപുണ്യങ്ങളും പോസിറ്റീവ് മനോഭാവവും ഉള്ളവരായി നമ്മുടെ തലമുറ വളർന്നു വരട്ടെ. പഠനത്തിലെ കുറവുകളും അവധിക്കാലത്തു പരിഹരിക്കാം. ഭാഷ കണക്കു എഴുതാനും വായിക്കാനുമുള്ള കഴിവ് ഒക്കെ വർദ്ധിപ്പിക്കാൻ ശ്രമിക്കാം. കുട്ടികളുടെ അഭിരുചിയും ഇഷ്ടങ്ങളും ഒക്കെ കണ്ടെത്താനും അവയെ പരിപോഷിപ്പിക്കാനും പറ്റിയ ഏറ്റവും നല്ല അവസരമാണ് അവധിക്കാലം. ഇൻഡോർ/ഔട്ട്ഡോർ ഗെയിംസ്, കല, സാംസ്കാരിക പ്രവർത്തനം skill development, language development ഒക്കെയാവാം. എല്ലാം കുട്ടികൾക്ക് വേണ്ടിയായിരിക്കണം. അവരെ കേന്ദ്രീകരിച്ച് ആയിരിക്കണം. അവർക്കു സന്തോഷവും ഇഷ്ടവും പകരുന്നതായിരിക്കണം. അവരിലെ positive self image വർദ്ധിപ്പിക്കാൻ ശ്രമിക്കാം. അവരെ എന്തിനു കൊള്ളാം? അവരുടെ മിടുക്ക്/ശക്തി എന്തിലാണ്? അവർ അത് അറിഞ്ഞും കേട്ടും വളരട്ടെ. ആത്മാഭിമാനവും ആത്മമൂല്യവും തിരിച്ചറിയുന്ന കുട്ടികൾ പൊതുവെ സന്തോഷമുള്ളവരായിരിക്കും. അവർ പൊതുവെ balanced ആയിരിക്കും. സന്തോഷമുള്ള കുട്ടികൾ വഴിതെറ്റാനുള്ള സാധ്യത കുറവാണ്. അവർക്കു addiction ഉണ്ടാവുന്നില്ല. ആരോഗ്യപരമായ ചിന്തകളും ദർശനവും അവരെ നയിക്കും. അവരിൽ വെറുപ്പ് അസൂയ, ഈഗോ ഒക്കെ കുറഞ്ഞു നിൽക്കും. അവർ പരസഹായികളും സ്നേഹം നൽകുന്നവരും സാധ്യതയുള്ളവരും ആയിരിക്കും!

കൗമാരത്തിലും യൗവ്വനത്തിലും യുവത ശക്തരായി നിലനിൽക്കാൻ ബാല്യത്തിലെ സന്തോഷവും നൈപുണ്യവികസനവും അനിവാര്യമാണ്. ആഴമുള്ള വേരുകൾ അവർക്കു ആദ്യം നൽകാം! കുട്ടിക്കാലത്തു തന്നെ IAS കോച്ചിംഗ് ഒന്നു ആവശ്യമില്ല. ഒരുപാടു ട്യൂഷൻ കുട്ടികളെ ഉണക്കിക്കളയും. അവരുടെ ജീവനെ ആദ്യം പരിപോഷിപ്പിക്കാം. അവർ ചിരിയും സന്തോഷവും സംതൃപ്തിയും ഉള്ളവരായി വളർന്നു വരട്ടെ. സന്തോഷം തന്നെ പ്രതിരോധം... സന്തോഷം തന്നെ സാധ്യതയും!!! ഏവർക്കും സന്തോഷസമൃദ്ധമായ അവധിക്കാലം നേരുന്നു.

*(സുനിൽ ഡി. കുരുവിള: കരിയർ കൗൺസിലറും മാനവശേഷി വികസന പരിശീലകനുമാണ്. ഇൻസൈറ്റ് മിഷന്റെ സ്ഥാപകനും. 24 വർഷങ്ങൾ കൊണ്ട് 4000 അധികം പരിശീലന പ്രോഗ്രാമുകൾ നയിച്ചു).*

*Cell: 9656144712 / 9847400712*
*You Tube: Sunil kuruvilla'*
*Email: sunil_kuruvilla@rediffmail.com*

# വേട്ടക്കാരന് ഇരയാകാതിരിക്കുക

റ്റി. കെ. തോമസ് തൈകുറിഞ്ഞിയിൽ, തിരുവൻവണ്ടൂർ

ആ വൈദികന്റെ മുമ്പിൽ അവൾ എത്തുമ്പോൾ അവളുടെ കണ്ണുകൾ ഒഴികെ എല്ലാ ശരീരഭാഗങ്ങളും കറുത്ത വസ്ത്രത്താൽ ആവരണം ചെയ്യപ്പെട്ടിരുന്നു. ഒറ്റ നോട്ടത്തിൽ അവളെ കണ്ടപ്പോൾ ഏതോ യാഥാസ്ഥിതിക മുസ്ലീം കുടുംബത്തിൽ നിന്നുള്ളവൾ എന്ന് ആ വൈദികനു തോന്നത്തക്കവിധമായിരുന്നു അവളുടെ വസ്ത്രധാരണം. വൈദികന്റെ മുമ്പിൽ മുട്ടുകുത്തിയ അവൾ ഒരു കുമ്പസാരക്കൂട്ടിൽ എന്നപോലെ വിതുമ്പുവാൻ തുടങ്ങി. സ്വർഗ്ഗത്തോടും ദൈവത്തോടും ഞാൻ പാപം ചെയ്തു. പശ്ചാത്താപത്തിന്റെ വാക്കുകൾ അവളുടെ കണ്ഠങ്ങളിൽ നിന്നും ഉതിർന്നു വീണുകൊണ്ടിരുന്നു. അക്രൈസ്തവരേയും, അപരിചിതരേയും കുമ്പസാരിപ്പിക്കുകയും വി. കുർബ്ബാന നൽകുകയും ചെയ്യുന്ന ഒരു സമ്പ്രദായം ഇവിടെ നിലനിൽക്കുന്നില്ല എന്നതുകൊണ്ട് താങ്കൾ ആരെന്നും ആഗമനോദ്ദേശം എന്തെന്നും വ്യക്തമാക്കാൻ വൈദികൻ ആവശ്യപ്പെട്ടു. ആ വൈദികന്റെ മുന്നിൽ അവൾ തന്റെ മനസ്സു തുറന്നു. തൃശൂരുള്ള ഒരു ഇടത്തരം റോമൻ കത്തോലിക്കാ കുടുംബത്തിൽ ജനനം. വേദപാഠക്ലാസ്സുകളിൽ മുടങ്ങാതെ പങ്കെടുത്തു. പഠനം പൂർത്തിയാക്കിയവൾ, ആഘോഷപൂർവ്വം ആദ്യ കുർബ്ബാന സ്വീകരിച്ചവൾ, തൃശൂരിലെ തന്നെ ഒരു പ്രസിദ്ധമായ കോളേജിൽ നിന്നും ബിരുദം നേടിയവൾ. ഒരിക്കൽപ്പോലും വി.ആരാധനയിൽ സംബന്ധിക്കുന്നതിലോ, വി.കുർബ്ബാന സ്വീകരിക്കുന്നതിലോ വീഴ്ചവരുത്താത്തവൾ, സഭയുടെ കൂദാശകളും, സഭയുടെ ചട്ടങ്ങളും ആചാരങ്ങളും അതേപടി അനുഷ്ഠിച്ചുപോന്നവൾ. എന്നിട്ടും അതു സംഭവിച്ചു അച്ചാ, അവൾ തേങ്ങി. അക്രൈസ്തവന്റെ മുമ്പിൽ ഞാൻ എന്നെ അടിയറവു വച്ചു. ഡിഗ്രി അവസാന വർഷം പഠിക്കുമ്പോൾ ഒരു ചെറുപ്പക്കാരനെ ഞാൻ പരിചയപ്പെട്ടു. എന്റെ ഗ്രാമത്തിൽ നിന്നും തൃശൂർ ടൗണിലേയ്ക്ക് പോകുന്ന പ്രൈവറ്റ് ബസ്സിലെ ഡ്രൈവർ, കാണാൻ സുമുഖൻ, വാക്കുകളിൽ വിനയം ആവോളം നിറച്ച മിതഭാഷി, സൽസ്വഭാവി, അങ്ങനെ അയാളെ ഇഷ്ടപ്പെടാൻ അയാളിൽ ഗുണഗണങ്ങൾ അത്രയേറെ. ഒരു വർഷം നീണ്ടപ്രണയത്തിനൊടുവിൽ വീട്ടുകാരുടെ എതിർപ്പിനെ അവഗണിച്ച് അയാൾക്കൊപ്പം നാടുവിട്ടു. ഉറ്റവരെയും, ഉടയവരേയും ഉപേക്ഷിച്ചുപോകുമ്പോൾ, താൻ സ്നേഹിക്കുകയും, തന്നെ സ്നേഹിക്കുകയും ചെയ്യുന്ന ഒരാളിന്റെ സംരക്ഷണയിൽ താൻ സുരക്ഷിതയായിരിക്കും എന്ന വല്ലാത്ത സുരക്ഷിതബോധം എല്ലാ സാഹസികതയ്ക്കും അവൾക്കു ധൈര്യം പകർന്നു. പ്രണയം എന്ന മത്ത് തലയ്ക്കുപിടിച്ചപ്പോൾ, ജാതി, മത, വർഗ്ഗ,-വർണ്ണത്തിനതീതമായി അവളുടെ പ്രണയം, അയാൾ ഒരു ഇസ്ലാംമത വിശ്വാസിയായിരുന്നു എന്നത് അവൾക്ക് ആ നാളുകളിൽ ബുദ്ധിമുട്ടുകൾ ഒന്നുംതന്നെ സൃഷ്ടിച്ചിരുന്നില്ല. അയാൾക്കൊപ്പം അവൾ പോയത് മംഗലാപുരത്തുള്ള ഒരു ഇസ്ലാമിക മതപാഠശാലയിലേയ്ക്ക്, ഒരു മാസക്കാലം അവൾ അവിടെ കഴിഞ്ഞ്– ഇസ്ലാമിക മതവും ഇസ്ലാമിക ആചാരങ്ങളും, നമസ്ക്കാരങ്ങളും പഠിച്ച്, ഇസ്ലാം മതം സ്വീകരിച്ച്, ഇസ്ലാമിക മതാചാരപ്രകാരം അവളുടെ വിവാഹവും നടത്തപ്പെട്ടു. പിന്നീടുള്ള ഒന്നു രണ്ടുകൊല്ലം തെറ്റില്ലാത്ത നിലയിൽ കുടുംബജീവിതം മുമ്പോട്ടുപോയി. ഇതിനിടയിൽ രണ്ടു കുഞ്ഞുങ്ങൾക്ക് അവൾ ജന്മവും നല്കി. വർഷം രണ്ടു പിന്നിട്ടു കഴിഞ്ഞപ്പോൾ ഭർത്തൃഗൃഹത്തിൽ നിന്നും കൊടിയ പീഡനങ്ങൾ അവൾക്കായി രൂപപ്പെട്ടുവന്നു. താൻ വഞ്ചിക്കപ്പെടുകായിരുന്നു എന്ന് അപ്പോൾ മാത്രമാണ് അവൾക്ക് മനസ്സിലായത്. ഭർത്താവിന് സ്വസമുദായത്തിൽ നിന്നു വിവാഹം കഴിക്കണം. അതിനു തടസ്സമായി നില്ക്കുന്ന നിലവിലെ ഭാര്യയേയും, മക്കളേയും പുറത്താക്കിയേ മതിയാകൂ. അതിനുള്ള തന്ത്രങ്ങൾ അവളുടെ ഭർത്താവും, മാതാപിതാക്കളും ചേർന്ന് മെനയാൻ തുടങ്ങി. ഭർത്തൃഗ്രഹത്തിൽ ഭർത്താവും മാതാപിതാക്കളും ചേർന്നു നടത്തിയ കൊടിയ പീഡനങ്ങളിൽ പൊറുതി മുട്ടിയ അവൾ ആ വീടുവിട്ടിറങ്ങി, എങ്ങോട്ടെന്നറിയാതെ രണ്ടു കൈക്കുഞ്ഞുങ്ങളുമായി കയറിച്ചെല്ലാൻ ഇടമില്ലാതെ തെരുവിൽ അലഞ്ഞു. ധൂർത്തപുത്രന് സ്വബോധം ഉണ്ടായപ്പോൾ സ്വഭവനത്തിലേക്കു മടങ്ങാം എന്നു കരുതിയതുപോലെ അവളും തന്റെ സ്വഭവനത്തിലേയ്ക്ക് മടങ്ങാൻ ആഗ്രഹിച്ചു. എന്നാൽ അവളെ കൈക്കൊള്ളാനും, അവൾക്കു സാന്ത്വനം പകരാനും അവിടെ ആരും ഉണ്ടായിരുന്നില്ല. മകൾ ഏതോ വിജാതിയനൊപ്പം പോയതിന്റെ അപമാനഭാരത്താൽ, അവളുടെ മാതാപിതാക്കൾ ആ നാട് ഉപേക്ഷിച്ച് ഏതോ ദൂരദേശത്തേത്ത് പൊയ്ക്കഴിഞ്ഞിരുന്നു. ശേഷിച്ച ബന്ധുമിത്രാദികളും അവളെയും മക്കളെയും സ്വീകരിക്കാൻ തയ്യാറായില്ല.. ഇന്നവൾ പശ്ചാത്താപത്തിന്റെ നെരിപ്പോടിൽ വെന്തുരുകുന്നു. വിശ്വസിച്ച ദൈവത്തേയും, ഏറ്റ മാമോദീസായെയും ഏറ്റു പറഞ്ഞ വിശ്വാസത്തേയും ഉപേക്ഷിച്ച്, അന്യപുരുഷനൊപ്പം അന്യമതം സ്വീകരിച്ചതിലുള്ള അടങ്ങാത്ത കുറ്റബോധം ഇന്നവളെ വല്ലാതെ വേട്ടയാടുന്നു. അവളുടെ ഒരു കുമ്പസാരം എന്നവണ്ണം ക്ഷമയോടെ അവളെ കേട്ടിരുന്ന വൈദികൻ അവൾക്കും കുഞ്ഞുങ്ങൾക്കും ഒരു അനാഥാലയത്തിൽ താൽക്കാലിക ക്രമീകരണങ്ങൾ ഏർപ്പാടു ചെയ്തു നൽകി. ക്രൈസ്തവ മതവിശ്വാസികളായ നിരവധി പെൺകുട്ടികൾ അന്യമതസ്ഥരുടെ കെണികളിൽ അകപ്പെട്ട് ജീവിതം ഹോമിക്കപ്പെടുന്നത് സർവ്വസാധാരണമായിരിക്കുന്നു. വിശ്വാസത്തിലുള്ള തീഷ്ണതക്കുറവും, നൈമിഷികങ്ങളായ സുഖങ്ങൾക്കു പിന്നാലെയുള്ള കടിഞ്ഞാണുപൊട്ടിച്ചുള്ള പായ്ച്ചിലും മാതാപിതാക്കളോടുള്ള വെല്ലുവിളിയും, സമൂഹത്തോടുള്ള നിരുത്തരവാദിത്വവും ഒക്കെത്തന്നെ ഇത്തരക്കാരുടെ അപചയത്തിനു കാരണമാകുന്നു. എത്രയോ ക്രൈസ്തവ പെൺകുട്ടികൾ ഇസ്ലാം മതവിശ്വാസികളായ പുരുഷന്മാരാൽ വശീകരിക്കപ്പെട്ട് വഞ്ചിതരായി തീവ്രവാദ

സംഘടനകളിലും, വേശ്യാലയങ്ങളിലും അകപ്പെട്ട് ജീവിതം വഴിമുട്ടി നിൽക്കുന്നു. അനുഭവങ്ങൾ ഇനിയും പാഠം ആകുന്നില്ലെങ്കിൽ വരും തലമുറയെപ്പോലും രക്ഷിക്കാൻ ആർക്കാണു കഴിയുക. നാം സ്വീകരിച്ച മാമോദീസായും ഏറ്റു പറഞ്ഞ വിശ്വാസവും ക്രിസ്തു എന്ന ഏക രക്ഷിതാവിനെയും പിന്നിൽ ഉപേക്ഷിച്ച് യാതൊരു സന്തോഷത്തിനും പിന്നാലെ പോകില്ല എന്ന് ഓരോ ക്രൈസ്തവ വിശ്വാസിയും പ്രതിജ്ഞ ചെയ്താൽ തീരാവുന്നതു മാത്രമാണ് ഈ ബോധപൂർവ്വമുള്ള ആത്മഹത്യ. വേട്ടക്കാരന് ലക്ഷ്യങ്ങൾ പലതാണ്. പലപ്പോഴും നഷ്ടപ്പെടാനുള്ളത് ഇരയ്ക്ക്മാത്രം എന്ന ബോധം ഓരോ ക്രൈസ്തവ വിശ്വാസിക്കും ഉണ്ടാകട്ടെ. പതിയിരിക്കുന്ന അപകടങ്ങളെ തിരിച്ചറിയാൻ സുബോധമുള്ള ഒരു സമൂഹമായി മാറാൻ നാം ഇനി വൈകിക്കൂടാ. ഒരിക്കൽ ചതിയിൽ പെട്ടാൽ പിന്നീട് അതിൽ നിന്നും കരകയറുക ശ്രമകരമാണ്. സൂക്ഷിച്ചാൽ ദു:ഖിക്കേണ്ടിവരില്ല എന്ന ഒരു സന്ദേശംകൂടി ഇതിൽ ഉൾപ്പെടുത്തട്ടെ. കർത്താവായ യേശുക്രിസ്തുവിനെ നിങ്ങൾ സ്വീകരിച്ചിരിക്കുന്നതിനാൽ, അവന്റെ കൂട്ടായ്മയിൽ നടപ്പീൻ. അവനിൽ വേരൂന്നിയും ആത്മീയ വർദ്ധന പ്രാപിച്ചും നിങ്ങൾക്ക് ഉപദേശിച്ചുതന്നതിനു ഒത്തവണ്ണം വിശ്വാസത്താൽ ഉറച്ചും, സ്തോത്രത്തിൽ കവിഞ്ഞും ഇരിപ്പീൻ.

# കവിത

ഏലിക്കുട്ടി തോമസ്,
കുന്നേൽപറമ്പിൽചിങ്ങവനം

ദൈവപുത്രാ അങ്ങേയ്ക്കാരാധനാ (2)
യേശുദേവാ അങ്ങേയ്ക്കാരാധനാ
തിരുസന്നിധിയിൽ ഇന്നു വന്നിടുവാൻ
കൃപ നൽകിയതാം അങ്ങേയ്ക്കാരാധനാ (2)

ഹോശാന ഹാലേലുയ്യാ
ഹോശാന ഹാലേലുയ്യാ

സമാധാന പ്രഭുവേ ആരാധന (2)
ആശ്വാസ പ്രഭുവേ ആരാധന (2)
എന്റെ വിടുതലവൻ എന്റെ സൗഖ്യമവൻ
എന്റെ മോചന ദ്രവ്യം അവനാരാധന (2)

ഹോശാന ഹാലേലുയ്യാ
ഹോശാന ഹാലേലുയ്യാ

മാലാഖമാർ പാടി ആരാധന
വിശുദ്ധന്മാർ വാഴ്ത്തിടും ആരാധന
എന്റെ മാർഗമവൻ അവനാരാധന
എന്റെ എല്ലാമവൻ അവനാരാധന (2)

ഹോശാന ഹാലേലുയ്യാ
ഹോശാന ഹാലേലുയ്യാ

ദൈവപുത്രാ അങ്ങേയ്ക്കാരാധനാ (2)
യേശുദേവാ അങ്ങേയ്ക്കാരാധനാ
തിരുസന്നിധിയിൽ ഇന്നു വന്നിടുവാൻ
കൃപ നൽകിയതാം അങ്ങേയ്ക്കാരാധനാ (2)

കവിത

# ആത്മീയ നേട്ടവും ഭൗതിക കോട്ടവും

ജെയിനമ്മ മർക്കോസ്, നടുവിലേപറമ്പിൽ, കുഴിമറ്റം

ഈശനെ തള്ളിപ്പറഞ്ഞതാം പത്രോസ്
ഈശന്റെ മുമ്പിൽ പൊട്ടിക്കരഞ്ഞ്
കുറ്റങ്ങളൊക്കെ ഏറ്റു പറഞ്ഞ്
സ്വർഗ്ഗത്തിൻ താക്കോൽ ഏറ്റുവാങ്ങി
ഈശനെ ഒറ്റി കൊടുത്തതാം യൂദാ
പരീശരോടു ഏറ്റു പറഞ്ഞ്
പാപത്തിൽ തന്നെ വീണു മരിച്ചു
നിത്യ നരകത്തിന് യോഗ്യനായി
ഏദനിൽ ആദാം കനി തിന്നനേരം
ആദത്തെ തേടി ദൈവം ഇറങ്ങി
ദൈവത്തേയും തുണയേയും കുറ്റം പറഞ്ഞ്
ഈശന്റെ ശിക്ഷ ഏറ്റു വാങ്ങി
തമ്മിൽ ശത്രുക്കളായിരുന്ന
പീലാത്തോസും ഹെറോദാവും
തിന്മയ്ക്കു കൂട്ടു പിടിച്ചു കൊണ്ട്
നന്മയാം ഈശനെ ക്രൂശിലേറ്റി
ലൗകിക ജീവിതം ആസ്വദിക്കാൻ
തിന്മയ്ക്കു കൂട്ടു പിടിക്കുന്നോരേ
തിന്മ നിങ്ങളെ തേടിപ്പിടിച്ച്
അഗ്നി നരകത്തിൽ എത്തിക്കുമേ
ദുഷ്ടരാൽ പീഡനം ഏറ്റ മശിഹാ
സാത്താനെ ക്രൂശിൽ തറച്ചുകൊണ്ട്
മൂന്നാം നാളിൽ ഉയിർത്തെഴുന്നേറ്റ
കർത്തന്റെ പദ്ധതി പൂർത്തിയാക്കി
ഭക്തിയുടെ വേഷം കെട്ടിക്കൊണ്ട്
പള്ളി മുറ്റത്തു രസിക്കുന്നോരേ
കാലം തള്ളും ലോകം തള്ളും
തീക്ഷ്ണതയോടെ ഈശനെ തേടൂ
സാധുജനത്തെ കല്ലെറിഞ്ഞു
ദുഷ്ടൻ സന്തോഷം പങ്കിടുമ്പോൾ
വിഡ്ഢിയാം മർത്യാ ഓർത്തിടുക
നിന്നുടെ ജന്മം നഷ്ടമത്രേ!
കുടുംബത്തേയും കൂട്ടരേയും വിട്ടിറങ്ങി
ശുശ്രൂഷ ദൗത്യം ഏറ്റെടുത്ത്
ആലംബഹീനരെ ചേർത്തു പിടിക്കുന്ന
സന്ന്യസ്ഥരെ ഓർത്തു പ്രാർത്ഥിക്കുവിൻ
ദുഷ്ടന്റെ കെണിയിൽപ്പെട്ടിടാതെ
ലോകജീവിതം ധന്യമാക്കാൻ
നല്ലവനേ...നൽവഴി കാട്ടി
എന്നെ ഭരിച്ചു നടത്തിടുക
സ്വർഗ്ഗരാജ്യത്തിൽ എത്തിടുവാൻ
താതന്റെ കൂടെ എന്നും വസിക്കാൻ
മാലാഖമാരൊത്തു പാടിടുവാൻ
എൻ മനം ഏറ്റം കൊതിച്ചിടുന്നു.
ദൈവം നമുക്കു കല്പിച്ചു തന്ന
വൈദികരോട് ഏറ്റുപറഞ്ഞ്
പാപത്തിൽ നിന്നും മോചനം നേടി
സ്വർഗ്ഗരാജ്യത്തെ കാത്തിരിയ്ക്കാം.

# ഈ അസ്ഥികൾ ജീവിക്കുമോ...???

സീമ തോമസ്, കന്നിയേൽ, റാന്നി

അസ്ഥികൾ നിറഞ്ഞിരിക്കുന്ന ഒരു താഴ്‌വര വി. ബൈബിളിൽ യെഹെസ്‌ക്കേൽ 37-ാം അദ്ധ്യായത്തിൽ നമുക്കേവർക്കും സുപരിചിതമാണ്. എന്താണ് ആ താഴ്‌വരയുടെ പ്രത്യേകതയെന്ന് വളരെ വിശദമായി തന്നെ ഈ അദ്ധ്യായത്തിൽ വരച്ചുകാട്ടുന്നു. താഴ്‌വരയുടെ പരപ്പിൽ ഉണങ്ങി പൊടിഞ്ഞ്, ജീവന്റെ തുടിപ്പോ ശ്വാസമോ ഒന്നുമില്ലാത്ത അസ്ഥിക്കൂമ്പാരങ്ങൾ മാത്രം. ആ നിർജ്ജീവമായ മരണത്തിന്റെ ഗന്ധം മാത്രമുള്ള താഴ്‌വരയിൽ നിന്നും ഒരു ചോദ്യമുയരുന്നു. "മനുഷ്യപുത്രാ... ഈ അസ്ഥികൾ ജീവിക്കുമോ......???" അതിനു മറുപടിയായി യഹോവയായ കർത്താവേ നീ അറിയുന്നു. എന്ന ഉത്തരവും.

ജീവിതയാത്രയിൽ കാലിടറുമ്പോൾ നാം ഓരോരുത്തരും പറഞ്ഞിട്ടുള്ള ഒരു മറുപടിയല്ലേ ഇത്? പ്രയാസങ്ങളുടെയും, നിന്ദകളുടെയും, ദുഃഖങ്ങളുടെയും മുന്നിൽ പകച്ചു നിൽക്കേണ്ടി വരുമ്പോൾ ഒരു വിശ്വാസിയുടെ കണ്ണ് ദൈവത്തിലേക്കുയർത്തി പറയുന്ന വാക്കുകളാണിത്. "കർത്താവായ യഹോവേ നീ അറിയുന്നു" സകലതും അറിയുന്ന നമ്മുടെ ദൈവം, ആ തൃക്കൈയ്യിൽ നമ്മുടെ ആകുലതകൾ നമ്മൾ കൊടുക്കുന്നു.



പിന്നീട് ആ മരണത്തിന്റെ ഗന്ധമുള്ള താഴ്‌വരയിൽ നടന്ന അത്ഭുതം എന്താണെന്ന് ആശ്ചര്യത്തോടെയല്ലാതെ നമുക്ക് വായിക്കാൻ കഴിയുകയില്ല. യഹോവയായ കർത്താവ് ആ അസ്ഥികളിൽമേൽ മാംസം പിടിപ്പിച്ച്, ഞരമ്പുകൾ വച്ച്, ത്വക്കുകൊണ്ട് പൊതിഞ്ഞ് അത് ജീവിക്കേണ്ടതിന് അതിൻമേൽ ശ്വാസം വരുത്തി. അവർ ജീവിച്ചു ഏറ്റവും വലിയ സൈന്യമായി നിവർന്നു നിന്നു.

ജീവിത നൗക മുന്നോട്ടുപോകുമ്പോൾ അതിന്റെ അമരക്കാരനായി ഒരാൾ ഉണ്ട് എന്ന വിശ്വാസം ഓരോ ക്രിസ്ത്യാനിക്കും ഉണ്ടാകേണ്ടതാണ്. ജീവിതമാകുന്ന പന്ഥാവിൽ കാലിടറുമ്പാൾ, വീഴുമ്പോൾ, പരിക്കുകളേൽക്കുമ്പോൾ നാം ചിലപ്പോഴെങ്കിലും സ്വയം ശപിക്കാറില്ലേ. ഞങ്ങളുടെ അസ്ഥികൾ ഉണങ്ങി, ഞങ്ങളുടെ പ്രത്യാശയ്ക്ക് ഭംഗം വന്നു. ഞങ്ങൾ ക്ഷീണിച്ചിരിക്കുന്നു എന്ന് പറയാറില്ലേ? എന്നാൽ ദൈവമായ കർത്താവിന് നമ്മോട് പറയാനുള്ള മറുപടി എന്താണെന്നറിയേണ്ടേ?

"ഞാൻ നിങ്ങളുടെ ശവക്കുഴി തുറന്ന് നിങ്ങളെ ശവക്കുഴിയിൽ നിന്നും കയറ്റി യിസ്രയേൽ ദേശത്തേക്ക് കൊണ്ടുപോകും. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിന് എന്റെ ആത്മാവിനെ നിങ്ങളിലാക്കും". ആകാശവും ഭൂമിയും മാറിപ്പോയാലും ദൈവവചനം മാറ്റമില്ലാത്തതാണ് എന്ന് വിശ്വസിക്കുന്ന ഓരോ വിശ്വാസിക്കും ഇതിലും വലിയ എന്ത് പ്രത്യാശയാണ് വേണ്ടത്?

താഴ്‌വരയുടെ അഗാധ ഗർത്തത്തിൽ കിടക്കുന്ന അസ്ഥികൾക്കുപോലും പുതുജീവൻ നൽകി, ശ്വാസമേകി. ഏതു പ്രതിസന്ധികളേയും തരണം ചെയ്യാൻ കഴിയുന്ന വലിയൊരു സൈന്യമാക്കാൻ കഴിവുള്ള യഹോവയായ കർത്താവിലാണ് നമ്മുടെ ശരണം. പിന്നെന്തിനാണ് നാം ഓരോരുത്തരും ചെറിയ കാര്യങ്ങളോർത്ത് നിരാശരാവുന്നത്? ഏതായാലും താഴ്‌വരയുടെ ഗർത്തത്തിൽ കിടക്കുന്ന അസ്ഥികളോളം ഉണങ്ങി നശിച്ചതല്ല നമ്മുടെ ജീവിതം. ആ അസ്ഥികൾക്കുപോലും പുതുജീവൻ നൽകിയ നമ്മുടെ ദൈവമായ യഹോവയിൽ നാംആശ്രയിക്കുമ്പോൾ നമ്മുടെ ജീവിതത്തിലും പ്രത്യാശയുടെ വെളിച്ചം കടന്നുവരും "I look up to the mountains - does my help come from there? My help comes from the lord, who made the heavens and the earth".

"ഞാൻ എന്റെ കണ്ണ് പർവ്വതത്തിലേയ്ക്ക് ഉയർത്തുന്നു. എനിക്കു സഹായം എവിടെ നിന്ന് വരും? എന്റെ സഹായം ആകാശത്തേയും ഭൂമിയേയും നിർമ്മിച്ച യഹോവയിങ്കൽ നിന്നു വരുന്നു".

നമ്മുടെ കാൽവഴുതുവാൻ സമ്മതിക്കില്ല നാം വിശ്വസിക്കുന്ന നമ്മുടെ ദൈവം. വിശ്വസിക്കാം........ പ്രത്യാശയോടെ മുന്നേറാം. ദൈവം അനുഗ്രഹിക്കട്ടെ.

# വിദേശപഠനവും കുടിയേറ്റവും: തിരിച്ചറിയേണ്ട യാഥാർത്ഥ്യങ്ങൾ

ഡോ. ബിനു സചിവോത്തമപുരം

ചരിത്രാതീതകാലം മുതൽ ഭൂമിശാസ്ത്രപരമായ പ്രത്യേകതകളാലും മറ്റു ചില കാരണങ്ങളാലും കേരള സമൂഹത്തിന്റെ അന്തർധാരയായിരുന്നു കുടിയേറ്റവും പ്രവാസവും അതുവഴിയുള്ള സാംസ്കാരിക വിനിമയങ്ങളും. മാനവചരിത്രം തന്നെ കുടിയേറ്റങ്ങളുടെ ചരിത്രമാണ്. കേരളത്തിനകത്തേക്കും പുറത്തേക്കുമായി നിരവധി കുടിയേറ്റങ്ങളും പ്രവാസങ്ങളും നടന്നിട്ടുണ്ട്. അതിലെടുത്തുപറയേണ്ടതാണ് 1980 കൾക്ക് ശേഷമുണ്ടായ ഗൾഫ് പ്രവാസം. കേരളത്തിന്റെ സാമൂഹിക-സാംസ്കാരിക- സാമ്പത്തിക ഘടനയെ തന്നെ ഇത് പുനഃക്രമീകരിച്ചു. അത് ഒട്ടൊക്കെ പുരോഗമനാത്മകവുമായിരുന്നു. ഇതിന്റെ ഒരു തുടർച്ച അല്ലെങ്കിൽ ഇടർച്ച എന്ന നിലയിലാണ് സമീപനാളുകളിലുണ്ടായ വ്യാപകമായ യൂറോപ്യൻ- അമേരിക്കൻ നിയമാനുസൃത കുടിയേറ്റം. പ്രവാസവും കുടിയേറ്റവും രണ്ടാണ്. പ്രവാസികൾ നാട്ടിലേക്ക് മടങ്ങിവരും. എന്നാൽ കുടിയേറ്റക്കാർ മടങ്ങിവരില്ല.

വർത്തമാനകാല കേരളീയ സമൂഹത്തിൽ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ് കുടിയേറ്റവും വിദേശപഠനഭ്രമവും. കേരളത്തിലെ വിദ്യാഭ്യാസ മേഖലയുമായി ബന്ധപ്പെട്ട് നിരവധി ട്രെൻഡുകൾ പലപ്പോഴായി ഉണ്ടായിട്ടുണ്ട്. യൂറോപ്പിലും അമേരിക്കയിലും മറ്റ് വികസിത രാജ്യങ്ങളിലും എത്തിപ്പെടാനുള്ള കുറുക്കുവഴിയായാണ് ഭൂരിപക്ഷം കൗമാരക്കാരും യുവജനങ്ങളും ഇന്ന് വിദേശപഠനത്തെ കാണുന്നത്. എന്നാൽ ഈ കാര്യങ്ങളെക്കുറിച്ച് കൃത്യമായൊരു ധാരണയില്ലാത്തതുമൂലം പലരും ചതിക്കുഴിയിൽപ്പെടുന്നു. പല കുടുംബങ്ങളും വലിയ പ്രതിസന്ധിയിലകപ്പെടുന്നു. സാമൂഹികവും- സാമുദായികവുമായ ആഘാതങ്ങൾ വേറെയും. പരിചയക്കാരായ എഡ്യൂക്കേഷൻ കൺസൾട്ടൻസിയുമായും വിദ്യാർത്ഥികളുമായും സംസാരിച്ചതിന്റെ വെളിച്ചത്തിൽകൂടിയാണ് ഈ ലേഖനം തയ്യാറാക്കിയിരിക്കുന്നത്.

കേന്ദ്ര സർക്കാരിന്റെ കണക്കനുസരിച്ച് ഇന്ത്യൻ പൗരത്വമുപേക്ഷിച്ച് 2022-ൽ വിദേശ പൗരത്വം നേടിയത് 225620 പേർ ആണ്. 2021 ൽ ഇത് 163370 പേർ ആയിരുന്നു. 2011 ൽ ഇന്ത്യൻ പൗരത്വമുപേക്ഷിച്ച് കുടിയേറിയത് 122814 പേർ ആയിരുന്നു. വെറും പത്ത് വർഷം കൊണ്ടാണീ സംഖ്യ ഏകദേശം ഇരട്ടിയായത്. വിദേശത്ത് തൊഴിൽ ചെയ്യുന്നവരും അനധികൃതകുടിയേറ്റക്കാരും ഈ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. മറ്റൊരു കൗതുകകരമായ കണക്ക് 2022 ജനുവരി മുതൽ 2022 സെപ്തംബർ വരെയുള്ള 9 മാസ കാലയളവിൽ 23000 നേഴ്സുമാരാണ് കേരളത്തിൽ നിന്നും വിദേശത്ത് ജോലിക്കു പോയത്.

യു.ജി.സി. യുടെ കണക്കനുസരിച്ച് 2021 ൽ 4.5 ലക്ഷം ഇന്ത്യൻ വിദ്യാർത്ഥികളാണ് വിദേശത്ത് ഉപരിപഠനത്തിന് പോയത്. 2022 ൽ അതിന്റെ എണ്ണം ഇതിലും കൂടുതലായിരിക്കും. കേരളത്തിൽനിന്ന് ഓരോ വർഷവും 35000 വിദ്യാർത്ഥികൾ വരെ വിദേശപഠനത്തിനായി പുറത്തേക്ക് പോകുന്നു. കേരളത്തിൽ മാത്രം 300 ലധികം വിദ്യാഭ്യാസ കൺ സൾട്ടൻസികളുണ്ട്. വലിയ മുതൽമുടക്കില്ലാതെ നടത്താൻ കഴിയുന്ന ലാഭകരമായൊരു ബിസിനസ്സാണിത്. കൺസൾട്ടൻസികൾക്ക് കമ്മീഷൻ കൊടുക്കുന്നത് വിദ്യാർത്ഥികൾ പ്രവേശനം നേടിയ വിദേശവിദ്യാഭ്യാസ സ്ഥാപനങ്ങളാണ്. ഇതുകൂടി ഫീസിൽ വകയിരുത്തും. 50,000 മുതൽ ലക്ഷങ്ങൾ വരെ കമ്മീഷൻ ലഭിക്കുന്നുണ്ട്. ഇതുകൂടാതെ രജിസ്ട്രേഷൻ, പ്രൊസസ്സിംഗ് ചാർജ്ജ് എന്നിങ്ങനെ നല്ലൊരു തുക വേറെയും കിട്ടും.

അമേരിക്കയിലും യൂറോപ്പിലുമൊക്കെ നിരവധി സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. ഇന്ത്യൻ വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും ഇത്തരം സ്ഥാപനങ്ങളിലാണ് പഠിക്കുന്നത്. സ്റ്റേ ബാക്കും ജോലിയും പിന്നെ പി. ആർ. ആണ് അവരുടെ പ്രതീക്ഷ. അസ്സോസിയേഷൻ ഓഫ് ഇന്ത്യൻ യുണിവേഴ്സിറ്റീസ് അംഗീകരിച്ചിട്ടില്ലാത്ത സർവകലാശാലയിലാണ് മിക്കവരുടേയും പഠനം. അവിടെ പഠിച്ചിറങ്ങുന്നവർക്ക് ഇന്ത്യയിൽ ജോലി കിട്ടില്ല. വിദേശ വിദ്യാർത്ഥികളിൽനിന്ന് അമിതമായ ഫീസാണ് ഈടാക്കുന്നത്.

വിദേശത്തു പഠിച്ചിറങ്ങുന്ന ശരാശരിക്കാരായ പലർക്കും അവിടെയോ, മറ്റു രാജ്യങ്ങളിലോ, കേരളത്തിലോ അവരുടെ പഠനവുമായി ബന്ധപ്പെട്ട തൊഴിൽ ലഭിക്കാനുള്ള സാധ്യത കുറവാണ്. അത്രയും തൊഴിലവസരങ്ങളും ഇല്ല. അഥവാ ഉണ്ടെങ്കിൽതന്നെ ആ നാട്ടുകാരേയും സമാനരായ മറ്റ് രാജ്യക്കാരെയുമാണ് വിദേശങ്ങളിൽ മുഖ്യമായും പരിഗണിക്കുക. രോഗീപരിചരണത്തിനും അനുബന്ധവിഭാഗങ്ങളിലും അടിസ്ഥാന തൊഴിൽ മേഖലകളിലുമാണ് മിക്കവാറും യൂറോപ്യൻ രാജ്യങ്ങളിൽ കൂടുതൽ തൊഴിലവസരങ്ങളുള്ളത്. മലയാളി വിദ്യാർത്ഥികളിൽ ഭൂരിപക്ഷവും പഠനകാലയളവിലും അതിനുശേഷവും ചെയ്യുന്ന തൊഴിലുകൾ മിക്കവാറും എൻട്രി ലെവൽ തൊഴിലുകൾ തന്നെയാണ്. കെയർ ഹോം, സൂപ്പർ മാർക്കറ്റ്, പെട്രോൾ പമ്പ്, ക്ലീനിംഗ്, ഡ്രൈവർ, ജനറൽ വർക്ക്സ് തുടങ്ങിയ അടിസ്ഥാന ജോലികൾ. സ്റ്റുഡന്റ് വിസയിൽ നിന്ന് ജോബ് വിസയിലേക്ക് മാറിയാലും പെർമനെന്റ് റസിഡൻസി ലഭിക്കാൻ പിന്നെയും കടമ്പകളേറെ കടക്കണം. അന്നാട്ടിലെ ഗവൺമെന്റിന്റെ രാഷ്ട്രീയ തീരുമാനത്തെക്കൂടി ആശ്രയിച്ചിരിക്കും ഇത്.

ജർമ്മനിപോലുള്ള ചില രാജ്യങ്ങൾ ഒഴിച്ചു നിർത്തിയാൽ ബിരുദതലം മുതലുള്ള പഠനം വളരെ ചിലവേറിയതാണ്. സ്കൂൾ തലത്തിലുള്ള വിദ്യാഭ്യാസം മാത്രമേ സൗജന്യമായുള്ളു. ആഗോളീകരണകാലത്ത് വിദ്യാഭ്യാസം ഒരു കച്ചവടച്ചരക്കാണ്. കോഴ്സുകളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും പരസ്യങ്ങൾ ശ്രദ്ധിച്ചാൽ തന്നെ ഇതു മനസ്സിലാവും. ഉന്നത നിലയിൽ പ്രവർത്തിക്കുന്ന ഹാർവാഡ്, എം. ഐ.ടി., ലണ്ടൻ, ടൊറന്റോ, കേംബ്രിഡ്ജ്, കൊളംബിയ, സ്റ്റാൻഫർഡ് തുടങ്ങിയവ പ്രശസ്തമായ സർവ്വകലാശാലകളിൽ പഠിക്കാൻ പോകുന്ന വിദ്യാർത്ഥികളുടെ എണ്ണം പരിമിതമാണ്. ഇത്തരം സർവ്വകലാശാലകളിൽ അഡ്മിഷൻ

കിട്ടുക തന്നേ വലിയ ബുദ്ധിമുട്ടാണ്. ഉയർന്ന മെറിറ്റും നിർബന്ധമാണ്. കൂടാതെ വലിയ ഫീസും ഉണ്ടായിരിക്കും. വിവിധ സ്കോളർഷിപ്പോടുകൂടിയേ ആ നാട്ടുകാർക്കുപോലും പഠനം പൂർത്തിയാക്കാൻ സാധിക്കൂ.

സ്വകാര്യവിദ്യാഭ്യാസ സ്ഥാപനങ്ങളിലാണ് മലയാളികൾ കൂടുതലായി പഠിക്കാൻ പോകുന്നത്. പ്രശസ്തമായ ഏതെങ്കിലും സ്ഥാപനങ്ങളുമായി അഫിലിയേഷൻ ഈ സ്ഥാപനങ്ങൾക്കുണ്ടായിരിക്കും. പലവിധ തരികിട റാങ്കിംഗ് സംവിധാനങ്ങളുമുണ്ട്. ഉയർന്ന കമ്മീഷൻ നൽകി മൂന്നാം ലോക രാജ്യങ്ങളിലെ കൺസൾട്ടൻസികളെ ഇവർ സ്വാധീനിക്കുകയും ചെയ്യും. ഇന്റർനാഷണൽ വിദ്യാർത്ഥികളിൽനിന്ന് അമിതമായ ഫീസ് വാങ്ങിയിട്ട് വേണം ആ നാട്ടിലെ വിദ്യാർത്ഥികളെ പഠിപ്പിക്കാൻ.

പ്ലസ്ടുവിന് 75% ൽ കൂടുതൽ മാർക്ക് ഇംഗ്ലീഷിനു ലഭിക്കുന്നവർക്ക് യു.കെ.യിൽ പഠിക്കാൻ IELTS ആവശ്യമില്ല. വളരെ കുറഞ്ഞ IELTS സ്കോറിൽ മറ്റ് പല രാജ്യങ്ങളിൽ പഠിക്കാം. ആഴ്ചയിൽ പതിനാറ് മണിക്കൂർ മാത്രമെ വിദേശ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പരമാവധി ക്ലാസ് ഉണ്ടായിരിക്കുകയുള്ളു. ഇതിൽ ഓൺലൈൻ ക്ലാസുകളും ഉൾപ്പെടും. കൂടാതെ സെമസ്റ്റർ ബ്രേക്കുകളും ഉണ്ട്. മാനേജ്മെന്റ്പോലുള്ള പല വിഷയങ്ങളിലും പരീക്ഷപോലുമില്ല. അസൈൻമെന്റും പ്രൊജക്ട് വർക്കുകളുമൊക്കെ നോക്കിയാണ് ഇവാലുവേഷൻ നടത്തുന്നത്. മലയാളി വിദ്യാർത്ഥികൾ ഇതിനു കുറുക്കുവഴി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിൽ അസൈൻ മെന്റുകളും പ്രോജക്ടുകളും എഴുതി കൊടുക്കുന്നവരുണ്ട്. 10,000 രൂപ മുതൽ മുകളിലോട്ടവർ ഫീസ് വാങ്ങുന്നു. ഈ പണം പാർട്ട്ടൈം ജോലി ചെയ്ത് വിദ്യാർത്ഥികൾ ഉണ്ടാക്കും. വിദേശപഠനം നടത്തുന്ന ശരാശരിക്കാരായ പലർക്കും വിഷയത്തിലുള്ള പരിജ്ഞാനം വളരെ പരിമിതമായിരിക്കും. ഇന്ത്യയിലവർക്ക് ജോലി ലഭിക്കാനുള്ള സാധ്യത വളരെ കുറവാണ്.

വിദേശപഠനവും കുടിയേറ്റവും കേരളത്തിന്റെ സാമൂഹിക-സാമ്പത്തിക ഘടനയിൽ പ്രത്യാഘാതം സൃഷ്ടിക്കും. യു.ജി.സി.യുടെ കണക്കനുസരിച്ച് 2021 ൽ 2.3– 2.48 ലക്ഷം കോടി രൂപയാണ് വിദേശപഠനത്തിലൂടെ രാജ്യത്തിനു പുറത്തേക്കു പോയത്. 2021 ൽ കേരളത്തിൽ നിന്നുമാത്രം 56000 കോടി രൂപയാണ് പുറത്തേക്കൊഴുകിയത്. നിലവിൽ കേരളത്തിൽ 40 ലക്ഷത്തോളം അതിഥി തോഴിലാളികൾ ഉണ്ടെന്നാണ് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ നടത്തിയ പഠനത്തിൽ പറയുന്നത്. ഇതൊരു ആഭ്യന്തര കുടിയേറ്റമാണ്. കുറഞ്ഞത് 50,000 കോടി രൂപയെങ്കിലും മനുഷ്യശേഷി വിഭവ ഇനത്തിൽ കേരളത്തിനു പുറത്തേക്ക് പോകുന്നു. മാർക്കറ്റിൽ പണമില്ല. പണപ്പെരുപ്പവും വിലക്കയറ്റവും വർദ്ധിക്കുന്നു. ആളുകളുടെ വാങ്ങൽശേഷി പരിമിതപ്പെടുന്നു. ദരിദ്രമായിക്കൊണ്ടിരിക്കുന്ന കേരളത്തിൽ സർക്കാരിനും പൊതുജനങ്ങൾക്കും സ്വകാര്യസ്ഥാപനങ്ങൾക്കുമെല്ലാം ഭീകരമായ സാമ്പത്തിക ഞെരുക്കം അനുഭവപ്പെടുന്നു.

മെച്ചപ്പെട്ട ജീവിതസൗകര്യം ആഗ്രഹിച്ചുകൊണ്ട് വിദേശപഠനം നടത്തുന്നവർ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. മികച്ച സ്ഥാപനങ്ങളിൽ അഡ്മിഷൻ കിട്ടാൻ മെറിറ്റ് പ്രധാന ഘടകമാണ്. ഏജൻസികളെ പൂർണ്ണമായും വിശ്വസിക്കരുത്. പണം കടം വാങ്ങിയും വീട് പണയപ്പെടുത്തിയും വലിയ തുക ലോണെടുത്തും വിദേശപഠനം നടത്താനൊരുങ്ങുന്നവർ പലവട്ടം ചിന്തിക്കുക. വിദേശ പഠനം നടത്തി തൊഴിലും പി.ആറും ലഭിക്കാതെ മടങ്ങി വന്നാലും അത് നിങ്ങളുടെ കുടുംബത്തിന്റെ സാമ്പത്തിക സുസ്ഥിരതയെ ബാധിക്കില്ലെങ്കിൽ നിങ്ങൾക്കു ധൈര്യമായി വിദേശ പഠനം നടത്താം. കോഴ്സ് കാലാവധി തീരുംവരെ ജീവിക്കാനുള്ള ചിലവു കാശും നാട്ടിലേക്കു വരാനുള്ള വണ്ടിക്കാശും കയ്യിൽ കരുതണം. പഠനത്തോടൊപ്പം ജോലി ചെയ്യാനുള്ള സാഹചര്യം എല്ലായ്പ്പോഴും ഉണ്ടാകണമെന്നില്ല. ഫീസിളവുകളെയാണ് സ്കോളർഷിപ്പുകളായി ഏജൻസികൾ അവതരിപ്പിക്കുന്നത്.

നമ്മൾ ചില യാഥാർത്ഥ്യത്തെ തിരിച്ചറിയണം. ഇന്ത്യയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും വിദ്യാഭ്യാസ സമ്പ്രദായങ്ങളേയും അടച്ചാക്ഷേപിക്കുന്ന പ്രവണത വർദ്ധിച്ചുവരുന്നു. അതൊരുതരം ഒഴിവുകഴിവ് കണ്ടെത്തലാണ്. ഉന്നത നിലവാരമുള്ള എത്രയോ സ്ഥാപനങ്ങൾ നമ്മുടെ നാട്ടിലുണ്ട്. പല യൂറോപ്യൻ രാജ്യങ്ങളിൽ നിന്നും MBBS പഠിച്ച് ഡോക്ടറാവുന്നതിനേക്കാൾ എത്രയോ മിടുക്കന്മാരാണ് കേരളത്തിലെ ഗവ. മെഡിക്കൽ കോളേജുകളിൽനിന്നും പഠിച്ചിറങ്ങുന്നവർ. ലോകത്തേറ്റവും കുറഞ്ഞ ചിലവിൽ പഠിക്കാനും ഉന്നതബിരുദമായ ഡോക്ടറേറ്റ് വരെ എടുക്കാൻ കഴിയുന്ന ലോകത്തിലെ അപൂർവ്വം രാജ്യങ്ങളിലൊന്നാണ് ഇന്ത്യ. 1 മുതൽ 12 ക്ലാസ് വരെ ഒരു കുട്ടിയെ പഠിപ്പിക്കാൻ 12 ലക്ഷം രൂപ വരെ സർക്കാരിനു ചിലവാകുന്നുണ്ട്. കേരളത്തിലെ അടിസ്ഥാന വിദ്യാഭ്യാസ സമ്പ്രദായം ലോകത്തിനുതന്നേ മാതൃകയാണ്.

മുമ്പ് ഉന്നത വിദ്യാഭ്യാസത്തിനായിരുന്നു വിദ്യാർത്ഥികൾ വിദേശത്തു പോയിരുന്നതെങ്കിൽ ഇന്ന് പന്ത്രണ്ടാം ക്ലാസിനുശേഷം പുറത്തേക്കുപോകുന്നു. ശരാശരിക്കാരും അതിൽ താഴെയുമുള്ള വിദ്യാർത്ഥികളാണ് വിദേശത്ത് പഠിക്കാൻ പോകുന്നവരിൽ ഭൂരിപക്ഷവും. അവരുടെ പ്രധാന ലക്ഷ്യം കുടിയേറ്റമാണ്. മികച്ച ഒരു തൊഴിൽ ലഭിക്കുക. അതിലൂടെ തൊഴിൽപരമായ ആനന്ദം അനുഭവിക്കുകയും ചെയ്യുക എന്നത് പ്രധാന ഘടകമാണ്. കേരളത്തിൽ എല്ലാവർക്കും അവരുടെ താല്പര്യമനുസരിച്ചു തൊഴിൽ ലഭിക്കാനുള്ള സാഹചര്യമല്ല എന്നതൊരു വസ്തുതയാണ്. മെറിറ്റും കഴിവും ഒരു പ്രധാന ഘടകമാണ്. ലോകത്തെല്ലായിടത്തും സമാനസാഹചര്യമാണുള്ളത്.

ഉയർന്ന ധൈഷണികശേഷിയും അക്കാദമിക മികവുമുള്ള വിദ്യാർത്ഥികൾ ഇന്ത്യയിലെ നിലവാരമുള്ള സ്ഥാപനങ്ങളിൽ പഠനം നടത്തുന്നതായിരിക്കും ഉചിതം. എന്നാൽ ഇവിടെ അഡ്മിഷൻ ലഭിക്കാൻ കഠിനമായ തയ്യാറെടുപ്പുകൾ നടത്തണം. എൻട്രൻസ് പരീക്ഷ പാസാകണം. അതിനുള്ള ശേഷി ഇല്ലാത്തവരാണ് വിദേശ പഠനം നടത്തുന്നവരിൽ ഭൂരിപക്ഷവും. വളരെ മിടുക്കരും സാമ്പത്തികം കുറഞ്ഞവർക്കും തിരഞ്ഞെടുക്കാൻ പറ്റുന്ന ചോയ്സ് ഇന്ത്യയിൽതന്നെ തുടർപഠനം നടത്തുക എന്നതാണ്. മികച്ച അവസരവും ഉയർന്ന സ്കോളർഷിപ്പും ലഭിക്കുകയാണെങ്കിൽ വിദേശത്ത് ഉന്നത പഠനം നടത്തുക. ഗവേഷണമേഖലയിൽ നിരവധി അവസരങ്ങൾ വിദേശത്തുണ്ട്. ഒരേ സമയം പഠനവും ജോലിയുമാണത്. അക്കാദമിക മെറിറ്റുള്ളവർക്ക് മികച്ച തൊഴിലവസരങ്ങൾ ഇന്ത്യയിൽ കണ്ടെത്താൻ സാധിക്കും. അല്ലെങ്കിൽ ഇന്ത്യയിൽ പഠനം നടത്തിയതിനുശേഷം വിദേശജോലികൾക്ക് ശ്രമിക്കാവുന്നതേയുള്ളു. വിദേശരാജ്യങ്ങളിൽ ഉയർന്ന സ്ഥാനങ്ങളിൽ ജോലി ചെയ്യുന്ന ഇന്ത്യാക്കാരിൽ ബഹു ഭൂരിപക്ഷവും ഇന്ത്യയിൽ പഠനം പൂർത്തീകരിച്ചവരാണ്. നേഴ്സിംഗും അനുബന്ധ കോഴ്സുകളും ഉയർന്ന വിദ്യാഭ്യാസ യോഗ്യതയായി പരിഗണിക്കാനാവില്ലെങ്കിലും നിലവിലെ സാഹചര്യത്തിലതിന് വിദേശത്ത് തൊഴിൽ സാധ്യതയുണ്ട്. എന്നാൽ മറ്റ് പല ജോലികൾക്കും കോഴ്സുകൾക്കും ഇതുണ്ടാവണമെന്നില്ല. വിദേശപഠനം എന്ന ട്രെൻഡ് എത്ര നാൾ ഉണ്ടാകണമെന്നും അവരിൽ എത്ര

പേർക്ക് വിദേശത്ത് കുടിയേറാനും നല്ല ജോലി സമ്പാദിക്കാനും കഴിയും എന്ന കാര്യത്തിലും ഉറപ്പില്ല. യൂറോപ്പിൽ അടിസ്ഥാന തൊഴിലുകൾ ചെയ്യുന്ന സാധാരണക്കാരായ ആളുകളുടെ അഭാവമുണ്ട്. ഈ വിടവ് നികത്താനാണ് ഇന്ത്യ അടക്കമുള്ള ലോകരാജ്യങ്ങളിൽ നിന്നും ആളുകളെ റിക്രൂട്ട് ചെയ്യുന്നത്. ഇത് എത്രനാൾ തുടരും. എങ്കിലും ഇപ്പോഴും നിരവധിപേർ വിദേശത്ത് സെറ്റിൽ ആകുന്നുണ്ട്. അവരിൽ നല്ലൊരു പങ്കും തൊഴിൽ വിസയിൽ പോയി സെറ്റിലായതാണ്. ഇത്രയും എഴുതിയതുകൊണ്ട് ഒരു കാര്യംകൂടി പറയട്ടെ, ഈ ലേഖകൻ വിദേശപഠനത്തിനും വിദേശവാസത്തിനും എതിരല്ല. സാധിക്കുന്നവർ അതിന് ആത്മാർത്ഥമായി ശ്രമിക്കണം. മികച്ചൊരു അവസരം കിട്ടിയാൽ അത് പ്രയോജനപ്പെടുത്തണം. എന്നാൽ ഇത്തരം കാര്യങ്ങൾക്ക് ഇറങ്ങി പുറപ്പെടുമ്പോൾ കുറച്ച് ജാഗ്രത കാട്ടണമെന്നുമാത്രം.

ഒരു ശരാശരി മലയാളിയെ സംബന്ധിച്ച് പറുദീസയാണ് അമേരിക്കയും യൂറോപ്പും. ഉയർന്ന ജീവിത നിലവാരവും അടിസ്ഥാന സൗകര്യവികസനവും വ്യക്തിസ്വാതന്ത്ര്യവും ഉന്നതമായ തൊഴിൽ സംസ്കാരവുമൊക്കെ ആകർഷണീയമാണ്. ഇത്തരം സാഹചര്യങ്ങൾ പരമാവധി ഉപയോഗപ്പെടുത്തുന്നതിൽ തെറ്റില്ല. എന്നാൽ ഇന്ത്യയിലും കേരളത്തിലും മുഴുവൻ കുഴപ്പങ്ങളാണെന്ന പ്രചരണവും ഇവിടുത്തെ രാഷ്ട്രീയ-ഉദ്യോഗസ്ഥ-വിദ്യാഭ്യാസ-ഭരണരംഗങ്ങളെല്ലാം താറുമാറായി കിടക്കുകയാണെന്നും കേരളത്തിലെ ജീവിതം ദുഃസ്സഹമാണെന്നും യുവജനങ്ങൾക്ക് ഇവിടെ ഭാവിയില്ലെന്നുമുള്ള വാദം അതിഭാവുകത്വം നിറഞ്ഞതും കാല്പനികവുമാണ്. ലോകത്തെ വിവിധ രാജ്യങ്ങളിലെ സാമൂഹ്യ സാഹചര്യങ്ങളും കാലാവസ്ഥയും നോക്കിയാൽ കേരളം ദൈവത്തിന്റെ സ്വന്തം നാടുതന്നെയാണ്.

കേരളത്തിലെ വിദ്യാഭ്യാസ മേഖലയിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതുണ്ട് എന്ന കാര്യം വിസ്മരിക്കാനുമാവില്ല. പരമ്പരാഗത കോഴ്സുകൾ പഠിക്കാനിന്ന് ആളുകളില്ല. സ്വാശ്രയകോളേജുകൾ വില്പനയ്ക്കു വെച്ചിരിക്കുന്നു. വിദേശത്തേതുപോലെ ജോബ് ഓഡിറ്റിംഗ് നടത്തി ആ ജോലിക്ക് പറ്റിയ കോഴ്സിവിടെ പഠിപ്പിക്കണം. കേരളത്തിൽ ബിരുദതലത്തിൽ 240 കോഴ്സുകളാണുള്ളത്. എന്നാൽ വിദേശത്ത് 1500 ആണ്. വിദ്യാഭ്യാസത്തിൽ മൂന്ന് ഘടകങ്ങളുണ്ട്. നോളഡ്ജ്, സ്കിൽ, വാല്യു ഇവ മൂന്നും ലഭിക്കുന്ന വിദ്യാഭ്യാസ സമ്പ്രദായം ഇവിടെ കൊണ്ടുവരണം. വൈകിയാണെങ്കിലും സർക്കാരും സമൂഹവും ഈ കാര്യങ്ങൾ തിരിച്ചറിയുന്നു എന്നത് ആശ്വാസകരമാണ്. വിദേശപഠനം നിയന്ത്രിക്കുമെന്ന് വിദ്യാഭ്യാസ മന്ത്രി. എയർപോർട്ട് കത്തിക്കുമെന്ന് ട്രോളന്മാർ. അതെന്തായാലും ഈ വിഷയമിന്ന് എല്ലാതലങ്ങളിലും ഗൗരവമായി ചർച്ച ചെയ്യാൻ തുടങ്ങി. പതിവുപോലെ വിഷയം പഠിക്കുവാൻ കമ്മിറ്റികളെ സർക്കാർ നിയോഗിച്ചിട്ടുണ്ട്.

ക്നാനായ സമുദായം ഇന്ന് വലിയൊരു പ്രതിസന്ധിയെ അഭിമുഖീകരിക്കുന്നു എന്ന കാര്യം പറയാതെ വയ്യ. നിരവധിപേരാണ് സ്വന്തം കിടപ്പാടംവരെ പണയപ്പെടുത്തി ലോണെടുത്തും കടം വാങ്ങിയും വിദേശപഠനം നടത്തുന്നത്. ഇങ്ങനെ പോകുന്നവരിൽ വലിയൊരു പങ്കും ശരാശരിക്കാരായ വിദ്യാർത്ഥികളായിരിക്കും. തൊഴിൽ രഹിതനായി അവർ തിരിച്ചുവരുന്ന അവസ്ഥ സങ്കല്പിക്കാൻപോലും കഴിയില്ല. നിലവിലെ സാഹചര്യത്തിൽ നേഴ്സുമാരും അല്ലാത്തവരുമായ നിരവധിപേർ മറ്റിടങ്ങളിലേക്ക് കുടിയേറുന്നു. സാമാന്യനിരീക്ഷണം നടത്തിയാൽതന്നെ മനസ്സിലാകും മിക്കവാറും ക്നാനായ വീടുകളിലെ യുവജനങ്ങൾ വിദേശത്താണ്. എന്തെങ്കിലും മാർഗ്ഗമുണ്ടെങ്കിൽ പുറത്തുപോകാൻ തയ്യാറായിരിക്കുകയാണ്. സമുദായത്തിനുള്ളിലൊരു സർവ്വേ എടുത്താൽ ഈ കാര്യങ്ങളെക്കുറിച്ച് കൃത്യമായൊരു ധാരണ ലഭിക്കും. വൃദ്ധസദനങ്ങൾ പണിയുന്നതിനെക്കുറിച്ച് സഭാധികാരികൾ ചിന്തിക്കേണ്ടതുണ്ട്. ഇത് ക്നാനായക്കാരുടെ മാത്രം പ്രശ്നമല്ല. കേരളത്തിലെ ക്രൈസ്തവ സമൂഹത്തെ മൊത്തത്തിൽ ബാധിച്ചുകൊണ്ടിരിക്കുന്ന പ്രതിസന്ധിയാണത്. സ്ഥലപരിമിതിമൂലം കൂടുതൽ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ഇത്തരം കാര്യങ്ങളെക്കുറിച്ച് ആഴത്തിൽ വിചിന്തനം ചെയ്യേണ്ടതുണ്ട്.

*(മഹാത്മാഗാന്ധി സർവ്വകലാശാലയിലെ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മൾട്ടി ഡിസിപ്ലിനറി പ്രോഗ്രാംസ് ഇൻ സോഷ്യൽ സയൻസിലെ അദ്ധ്യാപകനാണ് ലേഖകൻ.)*


# TENDER

Inviting Tender from experienced and eligible Contractors for allied works of Landscaping, Roads, and Canteen etc. for the propsedSevorious Knanaya College, Thottakad, Kottayam.

Documents related to the Tender will be available from Samudaya Office from 15/04/2023 to 22/04/2023 till 5pm .Cost of the Tender form will be Rs 7500/-

A demand draft should be drawn in the name of "Trustee, Malankara Syrian Knanaya Samudayam" as EMD Rs.100000/-

Last date for Tender submission is 25/04/2003 at 4.30 pm

Samudaya Trustee
Malankara Syrian Knanaya Archdiocese
MorEpharaimSeminary ,Chingavanam
Ph: 0481 2430327




# ക്രിസ്തീയത എന്നത് മതമാണോ സഭയാണോ?

ക്രിസ്തീയത എന്നത് ഒരു മതമല്ല. മതം എന്നാൽ ചില പഠിപ്പിക്കലുകളുടേയും തത്ത്വസംഹിതകളുടേയും സിദ്ധാന്തങ്ങളുടേയും ഒക്കെ ആചാരമാണ്. യേശുക്രിസ്തു ഒരു മതം സ്ഥാപിച്ചിട്ടില്ല. അതിനാൽ ക്രിസ്തുമതം എന്നൊന്നില്ല. യേശുക്രിസ്തുവിലൂടെ സ്ഥാപിതമായത് പരിശുദ്ധ സഭയാണ്. ക്രിസ്തു തന്റെ മനുഷ്യാവതാരം, പരസ്യശുശ്രൂഷ, പീഡാനുഭവം, കുരിശുമരണം, പുനരുദ്ധാനം എന്നിവയിലൂടെ പരിശുദ്ധ സഭയ്ക്കു അടിസ്ഥാനമിട്ടു.

"ക്രിസ്തുയേശു തന്നെ മൂലക്കല്ലായിരിക്കെ നിങ്ങളെ അപ്പോസ്തോലന്മാരും പ്രവാചകന്മാരും എന്ന അടിസ്ഥാനത്തിന്മേൽ പണിതിരിക്കുന്നു. അവനിൽ കെട്ടിടം മുഴുവനും യുക്തമായി ചേർന്ന് കർത്താവിൽ വിശുദ്ധ മന്ദിരമായി വളരുന്നു. അവനിൽ നിങ്ങളേയും ദൈവത്തിന്റെ നിവാസമാക്കേണ്ടതിന് ആത്മാവിനാൽ ഒരുമിച്ച് പണിതുവരുന്നു. (എഫേ. 2:20-22). അതായത് ക്രിസ്തു മൂലക്കല്ലായി അടിസ്ഥാനമിട്ട ഒരു മന്ദിരമായി പരി. സഭയെ വി.ശുദ്ധ പൗലോസ് കാണുന്നു. സഭയിലേക്ക് ക്രിസ്തുവിലുള്ള വിശ്വാസം മൂലം ചേർക്കപ്പെടുന്ന ഓരോ വ്യക്തിയും ആ മന്ദിരത്തിന്റെ ഓരോ ശിലകളായി ചേർക്കപ്പെടുന്നു. മൂലക്കല്ലായ ക്രിസ്തുവും അടിസ്ഥാനശിലകളായ അപ്പോസ്തോലന്മാരും ഐക്യതയിലും വിശ്വാസ ശക്തിയിലും നില നിൽക്കുന്നതിനാൽ ഈ മന്ദിരം ഇളകുമെന്നോ, നശിക്കുമെന്നോ ഭയപ്പെടേണ്ടതില്ല. താൻ ആരെന്ന ക്രിസ്തുവിന്റെ ചോദ്യത്തിന് "നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ മശിഹായാകുന്നു" എന്ന വി. പത്രോസിന്റെ പരിശുദ്ധാത്മ പ്രേരിതമായ വിശ്വാസ പ്രഖ്യാപനത്തിലാണ് പരി. സഭ സ്ഥാപിതമായിരിക്കുന്നത് (വി.മത്താ. 16:13-18).

ക്രിസ്തു അടിസ്ഥാനമിട്ട ക്രൈസ്തവസഭ പെന്തക്കോസ്തു നാളിൽ പരിശുദ്ധാത്മാവിന്റെ വരവോടുകൂടി ശക്തമായ പ്രവർത്തനം ആരംഭിച്ചു. (അപ്പോ. 2-ാം അദ്ധ്യായത്തിൽ) ക്രിസ്തുവിൽ വിശ്വസിക്കുന്നവർ അവനിലൂടെ ദൈവം നടത്തിയ രക്ഷ അനുഭവിക്കുന്നു. അപ്പോൾ ക്രിസ്തുവിനെ അനുഭവിച്ചറിഞ്ഞവരുടേയും അറിയുന്നവരുടെയും കൂട്ടായ്മയാണ് പരി. സഭ. ക്രിസ്തുവിനോടൊപ്പം പരിശുദ്ധാത്മ ശക്തിയാൽ പിതാവിന്റെ ഭവനത്തിലേക്ക് പ്രയാണം നടത്തുന്നവളാണ് സഭ.

രണ്ടാമത് പരി. സഭ ക്രിസ്തുവിന്റെ മണവാട്ടിയും മൗതീക ശരീരവുമാണ്. ഭാര്യ-ഭർത്തൃബന്ധത്തിൽ രണ്ട് ശരീരങ്ങൾ ഒരു ശരീരമായിത്തീരുന്നതുപോലെ വിശ്വാസത്തിന്റെ ശക്തിയാൽ ക്രിസ്തു വും വിശ്വാസികളും ഒരു ശരീരമായിത്തീരുന്ന അനുഭവമാണ് സഭ. ക്രിസ്തുവിലും പരിശുദ്ധ ത്രിത്വത്തിലുമുള്ള വിശ്വാസമാണ് ഒരാളെ വിശ്വാസിയാക്കുന്നത്. വിശ്വസിക്കുന്നവർ സഭയിലംഗമായി വിശ്വാസത്തിനും വചനത്തിനും അനുസരിച്ച് ജീവിക്കും. അതുകൊണ്ട് ക്രിസ്തീയത എന്നു പറയുന്നത് ചില ആചരണങ്ങളേക്കാൾ ഉപരി ഒരു വലിയ ജീവിത അനുഭവമാണ്. പ്രശസ്ത പൗരസ്ത്യ തത്വചിന്തകനും ഇന്ത്യയുടെ പ്രഥമ പ്രസിഡന്റും ആയിരുന്ന Dr. Radhakrishnan ക്രിസ്ത്യാനിറ്റിയെപ്പറ്റി പറഞ്ഞത് "Christianity is not a religion but it is Personal Experience in Christ" എന്നാണ്. അതായത് ക്രിസ്തീയത എന്നത് വെറും ഒരു മതമല്ല പ്രത്യുത ഓരോ വ്യക്തികൾക്കും അനുഭവിക്കാൻ സാധിക്കുന്ന വ്യക്തിപരമായ ഒരു അനുഭവമാണ്.

എന്നാൽ ഇന്ന് ക്രിസ്തീയത എന്നത് ക്രിസ്തുവിലുള്ള അനുഭവത്തിൽനിന്ന് വ്യതിചലിച്ച് ഭൗതിക അധികാരവും സമ്പത്തും ഒക്കെ മുന്നിൽ കണ്ട് നടത്തുന്ന ചില ആചാര അനുഷ്ഠാനങ്ങളായി അധ:പതിച്ചിരിക്കുന്നു എന്നത് വളരെ ഖേദകരമായ അവസ്ഥയാണ്.

പരി. സഭയിൽ ക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടേയും വിശ്വാസ ജീവിതത്തിന്റേയും അന്ത:സത്ത രണ്ടു ബന്ധങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. ഒന്ന് സൃഷ്ടിയായ മനുഷ്യന് തന്റെ സൃഷ്ടിതാവിനോടുള്ള ബന്ധവും, രണ്ട് സൃഷ്ടിയായ മനുഷ്യന് തന്റെ സമ സൃഷ്ടികളോടുള്ള ബന്ധവുമാണ്. പഴയനിയമത്തിലെ ന്യായപ്രമാണങ്ങളുടേയും പുതിയ നിയമത്തിൽ യേശുക്രിസ്തുവിന്റെ പഠിപ്പിക്കലുകളുടേയും ഉള്ളടക്കം ഈ ദ്വിമുഖ ബന്ധത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഈ രണ്ടു ബന്ധങ്ങളിൽ നാം നില നിൽക്കുമ്പോൾ സ്വർഗ്ഗരാജ്യ അനുഭവത്തിലും ഈ ബന്ധങ്ങളിൽ നിന്നകലുമ്പോൾ സ്വർഗ്ഗരാജ്യത്തിൽ നിന്നകന്നവരും ആകുന്നു. പഴയ നിയമത്തിലെ പത്തു കല്പനകളിൽ ആദ്യത്തെ നാലു കല്പനകൾ ദൈവ-മനുഷ്യ ബന്ധത്തേയും അവസാനത്തെ ആറു കല്പനകൾ മനുഷ്യ- മനുഷ്യ ബന്ധത്തേയും സൂചിപ്പിക്കുന്നു. അതായത് ദൈവത്തെ സ്നേഹിക്കുന്ന ആർക്കും ആദ്യത്തെ നാലു കല്പനകൾ ലംഘിക്കാനാവില്ല. അതുപോലെ മനുഷ്യരെ സ്നേഹിക്കുന്ന ആർക്കും അവസാനത്തെ ആറു കല്പനകൾ ലംഘിക്കാനാവില്ല. ചുരുക്കത്തിൽ ദൈവസ്നേഹം, മനുഷ്യസ്നേഹം എന്നീ രണ്ട് തൂണുകളിലാണ് പരി.സഭ നിലനിൽക്കുന്നത്. "ദൈവരാജ്യം എപ്പോൾവരും എന്ന പരീശന്മാരുടെ ചോദ്യത്തിന് ദൈവരാജ്യം നിങ്ങളുടെ ഇടയിൽ തന്നെ ഉണ്ട്." (ലൂക്കോ. 17:20-21) എന്ന ക്രിസ്തുവിന്റെ മറുപടി ഈ ദ്വിമുഖ ബന്ധത്തിലുള്ള ജീവിതത്തെയാണ് സൂചിപ്പിക്കുന്നത്.

ന്യായപ്രമാണത്തിലെ ഏറ്റവും വലിയ കല്പന ഏത് എന്ന ന്യായ ശാസ്ത്രിയുടെ ചോദ്യത്തിന് "നിന്റെ ദൈവമായ കർത്താവിനെ നീ പൂർണ്ണ ഹൃദയത്തോടും പൂർണ്ണത്മാവോടും പൂർണ്ണ മനസ്സോടും പൂർണ്ണശക്തിയോടും സ്നേഹിക്കണം എന്നും രണ്ടാമത്തേതോ, കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം" (മർക്കോ.12:28-31) എന്നും ഇവയിൽ വലുതായിട്ടുള്ള കല്പന ഇല്ല എന്നുമുള്ള യേശുവിന്റെ മറുപടിയും മേൽപ്പറഞ്ഞ രണ്ടു ബന്ധങ്ങളെ സൂചിപ്പിക്കുന്നു. യേശു പറഞ്ഞ ഈ ബന്ധങ്ങൾ ഏറ്റുപറഞ്ഞ ശാസ്ത്രിയോട് അവൻ "നീ ദൈവരാജ്യത്തോട് അകന്നവനല്ല" എന്നു പറഞ്ഞു (മർക്കോ. 12:34) അകന്നവനല്ല എന്നു പഞ്ഞാൽ അടുത്തവൻ എന്നാണല്ലോ അർത്ഥം. അപ്പോൾ നാം സ്വർഗ്ഗരാജ്യത്തോട് അടുക്കുന്നതും അത് അവകാശമാക്കുന്നതും മേൽപ്പറഞ്ഞ രണ്ടു ബന്ധങ്ങൾ ജീവിതത്തിൽ നിലനിർത്തുമ്പോളാണന്നു വ്യക്തം.

പരി. സഭയിൽ ഈ ബന്ധങ്ങൾ സംരക്ഷിക്കപ്പെടുമ്പോൾ സഭ ഭൂമിയിലെ സ്വർഗ്ഗം എന്നു പറയാം. ഈ ബന്ധം ഇല്ലെങ്കിൽ ചില ആചാരാനുഷ്ഠാനങ്ങൾ നടത്തുന്ന കുറെ ആളുകളുടെ കൂട്ടമായി അധ:പതിക്കും. ആയതിനാൽ ദൈവ-മനുഷ്യ, മനുഷ്യ മനുഷ്യ ബന്ധങ്ങളിൽ വിശ്വാസികളെ നിലനിർത്തുകയും ഈ ബന്ധങ്ങൾ സംരക്ഷിക്കപ്പെടുവാൻ പരിശ്രമിക്കുകയും ചെയ്യുക എന്നതാണ് പരി. സഭയുടെ അടിസ്ഥാന ദൗത്യം. ●




റവ. ഫാ. നോബിൻ തോമസ്, ഇളകുറ്റൂർ

## പുതു ഞായർ
## യോഹ. 20:19 – 31 (16–4–2023)

വിശ്വാസം ക്രൈസ്തവ ജീവിതത്തിന്റെ അടിസ്ഥാന പ്രമാണങ്ങളിൽ ഒന്നാകുന്നു. വിശ്വാസം ഇല്ലാതെ ഒരു ക്രൈസ്തവന് തന്റെ ആദ്ധ്യാത്മിക ജീവിതത്തിൽ ഉറച്ചു നിൽക്കുവാൻ പ്രയാസമാണ്. സമാന്തര സുവിശേഷങ്ങളിൽ കാണപ്പെടാത്തതും യോഹന്നാൻശ്ലീഹ മാത്രം രേഖപ്പെടുത്തുന്നതുമായ നമ്മുടെ കർത്താവ് തന്റെ ഉത്ഥാനത്തിനു ശേഷം തോമാശ്ലീഹായ്ക്ക് പ്രത്യക്ഷനായി ശ്ലീഹായെ വിശ്വാസത്തിൽ ഉറപ്പിക്കുന്നതായ ഈ വേദഭാഗം തീർച്ചയായും നമ്മുടെ വിശ്വാസജീവിതത്തെപ്പറ്റി ചിന്തിക്കുന്നതിനും അതിൽ വളർച്ച പ്രാപിക്കുന്നതിനും നമ്മെ സഹായിക്കുന്ന ഒന്നാണ്.

**ക്രിസ്തുവിന്റെ സാമീപ്യം ഭയത്തെ നീക്കം ചെയ്യുന്നു.**

യെഹൂദന്മാരെ ഭയന്ന് ശിഷ്യന്മാർ വാതിലുകൾ ബന്ധിച്ച് ഒരു മുറിക്കുള്ളിൽ ഇരിക്കുകയാണ്. അവരുടെ മദ്ധ്യത്തിൽ വന്നു നിന്നുകൊണ്ട് ക്രിസ്തു പറയുന്നു, നിങ്ങൾക്ക് സമാധാനം. അത് പറഞ്ഞിട്ട് തന്റെ കയ്യും വിലാപുറവും കാണിച്ചു കൊടുക്കുന്നു. ക്രിസ്തുവിനെ തിരിച്ചറിഞ്ഞപ്പോൾ അവർ സന്തോഷിച്ചു. ഭയത്തിന്റെ അവസ്ഥയിൽ ക്രിസ്തു സാന്നിധ്യം സന്തോഷം നൽകുന്നു. ദൈവം നൽകുന്ന സന്തോഷവും സമാധാനവും ലഭിക്കുവാൻ ദൈവത്തെ ജീവിതത്തിലേക്ക് ക്ഷണിക്കണം. രോഗപീഠകളിൽ സമാധാനം (മർക്കോ. 5:34), ആകുലതയിൽ സമാധാനം (മത്ത.11:28), ദൈവ – മനുഷ്യബന്ധത്തിൽ സമാധാനം സ്ഥാപിക്കുന്നു (എഫേ 2:14, കൊലോ 1:20). ആത്മാവിനാൽ ക്രിസ്തുവുമായി ബന്ധിക്കപ്പെടുന്നവർക്ക് ക്രിസ്തുവിന്റെ സമാധാനം ലഭിക്കും (റോമ. 8:6) വേദപുസ്തക പണ്ഡിതന്മാർ ശിഷ്യന്മാരുടെ ഈ കൂടിവരവിനെ സഭയുടെ ആരാധനാ സമൂഹത്തിന്റെ കൂടിവരവായാണ് വ്യാഖ്യാനിക്കുന്നത്. ആരാധനാ സമൂഹത്തിലാണ് ക്രിസ്തു സാന്നിദ്ധ്യം ഉണ്ടാകുന്നത്. ദൈവാരാധനയിലിരിക്കുന്ന ഒരാൾക്ക് ദൈവസാന്നിദ്ധ്യ ബോധ വും അതുവഴി സമാധാനവും ഉണ്ടാകും.

**വിശ്വാസിക്കു നിങ്ങൾ വിശ്വസ്തരാകും–**

യേശുവിനെ കർത്താവും ദൈവവുമായി ഏറ്റുപറയുന്നതിന് തോമ്മാശ്ലീഹായ്ക്ക് യേശുവിന്റെ ശരീരം സ്പർശിച്ചു നോക്കേണ്ടിവന്നു. തങ്ങൾ പ്രതീക്ഷിച്ചിരുന്ന രക്ഷകൻ യേശു തന്നെയാണ് എന്ന് വിശ്വസിക്കുന്നതിന് അടയാളങ്ങളും അത്ഭുതങ്ങളും ആവശ്യപ്പെട്ട യഹൂദന്മാരുടെ പ്രതീകമാണ് തോമാശ്ലീഹ എന്നാൽ യഹൂദന്മാരുടെ അവിശ്വാസവും തോമാശ്ലീഹായുടെ അവിശ്വാസവും തമ്മിൽ കാതലായ വ്യത്യാസമുണ്ട്. ആദ്യത്തെ കൂട്ടരുടെ അവിശ്വാസം കാപട്യത്തിൽനിന്നും അഹംഭാവത്തിൽനിന്നും വക്രതയിൽ നിന്നുമുള്ളതായിരുന്നു. അതുകൊണ്ടായിരുന്നു അവർ യേശുവിന്റെ എല്ലാ പ്രവർത്തനങ്ങളിലും വചനങ്ങളിലും കുറ്റം കണ്ടു പിടിക്കാൻ ശ്രദ്ധിച്ചത്. യേശുവിൽ നിന്ന് പുറപ്പെട്ട നന്മയുൾക്കൊള്ളുന്നതിനുള്ള എളിമയും നേർബുദ്ധിയും അവർക്കില്ലായിരുന്നു. എന്നാൽ തോമ്മാശ്ലീഹായുടെ അവിശ്വാസം അദ്ദേഹത്തിന്റെ നിഷ്ക്കളങ്കതയിൽനിന്നും എളിമയിൽനിന്നും യേശുവിനെ പൂർണ്ണമായി മനസ്സിലാക്കാനുള്ള തീക്ഷ്ണതയിൽ നിന്നുമുള്ളതായിരുന്നു. തന്റെ എളിയ ബുദ്ധിക്ക് മനസ്സിലാക്കാൻ പ്രയാസമായ യേശുവിന്റെ ഉയിർപ്പെന്ന വലിയ യാഥാർത്ഥ്യത്തെ തനിക്ക് വെളിപ്പെടുത്തികിട്ടുന്നതിന് ആഗ്രഹിച്ചു. യേശുവിനെ കാണുന്നതിനും അനുഭവിക്കുന്നതിനും നിഷ്കളങ്കവും ആത്മാർത്ഥവുമായ ആഗ്രഹത്തോടെ യേശുവിനെ സമീപിക്കുന്നവർക്ക് അവന്റെ സാന്നിദ്ധ്യം ലഭിക്കുന്നു.

നമ്മുടെ വ്യക്തിഗത ജീവിതത്തിൽ വിശ്വാസത്തിന്റെ സ്ഥാനമെന്തെന്ന് ചിന്തിക്കുന്നത് നല്ലതാണ്. നീ ജീവനുള്ള ദൈവത്തിന്റെ പുത്രനാകുന്നു എന്ന പത്രോസിന്റെ പ്രഖ്യാപനം പത്രോസിന്റെ യേശുവിലുള്ള വിശ്വാസം സ്പഷ്ടമാകുന്നു. “എന്റെ കർത്താവും എന്റെ ദൈവവുമെ” എന്നു മഹത്തരമായ വാചകത്തിലൂടെ തോമ്മാശ്ലീഹാ വിശ്വാസം ഏറ്റു പറയുന്നു. ഈ വിശ്വാസ ചൈതന്യത്തിന്റെ നിറവാണ് അവരുടെ പ്രേഷിത വേലയും, ക്രിസ്തു നാമത്തെ പ്രതി രക്തസാക്ഷിത്വം വഹിക്കുന്നതും. അബ്രഹാമിന്റെയും ജോസഫിന്റെയും ദാവീദിന്റെയും വിശ്വാസം കൂടുതൽ സ്പഷ്ടമാക്കുന്നത് അവരുടെ വേദനകളുടെ മദ്ധ്യേ ദൈവത്തോടു ചേർന്നു നിന്നപ്പോഴാണ്. അതിനാൽ ദൈവം അവരെ സമൃദ്ധമായി അനുഗ്രഹിച്ചു. ഇതുപോലെ നമ്മുടെ ജീവിതത്തിൽ സംശയങ്ങളും പ്രതിസന്ധികളും അനുഭവപ്പെടുമ്പോൾ ക്രിസ്തു നാഥനോടു പറ്റിച്ചേരുന്നതിന് പരിശ്രമിക്കണം. ദൈവഹിതത്തിന് സമർപ്പിക്കുക. അപ്പോൾ വിശ്വാസത്തിന്റെ സജീവ സാക്ഷികളായി മാറാൻ നമുക്ക് സാധിക്കും. ജീവിത സാക്ഷ്യം അനേകരെ വിശ്വാസത്തിലേക്ക് ആകർഷിക്കും. നമ്മുടെ വിശ്വാസ ജീവിതം പ്രകടമാക്കുന്നത് ജീവിക്കുന്ന ദൈവത്തെ മറ്റുള്ളവർക്ക് കാണിച്ചുകൊടുക്കുന്നതിലൂടെയാണെന്ന് വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

## പുതു ഞായറാഴ്ചയ്ക്ക്ശേഷം ഒന്നാം ഞായർ
## യോഹ. 21:1 – 14 (23–04–2023)

ഉയിർപ്പിന്റെ യാഥാർത്ഥ്യം മനസ്സിലാക്കാതെ ശ്ലീഹന്മാർ അവരുടെ പഴയ തൊഴിലിലേക്ക് തിരിയുകയും എന്തു ചെയ്യണമെന്നറിയാതെ വിഷമിക്കുകയും ചെയ്തപ്പോൾ മൂന്നാം പ്രാവശ്യം കർത്താവ് അവർക്ക് പ്രത്യക്ഷപ്പെടുകയും ശിഷ്യന്മാരുടെ കണ്ണുകളെ തുറക്കുന്നതുമാണ് വേദഭാഗം.

**മറന്നുപോകുന്ന ദൗത്യത്തെ ഓർപ്പിക്കുന്നക്രിസ്തു:–**

മൂന്നരക്കൊല്ലം മുമ്പ് നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും എന്നു പറഞ്ഞ് വഞ്ചിയിൽനിന്ന് പിടിച്ചുകൊണ്ടു വരപ്പെട്ടവർ ഇപ്പോൾ അവരുടെ പഴയ വഴിയിലേക്ക് തിരിച്ചു പോകുമ്പോൾ അവരുടെ ദൗത്യത്തെക്കുറിച്ച് ഓർമ്മിപ്പിക്കുന്നവനായ ക്രിസ്തുവിനെയാണ് ഇവിടെ കാണുന്നത്.

ക്രിസ്തു ഏൽപ്പിച്ച ദൗത്യത്തിൽനിന്ന് പിന്മാറിപ്പോയാൽ ദൈവസ്നേഹത്തിൽ നിന്ന് അന്യരായിപ്പോകുമെന്നും അദ്ധ്വാനത്തിന് ഫലമുണ്ടാകുകയില്ല എന്നും ക്രിസ്തു സാമിപ്യം തിരിച്ചറിയാൻ സാധിക്കുകയില്ല എന്നും ഈ വചനങ്ങൾ നമ്മെ പഠിപ്പിക്കുന്നു. കുഞ്ഞുങ്ങളെ കൂടുവാൻ വല്ലതും ഉണ്ടോ എന്ന് ചോദിക്കുമ്പോഴും, പടകിന്റെ വലതുവശത്ത് വലയിടാൻ പറയുമ്പോഴും ശിഷ്യന്മാർക്ക് അത് ക്രിസ്തുവാണ് എന്ന് മനസ്സിലാകുന്നില്ല. വലിയ മത്സ്യങ്ങൾ ലഭിക്കുമ്പോൾ ഒരു ശിഷ്യനു മാത്രമാണ് അത് ക്രിസ്തു ആണ് എന്നു മനസ്സിലാക്കുന്നത്. ആ ശിഷ്യൻ യോഹന്നാനാണ്. യോഹന്നാനെക്കുറിച്ച് സുവിശേഷം യേശു സ്നേഹിച്ച ശിഷ്യൻ എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. യേശുവിനെ സ്നേഹിക്കുന്നവന് അവന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ ക്രിസ്തു സാമീപ്യം തിരിച്ചറിയാൻ സാധിക്കും. ഒരിക്കൽ നാം ഉപേക്ഷിച്ചത് തിരിച്ചെടുത്താൽ ശിഷ്യന്മാർക്ക് സംഭവിച്ചതുപോലെ ക്രിസ്തുവിനെ തിരിച്ചറിയാൻ സാധിക്കുകയില്ല. സ്നേഹത്തിലൂടെ അവിടുത്തെ അനുഭവിച്ചറിഞ്ഞ വ്യക്തിക്കു മാത്രമെ അതു കർത്താവാണെന്നു പറയാൻ സാധിക്കൂ. ഹൃദയ വിശുദ്ധിയും ഐക്യവും ഉണ്ടെങ്കിൽ മാത്രമെ ഈ സ്നേഹം നിലനിൽക്കുകയുള്ളു.

**പ്രാതൽ ഒരുക്കി കാത്തിരിക്കുന്ന ക്രിസ്തു..-**

ഉത്ഥിതനായ യേശു നമുക്കു നൽകുന്ന പുതുജീവനെയാണ് ഈ വിരുന്നു സൂചിപ്പിക്കുന്നത്. ഇസ്രായേൽ ജനത്തിന് ദൈവം നൽകിയ മന്ന (പുറ.16:18) വാഗ്ദാന ഭൂമിയിലേക്കുള്ള യാത്രയിൽ അവരെ തൃപ്തരാക്കിയതുപോലെ പുതിയ ഉടമ്പടിയിലെ ദൈവജനത്തിനു ലഭിച്ച നവജീവൻ നിലനിർത്താൻ യേശു നൽകുന്ന സ്വർഗ്ഗീയ മന്നയാണ് വി. കുർബ്ബാന. ഉത്ഥിതനായ യേശുവിനെ നാം കണ്ടുമുട്ടുന്നത് ദിവ്യബലിയിലാണ്. യേശു അപ്പം ആശിർവദിച്ച് മുറിച്ച് അവർക്കു കൊടുത്തപ്പോഴാണല്ലോ എമ്മാവൂസിലേക്കു പോയ ശിഷ്യന്മാരും അവിടുത്തെ തിരിച്ചറിഞ്ഞത്. കുഞ്ഞാടിന്റെ വിവാഹവിരുന്നാണ് വി. കുർബ്ബാന (വെളി. 19:9). അതിൽ ഭാഗഭാഗിത്വം പൂർണ്ണമാകുന്നത് യേശുവിനോട് ചേർന്ന് നമ്മുടെ ജീവിതവും നാം ദൈവത്തിന് സമർപ്പിക്കുകയും യേശു നൽകുന്ന സ്വർഗ്ഗീയ ഭോജ്യം ഭക്ഷിക്കുകയും ചെയ്യുമ്പോഴാണ്.

## പുതു ഞായറാഴ്ചയ്ക്കുശേഷം രണ്ടാം ഞായർ
## യോഹ. 4:31 – 38 (30–04–2023)

**ആത്മീയ ആഹാരം ഭക്ഷിക്കണം:-**

സമരിയാക്കാരി സ്ത്രീയും ശിഷ്യന്മാരും ഭൗതികമായ ആഹാരത്തെപ്പറ്റി സംസാരിച്ചപ്പോൾ യേശു ആത്മീക പോഷണത്തെപ്പറ്റി സംസാരിച്ചു. (4:15, 4:31,33) ശാരീരിക ആത്മീയ ഭക്ഷണക്രമം വിശ്വാസിക്ക് ആവശ്യമാണ്. ശാരീരിക ഭക്ഷണം ശരീരത്തിന് ആവശ്യമായിരിക്കുന്നതുപോലെ ക്രിസ്തീയ ജീവിതത്തിന് ആത്മാവിനുള്ള ക്രമമായ പോഷണം അത്യന്താപേക്ഷിതമാണ്. മായമില്ലാത്ത വചനമായ പാൽകുടിച്ച് ക്രിസ്തു എന്ന തലയോളം വളരാൻ പത്രോസ്ശ്ലീഹ പറയുന്നു. 1.കൊരി.3:2, ആവർ ത്തനം 8:3, സങ്കീ.119:103 എന്നീ വേദഭാഗങ്ങളെല്ലാം ആത്മീക ആഹാരത്തെക്കുറിച്ചു പറയുന്നു. വി. കുർബ്ബാന ആത്മീക യാത്രാഭക്ഷണമാണ്.

**നമ്മുടെ രക്ഷയ്ക്കായുള്ള ആഗ്രഹമാണ് യേശുവിന്റെ വിശപ്പ്: -**

എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്തു അവന്റെ പ്രവർത്തി തികയ്ക്കുന്നതു തന്നെ എന്റെ ആഹാരം. നഷ്ടപ്പെട്ടവരെ രക്ഷിക്കാനുള്ള നല്ല ഉദ്ദേശമാണ് അയച്ചവന്റെ ഇഷ്ടം (യോഹ. 3:16). മനുഷ്യരാശിയുടെ രക്ഷയെ അവൻ തന്റെ ആഹാരം എന്ന് വിളിക്കുമ്പോൾ നാം രക്ഷിക്കപ്പെടണമെന്ന തന്റെ വലിയ ആഗ്രഹം കാണിക്കുന്നു. നമ്മുടെ രക്ഷയ്ക്കായുള്ള അവന്റെ ആഗ്രഹം ഭക്ഷണത്തോടുള്ള നമ്മുടെ ആഗ്രഹംപോലെ വലുതാണ് എന്ന് സ്വർണ്ണനാവുകാരൻ വി. ഈവാനിയോസ് പറയുന്നു. യേശുവിന്റെ പീഡാനുഭവം, കുരിശുമരണം, ഉത്ഥാനം ഇവ വഴി മാനവകുലത്തിനു രക്ഷ സാധിതമായി. പക്ഷേ ഇത് വ്യക്തിഗതമാക്കേണ്ടതുണ്ട്. യേശുവിന്റെ വിശപ്പ് നമ്മുടെ രക്ഷ ആകുമ്പോൾ അവനെ പിൻ പറ്റുന്നവരുടെയും വിശപ്പ്, ഇതുപോലെ നമ്മുടെ ചുറ്റുമുള്ളവരെക്കൂടി ഈ രക്ഷയുടെ അനുഭവത്തിലേക്ക് കൊണ്ടുവരിക എന്നുള്ളതാണ്.

## പുതു ഞായറാഴ്ചയ്ക്കുശേഷം മൂന്നാം ഞായർ
## യോഹ. 6:47 – 58 (07–05–2023)

ജീവന്റെ അപ്പമെന്നതിനെക്കുറിച്ച് വിശദമായി സംസാരിക്കുന്നു. നശിച്ചുപോകുന്ന ആഹാരത്തിനുവേണ്ടിയല്ല നിത്യജീവന് ഉപകരിക്കുന്ന ആഹാരത്തിനുവേണ്ടി യത്നിക്കണമെന്നും, അത് മോശയല്ല തരുന്നതെന്നും പിതാവായ ദൈവമാണ് സാക്ഷാൽ സ്വർഗ്ഗത്തിൽ നിന്നുള്ള അപ്പം നൽകുന്നതെന്നും യേശു പഠിപ്പിക്കുന്നു.

**ആത്മാവിനെ പരിപോഷിപ്പിക്കണം:-**

എന്താണ് ജീവന്റെ അപ്പം? അതിന്റെ പ്രത്യേകത എന്താണ്? അപ്പം ജീവനെ പരിപോഷിപ്പിക്കുന്നതാണ്. എന്നാൽ ലൗകിക ആഹാരം നശിച്ചുപോകുന്ന ശാരീരിക ജീവനുമാത്രം ഉപകരിക്കുന്നു. താൻ നൽകുന്ന അപ്പം ശരീരത്തിന്റെ നിലനിൽപ്പിനല്ല ആത്മാവിന്റെ നിലനിൽപ്പിനുപകരിക്കുന്നതാണ്. രണ്ടു വിധത്തിലുള്ള ആഹാരമുണ്ടെന്നും രണ്ടിന്റെയും പ്രവർത്തനം രണ്ടു വിധത്തിലാണെന്നും ഈ പ്രസ്താവം വ്യക്തമാക്കുന്നു. ശരീരത്തോടു ബന്ധപ്പെട്ട ഒരു ജീവനും ആത്മാവിനോടു ബന്ധപ്പെട്ട മറ്റൊരു ജീവനും ഉണ്ട്. ശരീരത്തിനും ആത്മാവിനും മരണം സംഭവിക്കാം. തോട്ടത്തിന്റെ നടുവിൽ നിൽക്കുന്ന വൃക്ഷത്തിന്റെ ഫലം തിന്നുന്ന നാളിൽ മരിക്കും എന്നു പറഞ്ഞിരിക്കുന്നത് ആത്മമരണത്തെക്കുറിച്ചാണ്. ശാരീരിക മരണം അനിവാര്യവും ആത്മമരണം ഒഴിവാക്കാവുന്നതുമാണ്. ആത്മാവിനെ പരിപോഷിപ്പിച്ച് മരണത്തിൽനിന്ന് മോചനം നൽകുന്ന അപ്പമാണ് ജീവന്റെ അപ്പം. ആഹാരത്തിലൂടെ കടന്നുവന്ന മരണത്തെ ആഹാരത്തിലൂടെ അതിജീവിക്കുന്നു. എന്നാൽ ഈ അപ്പം വിശപ്പിന്റെയും ദാഹത്തിന്റെയും ശാശ്വത പരിഹാരമാകുമെങ്കിൽ രണ്ടു കാര്യങ്ങൾ ആവശ്യമാണെന്ന് കർത്താവ് പഠിപ്പിക്കുന്നു.

1) കർത്താവിന്റെ അടുക്കൽ വരികയും 2) അവനിൽ വിശ്വസിക്കുകയും ചെയ്യണം. അപ്പം തരുന്നത് കർത്താവാകയാൽ അവന്റെ അടുക്കൽ ചെല്ലണം. കർത്താവിനോടൊപ്പം വിജന പ്രദേശത്തായിരുന്നവരെയാണ് അപ്പത്താൽ തൃപ്തിപ്പെടുത്തിയത്. കർത്താവാണ് വഴിയും സത്യവും ജീവനുമെന്ന് വിശ്വസിക്കുകയും വേണം. എന്നിൽ വിശ്വസിക്കുന്നവന്റെ ഉള്ളിൽനിന്ന് ജീവജലനദി ഒഴുകും. എന്നിൽ വിശ്വസിക്കുന്നവൻ, ഒരു നാളും മരിക്കയില്ല. പരി. സഭ പിതാക്കന്മാർ അവനിൽ അടിയുറച്ചു വിശ്വസിച്ചു ആത്മാവിനെ പരിപോഷിച്ച് വിശുദ്ധിയുടെ പടവുകൾ കയറി. പരിശുദ്ധന്മാരുടെ പ്രുമിയോൻ സെദറയിൽ ഇങ്ങനെ കാണുന്നു. "തന്റെ ശരീരത്തെ ക്ഷീണിപ്പിച്ച് ആത്മാവിനെ പരിപോഷിപ്പിച്ച വിജ്ഞാനി". നമുക്ക് ലൗകികമോഹങ്ങളെ വെടിഞ്ഞ് ആത്മാ

വിനെ പരിപോഷിപ്പിക്കാൻ യേശുവിൽ ഉള്ള വിശ്വാസത്താലും, വചനത്താലും, കൂദാശപരമായും സാധിക്കണം.

### പുതു ഞായറാഴ്ചയ്ക്കുശേഷം നാലാം ഞായർ
**ലൂക്കോ. 9:51 – 62** (14-05-2023)

യേശുവിന്റെ ആരോഹണകാലം എത്തിയപ്പോൾ അവൻ യെരുശലേമിലേക്കു യാത്രയാക്കാൻ തീരുമാനിച്ച് ശമര്യവഴിയായി പോകുന്നതാണ് പാഠഭാഗം. അതോടൊപ്പം യേശു ശിഷ്യത്വത്തിലേക്ക് ആളുകളെ വിളിക്കുന്നതും അവർ ഒഴിഞ്ഞു മാറുന്നതും ഈ വേദഭാഗത്ത് കാണാൻ സാധിക്കും.

**ക്രിസ്തുവിന്റെ ശിഷ്യത്വം വഹിക്കുക: –**

യേശു യെരുശലേമിലേക്ക് പോകുമ്പോൾ ശമര്യയുടെ ഗ്രാമത്തിൽ ശമര്യർ അവനെ കൈക്കൊള്ളാതെ പോകുന്ന അവസരത്തിൽ യാക്കോബും, യോഹന്നാനും ചോദിക്കുന്നു, ഏലിയാവ് ആകാശത്തിൽനിന്നും തീ ഇറക്കിയതുപോലെ പറയട്ടെ എന്ന് ചോദിക്കുന്നു. യാക്കോബും യോഹന്നാനും ഇത് പറയട്ടെ എന്ന് ചോദിക്കുന്നതുകൊണ്ട് അവർക്ക് അതിനുള്ള അധികാരം ഉണ്ട് എന്നും അത് പ്രയോഗിക്കാൻ യേശുവിനോടു അനുവാദം ചോദിക്കുന്നതും കാണുന്നതിലൂടെ തങ്ങളെ കൈക്കൊള്ളാത്തവരെ നശിപ്പിക്കുവാൻ നിൽക്കുന്ന ശിഷ്യന്മാരെ കാണുന്നത്. യേശു അവരെ ശാസിക്കുന്നു നിങ്ങൾക്ക് അതിനുള്ള അധികാരം ലഭിച്ചിട്ടുണ്ട്. എന്നാൽ അവർ ആരുടെ അനുയായികൾ എന്നത് മറന്നുപോയി. അവർക്ക് ലഭിച്ച കഴിവ് സംഹാരത്മായി വിനിയോഗിക്കുവാൻ അവർ ശ്രമിക്കുന്നു. ശത്രുവിനെ ദ്വേഷിക്കരുത് എന്നു പഠിപ്പിച്ചതു മറന്നുപോകുന്നു. ക്രിസ്തുവിന്റെ ശിഷ്യന്മാർ എങ്ങനെ ആയിരിക്കണം എന്ന് യേശു പഠിപ്പിക്കുന്നതും തന്റെ ആഗമന ഉദ്ദേശം അവരെ ഓർമ്മിപ്പിക്കുന്നതുവഴി നാം നമ്മുടെ കഴിവുകളും മറ്റും സ്വന്തം ഇഷ്ടത്തിനു ഉപയോഗിക്കാതെ യേശു കാണിച്ച മാതൃകയിൽ പിൻപറ്റി അവന്റെ ശിഷ്യത്വം വഹിക്കാൻ സാധിക്കണം.

**ശിഷ്യത്വത്തിനു വില നൽകാൻ സാധിക്കണം:–**

ലൂക്കോസ് 9:57-62 –ൽ വരെ ശിഷ്യത്വം നിരസിച്ച മൂന്നു വ്യക്തികളെപ്പറ്റിയാണ് പറയുന്നത്. ഇവർ പറയുന്ന മൂന്ന് കാരണങ്ങൾ സ്വത്ത്, കുടുംബം, വേല എന്നിവയാണ്. കല്യാണ വിരുന്നിലേക്കുള്ള ക്ഷണം നിരസിച്ചവരും ഈ മുന്ന് ഒഴിവു തന്നെയാണ് പറയുന്നത്. 14:16-24 സ്വത്ത്, കുടുംബം, തൊഴിൽ എന്നിവയാണ് ജീവിതത്തിലെ ഏറ്റവും അത്യന്തികമായ ബാധ്യതകൾ. എങ്കിലും അതിലും വലുതാണ് ശിഷ്യത്വം. ഇവയെ മാറ്റിക്കളയണം എന്നല്ല; തന്റേതായ ഉത്തരവാദിത്വം നിറവേറ്റുകതന്നെ വേണം. എന്നാൽ യേശുവിന്റെ പാതയെ പിൻപറ്റുവാൻ ഇവ തടസ്സമായി കൂടാം. ശിഷ്യത്വത്തിന്റെ വലിയ വില ഇവിടെ സൂചിപ്പിക്കുന്നു. ഏതു വിലകൊടുത്തും ദൈവരാജ്യത്തിന് അർഹരായ നല്ല ശിഷ്യന്മാരായി നിലനിൽക്കാം. ●

## ശുഭചിന്തകൾ

**വേദനിപ്പിക്കാൻ ആയിരം പേർ ഉണ്ടായിക്കൊള്ളട്ടെ,**
**സമാധാനിപ്പിക്കാൻ ഒരാൾ ഉണ്ടായാൽ മതി –**
**തളരാതെ ജീവിതത്തിൽ മുന്നേറാൻ.**
**മറ്റുള്ളവർക്ക് ഒരു സാന്ത്വനമാവാൻ**
**നമുക്കു ശ്രമിക്കാം.**



## യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ

**പരി. ദൈവമാതാവിന്റെ ഉപകാരസ്മരണ**
**ഷെറി, കുറിച്ചി**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, കുറ്റൂർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, നീലംപേരൂർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
വി. യൂദാശ്ലീഹായുടെ മദ്ധ്യസ്ഥ പ്രാർത്ഥനയാൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ.
**ഒരു വിശ്വാസി, കുറ്റൂർ**

**യൂദാശ്ലീഹായ്ക്ക് ഉപകാരസ്മരണ**
**ലൗലി തിരുവല്ല**
**ഒരു വിശ്വാസി, കോട്ടയം**
**നോയൽ, മാമ്പുഴക്കരി**
**ഒരു വിശ്വാസി, മലബാർ**

## ക്നാനായ വനിതാ സമാജം ചിങ്ങവനം മേഖല



ക്നാനായ വനിതാ സമാജം ചിങ്ങവനം മേഖല പുതിയ ഭാരവാഹികൾ സമുദായ മെത്രാപ്പോലീത്ത അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനിയോടൊപ്പം. ഫാ. ജേക്കബ് കല്ലുകുളം (പ്രസിഡണ്ട്), ഫാ. പി. ഒ. ഏലിയാസ് പാറക്കുളം (വൈസ് പ്രസിഡണ്ട്), റവ. സി. മരിയ (വനിതാ സമാജം പ്രസിഡണ്ട്), സെൽമാ ജോസ് പെരുമാച്ചേരിൽ (സെക്രട്ടറി), ഓമന സാബു മഠത്തിപ്പറമ്പിൽ (ട്രഷറർ), ജെസ്സി ചാക്കോ ഇടമംഗലം (ജോ. സെക്രട്ടറി), ഷൈനി കുന്നുതറ (ex-സെക്രട്ടറി), ആലീസ് കോലത്ത് (ex-ട്രഷറർ).




## എലുമ്പിച്ച കാലുകൾ

ഒരു കലമാൻ തടാകക്കരയിൽ വെള്ളം കുടിക്കുവാൻ ചെന്നു. ശാന്തമായ ജലം. അതിൽ നീലാകാശം നിഴലിച്ചു കാണപ്പെട്ടു. ഒപ്പം തന്റെ നിഴലും.

വെള്ളം കുടിക്കാനാണു വന്നതെങ്കിലും കലമാനിന്റെ ശ്രദ്ധ മാറിപ്പോയി. പ്രകൃതിഭംഗി നുകർന്ന ശേഷം അത് സ്വന്തം നിഴലിനെ നോക്കി.

'എത്ര മനോഹരമായ, കരുത്തുറ്റ കവരങ്ങളോടുകൂടിയ, കൊമ്പുകളാണ് ദൈവം തനിക്ക് നൽകിയിട്ടുള്ളത്.' കലമാൻ സ്വയം പറഞ്ഞു: 'പക്ഷേ, എലുമ്പിച്ച ഈ കാലുകൾ കണ്ടില്ലേ; കിരീടത്തിനും രാജാവിനും, ചേരാത്ത സിംഹാസനം പോലെ.'

ചിന്തയിൽ മുഴുകിയ കലമാനിന്റെ നാസാദ്വാരങ്ങൾ അപകട സൂചന കിട്ടി വിടർന്നു. ഉടനെ അത് ഓട്ടവും തുടങ്ങി. പുറകെ ഓടുന്നത് ഒരു സിംഹമാണ്. മാനിന്റെ എലുമ്പിച്ച കാലുകൾ ശത്രുവിൽനിന്നും സുരക്ഷിതമായ ദൂരത്തിലേക്ക് അതിനെ എത്തിച്ചു കൊണ്ടിരുന്നു. തുറസ്സായ സ്ഥലംവിട്ട് അവൻ മരങ്ങൾ നിറഞ്ഞ കാട്ടിലെത്തി.

പെട്ടെന്നാണു ധാരാളം വേരുകളുള്ള ആൽമരത്തിന്റെ ചുവട്ടിലൂടെ മാനിന്റെ ഓട്ടം തിരിഞ്ഞത്. അപ്പോൾ കവരങ്ങളുള്ള മനോഹരമായ ആ കൊമ്പ് വള്ളിക്കെട്ടു പോലെ തൂങ്ങി നിന്ന ഒരു വേരിൽ ഉടക്കിപ്പോയി. എത്ര ശ്രമിച്ചിട്ടും കൊമ്പുകളെ കുടുക്കിൽനിന്നും വേർപെടുത്താൻ അതിനു കഴിഞ്ഞില്ല.

അപ്പോഴേക്കും വളരെ പിന്നിലായിരുന്ന സിംഹം അവിടെ എത്തുകയും മാനിനെ പിടികൂടുകയും ചെയ്തു. സിംഹത്തിന്റെ പിടിയിലകപ്പെട്ടു മരണത്തോടടുക്കെ കലമാൻ ദുഃഖത്തോടെ ഇങ്ങനെ ഓർത്തു.

'അശക്തമെന്നു തോന്നിയ എലുമ്പിച്ച കാലുകളാണ് എന്നെ എത്രയും വേഗം ശത്രുവിൽനിന്നും ദൂരെ എത്തിച്ചത്. എന്നാൽ, മനോഹരവും ശക്തവും എന്ന് അഭിമാനിച്ച എന്റെ കൊമ്പുകൾ എന്നെ അപകടത്തിലാക്കുകയും ചെയ്തു.

*പ്രത്യക്ഷത്തിൽ അശക്തരെന്നു തോന്നുന്നവരാണ് ആപത്തുവരുമ്പോൾ നമ്മുടെ സഹായത്തിനെത്തുക. നല്ല സ്നേഹിതരെന്നു നാം ആരെക്കുറിച്ച് അഭിമാനിച്ചുവോ, അവർ നമ്മെ അപകടപ്പെടുത്തിയെന്നും വരാം.*

*സസ്നേഹം കൊച്ചേട്ടൻ*

## ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

### ഏപ്രിൽ മാസത്തിലെ ചോദ്യങ്ങൾ

1. ബേർശേബ മരുഭൂമിയിൽ ഉഴന്നു നടന്നവൾ ആര്?
2. കഴുതയുടെ പച്ചത്താടിയെല്ലുകൊണ്ട് ആയിരം ഫെലസ്ത്യരെ കൊന്നവനാര്?
3. 'സർവ്വ ഭൂമിയുടെയും ചുറ്റിക' എന്നു വിശേഷിപ്പിച്ചിരിക്കുന്ന രാജ്യം ഏത്?
4. എത്ര സംവത്സരമായി രക്തസ്രാവമുള്ള സ്ത്രീയെയാണു യേശു സൗഖ്യമാക്കിയത്?
5. ലൂക്കോസിന്റെ സുവിശേഷം ആരെ അഭിസംബോധന ചെയ്ത് എഴുതിയതാണ്?
6. കയ്യഫാവും ഹന്നാവും തമ്മിലുള്ള ബന്ധം എന്ത്?
7. തല കീഴായി വീണു നടുവെ പിളർന്നു പോയവൻ ആര്?
8. ഒന്നു കുറയെ നാല്പതു അടി പൗലോസ് എത്രവട്ടം കൊണ്ടു?
9. ഫിലിപ്പിയർക്കുള്ള ലേഖനം എഴുതിയതാരെല്ലാം?
10. തിമോഥെയോസിന്റെ അമ്മയുടെ പേരെന്ത്?

### മാർച്ച് മാസത്തിലെ ഉത്തരങ്ങൾ

1. യഹൂദ്യ മരുഭൂമിയിൽ (മത്തായി 3:1)
2. ശീമോന്റെ അമ്മായിയമ്മയെ (മർക്കോ. 1:30–31)
3. സെഖര്യാവ് (ലൂക്കോ. 1:11–12)
4. ആറ് (യോഹ. 2:6)
5. ഗലീലയിലേക്ക് (യോഹ. 4:43)
6. യൂദാ (അപ്പൊ. പ്ര. 1:18)
7. പത്രോസ് (അപ്പൊ.പ്ര. 10:14)
8. പൗലോസ് (റോമ.. 1:16)
9. കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്കണം.
10. ക്ലേമന്ത് (ഫിലിപ്പി. 4:3)

## ക്നായിതോമ പ്രാർത്ഥനായോഗം

പൂവൻതുരുത്ത്: ക്നായിതോമ പ്രയർ ഫെലോഷിപ്പിന്റെ പ്രാർത്ഥനായോഗം കറ്റോട് സെന്റ്മേരീസ് പള്ളി ഇടവക അംഗം കൈലാത്തു ശ്രീ. ബിനോയിയുടെ പൂവൻതുരുത്ത് സ്ക്കൂളിന് സമീപം ഉള്ള ഭവനാങ്കണത്തിൽ വച്ചു ഏപ്രിൽ മാസം 30 ഞായർ വൈകുന്നേരം 6.30 ന് നടത്തുന്നു. റവ. ഫാ. ജയിംസ് ജേക്കബ് തോടത്തിൽ മുഖ്യ സന്ദേശം നൽകു ന്നതാണ്. ക്നായിതോമ പ്രയർ ഫെലോഷിപ്പ് വൈസ് പ്രസിഡന്റ് റവ.ഫാ. സി.സി. ഏലിയാസ് കട്ടയിൽ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകും.




*Thank you Lord. It is not on our merits but on Thy grace*

## Happy 50th Wedding Anniversary

**30-04-2023**



# P.U.Chacko & Rosamma Chacko

**Plamkoottathil, Karapuzha, Kottayam-686003**

With Best Wishes from

Joseph Chacko (Tito), Bindumol, Aaron Jacob Joseph, John Chacko (Tijo), Geethu, Helza Elezabeth John, Jake Jacob John and all family members.

Advt - O

# ST MARK'S KNANAYA CHURCH

## BASINGSTOKE HAMPSHIRE, UNITED KINGDOM

### MANAGEMENT COMMITTEE



Trustee: **Abymon Jacob**
Nochumannil house, Ranny.



President, Vicar
**Rev. Fr. Nidhin Sunny**
Vallapurackal house, Kallisery.



Secretary: **Jomon Abraham**
Elampuraydathil house, Ranny



**Manoj Kuriakose**
Anayattil house, Kallissery.



**Sijo Jacob**
Kunnutharayil house, Chingavanam



**Philipkutty K S**
Kondoor house, Chingavanam



**Manoj Abraham**
Valadithara house
Mulakkamthuruthy



**Thomas kaitholil**
kaitholil House
Eraviperoor



**Alvin Aby Jose**
Kochupurackal House, Thiruvanvandoor



**Honey Kuriakose**
Thoppil house, Thiruvanvandoor.



Auditor: **Tonny kunnel**
Kunnel house, kurichy.



Safeguarding & K.Y.A Mentor: **Dr Schibin Thampy**
Mundakapadam House, Kottayam.



Sunday school headmis-tresses: **Sajini Philip**
Kondoor house, Chingavanam.



Vanitha Samajam Secretary: **Mini Aby Jose**
Kochupurackal House, Thiruvanvandoor.



Vanitha Samajam Joint Secretary: **Jayamole Aby**
Nochumannil house, Ranny.

Advt - O



K.Y.A Lead: **Beyan Schibin**
Karikompil House, Ranny.



K.Y.A Coordinator **Lena Aby**
Nochumannil house, Ranny.



K.Y.A Coordinator **Jesna Jomon**
Elampuraydathil house, Ranny.

കർത്താവിൽ പ്രിയരെ,
അറിയിപ്പുകാരനായ വിശുദ്ധ മാർക്കോസ് ഏവൻഗേലിസ്ഥയുടെ നാമത്തിൽ ഹാംഷെയറിലെ ബെസിംഗ്സ്റ്റോക്കിലുള്ള ക്നാനായ ഇടവകയുടെ വലിയപെരുന്നാൾ 2023 മെയ് മാസം 28 ഞായറാഴ്ച്ച ഭക്ത്യാദരവോടുകൂടി നടത്തുവാൻ ദൈവത്തിൽ ശരണപ്പെടുന്നു. വിശുദ്ധ കുർബാനയിലും റാസയിലും ആദ്യഫല ലേലത്തിലും അനുബന്ധ ചടങ്ങുകളിലേക്കും എല്ലാ വിശ്വാസികളെയും കർത്തൃനാമത്തിൽ ഹാർദ്ദവമായി സ്വാഗതം ചെയ്യുന്നു

[illegible]

**28 May 2023**

1:15 PM Flag Hoisting
1:30 PM Morning Prayers
2:00 PM Holy Qurbana:
Fr Eldhose Koungampillil (London)

3:45 PM Procession and Benediction
4:15 PM Agape meal
4:45 PM Harvest Festival
5:30 PM Lowering of the flag

Contact: Rev. Fr. Nidhin Sunny - 00447426486756

Address: St Mark's Church, Kempshott, Homesteads Rd, Basingstoke RG22 5LQ



**Happy**
**40th Wedding Anniversary**
1/5/2023

## Mr. T. J. Jacob & Ammini Jacob

**Thundiyil House,**
**Malakunnam**

Advt - O

Best regards:
Jaison, Jinson, Janson, Josy,
Akku, Anju
Esther, Evania, Eleazar & Eaden

## 40 – ാം ചരമദിനം

14 – 4 – 2023



Advt - S

## പ്രിറ്റി നിതിൻ

**ചേന്നങ്ങാട്ട്, വാകത്താനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 1 – ാം ചരമവാർഷികം

19 – 4 – 2023



Advt - R

## T.S. കുറിയാക്കോസ്

**തെക്കേപ്പറമ്പിൽ**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 1st Death Anniversary

16-4-2023



## E.I. Abraham (Pappachan)

Elakuttoor Kizhakethil

West Othera

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 2-ാം ചരമവാർഷികം

28-04-2023



## പി.സി. തോമസ് (സക്കായി)

ഐക്കാട്ട് മാളിയേക്കൽ

ചെറുകുളഞ്ഞി - റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

# 3rd DEATH ANNIVERSARY

12.4.2023



In loving memory of

## DR. JACOB THOMAS (83)

(KUNJUMON)

Padinjarepurackal,Kallissery

1937 - 2020

*I am the resurrection and the life. He who believes in me will live, even though he dies; and whoever lives and believes in me will never die. JOHN 11:26*

*By Sorrowing family...*

# 1st Death Anniversary | 26th Death Anniversary

25-04-2023 | 06-02-2023



## Ammukutty Thomas | T Thomas (Jose)

Puthuchira House,

Edakkulam

By Sorrowing Family

Advt - O

## 35-ാം ചരമവാർഷികം
30.07.2023



**ടി.ഒ. കുര്യാക്കോസ്**
02.03.1935 - 30.07.1988

## 40-ാം ചരമദിനം
25.04.2023



**നെയ്ത്താമ്മ കുര്യാക്കോസ്**
25.01.1938 - 17.03.2023

**തട്ടാനിയത്ത്, രാമമംഗലം**

" കർത്താവേ! നിൻ രക്തഭരിതങ്ങൾ-കൈകൊണ്ട്
രക്തരായി മദിച്ചോർക്കുവുള്ളതോ....നല്ലോർമ്മ
നിന്റെ മഹത്വമുദി-ക്കും-നാൾ
നിൽക്കണമവൻ വലഭാ-ഗ-ത്തിൽ "

KPB ഹൗസ്, ലിസ്സി കോൺവെന്റ് റോഡ്,
എറണാകുളം

Advt - O



"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

## 40th DAY OF DEMISE
**31-03-2023**

# M.K. KURIAN
(Rajan Sir)

(Rt. Teacher St. Thomas High School, Vechoochira)

**Mattakkattu House, Vechoochira**

**Wife - Leelamma Kurian**
Children - Beena, Meena, Binoy, Binu
Sons-in-law - Pradeep, Tiby
Daughters-in-law - Sindhu, Manju
Grand Children - Rohith, Rahul, Kevin, Caren
Josh, Jaise, Geoffrey, Jake

Advt -S



## 12 –ാം ചരമവാർഷികം

19 – 04 – 2023

## സി. എ. ചാക്കോ (ഫിലിപ്പ്)

തുണ്ടിയിൽ, കുറ്റൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Advt - S

*സന്തപ്ത കുടുംബാംഗങ്ങൾ*

## 13 –ാം ചരമവാർഷികം

31 – 03 – 2023



## എം. എ. ഉണ്ണിട്ടൻ

(കുഞ്ഞപ്പൻ)

## 5 –ാം ചരമവാർഷികം

6 – 04 – 2023



## അമ്മിണി ഉണ്ണിട്ടൻ

## മാരങ്കേരിൽ, വെളിയനാട്

"നിന്റെ മഹത്വമുദിക്കുംനാൾ നിൽക്കണമിവർ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -G

## 17th Birthday in Heaven

**26-4-2023**



Advt - S

## Prince Thomas Chacko

**Elmont, New York, U.S.A**

**(Ammanathu, Kattode)**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

Your Loving Family & Friends

## 15 –ാം ചരമവാർഷികം

**07 – 03 – 2023**



## മാത്തൻ ഏബ്രഹാം (പാപ്പച്ചൻ)

**കടയ്ക്കേത്ത് പുന്നമൂട്ടിൽ, റാന്നി**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*ഭാര്യ അന്നമ്മ ഏബ്രഹാം*

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, കൊച്ചുകൊച്ചുമക്കൾ*

Advt -S

## 1 –ാം ചരമവാർഷികം

**18 – 4 – 2023**



Advt - R

## ചെറിയാൻ ചാക്കോ (കുട്ടച്ചൻ)

**ആയിരംതൈക്കൽ, വാകത്താനം**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

**30 – 04 – 2023**



Advt - O

## ചിന്നമ്മ ഏബ്രഹാം

**പ്ലാമ്പറമ്പിൽ, കുറിച്ചി**

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## 40 – ാം ചരമദിനം

21 – 04 – 2023



Advt -S

## അന്നാമ്മ കുര്യൻ

നടുവിലേപ്പറമ്പിൽ, കാവാലം

“നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൾ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

## 40th Day of Demise

25-04-2023



Advt - O

## Achamma Abraham

Kodinjoor house, Kaviyoor

സന്തപ്ത കുടുംബാംഗങ്ങൾ

| 1 – ാം ചരമവാർഷികം | 8 – ാം ചരമവാർഷികം |
|---|---|
| 29- 04 -2023 | 19- 12 -2023 |



## ജോയി പുന്നൂസ് കുഞ്ഞമ്മ ജോയി

ചെരിക്കലേത്ത്, ഐത്തല, റാന്നി

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ നിന്നുടെ
സൃഷ്ടിയെ നീ പുതുതാക്കീടണമെ”

Advt - S

സന്തപ്ത കുടുംബാംഗങ്ങൾ

## 7 – ാം ചരമ വാർഷികം

29 – 04 – 2023



Advt - S

## സണ്ണി ഏബ്രഹാം

കല്ലംപറമ്പിൽ, റാന്നി (**Boston**)

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

സന്തപ്ത കുടുംബാംഗങ്ങൾ



കഴിഞ്ഞ ലക്കം തുടർച്ച

# മാതൃകാ കുടുംബജീവിതം ദൈവശാസ്ത്ര മനഃശാസ്ത്ര വീക്ഷണത്തിൽ

**ഫാ. ഡോ. ജയിംസ് തോടത്തിൽ**
(ഡയറക്ടർ, ക്നാനായ ഫാമിലി ഡയറക്ടറേറ്റ്)

**2. സത്യം**

സത്യത്തിൽ അധിഷ്ഠിതമായ ജീവിതത്തിന് അടിത്തറയിടുന്ന മാതാപിതാക്കളെ അവരുടെ മക്കൾ ഒരിക്കലും മറക്കുകയില്ല, ഉപേക്ഷിക്കുകയുമില്ല. താൽക്കാലിക നേട്ടങ്ങൾക്കുവേണ്ടി മക്കളെ ഉപയോഗിച്ച് കള്ളങ്ങൾ പറയുകയും സത്യം വളച്ചൊടിക്കുകയും ചെയ്യുന്ന മാതാപിതാക്കൾ മക്കൾക്ക് വിപരീത സാക്ഷ്യമാണ്. എന്ത് നഷ്ടം വന്നാലും സത്യംവിട്ട് പ്രവർത്തിക്കുകയില്ലെന്ന് കുട്ടികളെക്കൊണ്ട് പ്രതിജ്ഞ എടുപ്പിക്കണം. തൽക്കാലത്തേക്കുണ്ടാകുന്ന നഷ്ടങ്ങൾ പിൽക്കാലത്ത് വലിയ നേട്ടങ്ങളിലേയ്ക്ക് നയിക്കും. സത്യസന്ധമായ ഉറച്ച നിലപാടുകൾ കൈക്കൊള്ളുവാൻ കുട്ടികളെ പ്രബോധിപ്പിക്കണം.

ചെറിയ പ്രായത്തിൽ കള്ളം പറയുന്നതിന് കുട്ടികൾക്ക് ബുദ്ധിമുട്ടില്ല. എന്നാൽ ആ പ്രായത്തിൽ തന്നെ കള്ളംപറയുന്നത് പാപമാണെന്നും തെറ്റാണെന്നും ബോധ്യപ്പെടുത്തുവാൻ കഴിയുന്നതാണ് മാതാപിതാക്കളുടെ വിജയകരമായ പേരന്റിംഗ്. നിസ്സാര കാര്യങ്ങൾക്കുവേണ്ടിപ്പോലും കുട്ടികൾ കള്ളം പറയും. അവരുടെ മനസ്സിൽ സത്യസന്ധതയുടെ പ്രാധാന്യം എത്തിക്കേണ്ടത് മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ്. കൗമാരകാലത്ത് കള്ളം പറയാൻ അല്പം സന്ദേഹം ഉണ്ടാകും. എന്നാൽ അടിസ്ഥാനപരമായി നല്ല ബോധ്യങ്ങൾ ലഭിച്ചു വളരുന്ന കുട്ടികൾ കള്ളം പറയാൻ മടിക്കും. അതുകൊണ്ട് സത്യസന്ധതയുടെ പാഠം ചെറുപ്രായത്തിൽ തന്നെ കുഞ്ഞുങ്ങളെ പഠിപ്പിക്കണം.

ലോകത്തിന്റെ നെറുകയിൽ എത്തിയിട്ടുള്ള ജനനേതാക്കന്മാരെല്ലാവരും സത്യത്തിന്റെ പാതയിൽ നടത്തപ്പെട്ടവരാണ്. സത്യം പറഞ്ഞതിന്റെ പേരിൽ വലിയ നഷ്ടങ്ങൾ നേരിട്ടവരാണ്. എന്നാൽ ഇന്നും അവരുടെ സത്യസന്ധതയുടെ മുൻപിൽ ലോകം തല വണങ്ങി നിൽക്കുന്നു.

എന്റെ ചെറിയ പ്രായത്തിൽ വായിച്ചിട്ടുള്ള ഒരു കഥ പറയാം.

